ISSN 2582-2764

# അറിവോരം



ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 2 | Issue 1 | Bimonthly | February 2022 | Thiruvananthapuram | Page 20 | Price ₹10

» 04 സബ്ജക്ട് കമ്മിറ്റികളുടെ ചെയർമാൻമാരായി എം.എൽ.എമാരെ തന്നെ നിയമിക്കണം

» 05 പ്രിയപ്പെട്ട പി.ടി

» 19 വികസനത്തിന് കരുത്തേകാൻ കെ-റെയിൽ

**സഭാധ്യക്ഷന്റെ പേജ്**



## മാതൃഭാഷയും ജനാധിപത്യവും

എം.ബി. രാജേഷ്
സ്പീക്കർ

ഒന്നാം കേരള നിയമസഭയുടെ (1957-1959 ) 1958 ലെ ആദ്യ സമ്മേളനത്തിൽ മാർച്ച് 19 ലെ നക്ഷത്ര ചിഹ്നമിട്ട 358 ാം നമ്പർ ചോദ്യം ഇംഗ്ലീഷിലാണ് ചോദിച്ചത്. ബന്ധപ്പെട്ട മന്ത്രി അതിന് ഇംഗ്ലീഷിൽ ഉത്തരവും നൽകി. അതേ ദിവസം മറ്റൊരു ചോദ്യം ഇംഗ്ലീഷിലായിരുന്നു. അതേ അംഗം തന്നെ ഉപചോദ്യങ്ങൾ മലയാളത്തിൽ ചോദിച്ചു. മന്ത്രി മലയാളത്തിൽ ഉത്തരവും നൽകി. ഇംഗ്ലീഷിൽ ചോദിച്ച ചോദ്യങ്ങൾക്ക് മന്ത്രി മലയാളത്തിൽ മറുപടി പറയുന്ന ഉദാഹരണങ്ങളും പഴയ നിയമസഭാ നടപടികൾ പരിശോധിച്ചാൽ കാണാൻ കഴിയും. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ 1920 ഏപ്രിൽ ഏഴിന് എം. സുബ്രഹ്മണ്യപിള്ള ഉന്നയിച്ച ആദ്യത്തെ ചോദ്യവും ഇംഗ്ലീഷിലായിരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്. 100 വർഷങ്ങൾക്കിപ്പുറം കേരള നിയമസഭയിൽ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ നിന്നുള്ള അംഗങ്ങൾ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾ ഒഴികെ മറ്റെല്ലാ ചോദ്യങ്ങളും ഇപ്പോൾ മാതൃഭാഷയായ മലയാളത്തിലാണ്.

സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവരും അവരോട് നിരന്തരം സംസാരിച്ചും ഇടപഴകിയും പരിചയമുള്ളവരുമാണ് നിയമനിർമ്മാണ സഭകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാറുള്ളത്. അവർ ജനങ്ങളുടെ ഭാഷയിൽ തന്നെ സഭയിൽ ആശയവിനിമയം നടത്തുന്നതാണ് ജനാധിപത്യത്തിന് അനുയോജ്യം. അത് ഏറെക്കുറെ യാഥാർഥ്യമായിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എം എൽ എ മാർ അതതിടങ്ങളിലെ ഭാഷയിൽ ചോദ്യം ചോദിക്കുകയോ പ്രസംഗിക്കുകയോ വിഷയങ്ങൾ അവതരിപ്പിക്കുകയോ ചെയ്യുന്നത് കീഴ്വഴക്കമാണ്. അതൊഴികെ മാതൃഭാഷയുടെ സാർവത്രികമായ ഉപയോഗം നമ്മുടെ നിയമസഭയിൽ യാഥാർഥ്യമായിക്കഴിഞ്ഞു. ഭരണ രംഗത്തും മലയാളത്തിന്റെ ഉപയോഗം നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ ഫലമായി 2017 മെയ് ഒന്ന് മുതൽ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സെക്രട്ടേറിയറ്റ്, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭരണഭാഷ പൂർണമായും മലയാളമായിരിക്കണമെന്നും കത്തിടപാടുകൾ മലയാളത്തിൽ തന്നെയാകണമെന്നും നിഷ്കർഷിച്ചു. 2017 ൽ കേരള നിയമസഭ പാസ്സാക്കിയ മലയാള ഭാഷാ (നിർബന്ധിത ഭാഷ) നിയമവും പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. ഒന്ന് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ നിർബന്ധമായും മലയാളം പഠിച്ചിരിക്കണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. നിയമം പൂർണമായി നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാനുള്ള സംവിധാനവും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളം എത്രയോ കാലമായി കാത്തിരുന്നതാണ് മാതൃഭാഷക്ക് ലഭിക്കേണ്ട നിയമപരമായ ഈ അംഗീകാരം.

ഭരണഭാഷ മലയാളം എന്നത് അത്ര എളുപ്പത്തിൽ നടപ്പായ ഒന്നല്ല. നമ്മുടെ രാജ്യം സ്വാതന്ത്രമാവുകയും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കുകയും തുടർന്ന് കേരള സംസ്ഥാനം രൂപം കൊള്ളുകയും ചെയ്ത ശേഷവും നമ്മുടെ മാതൃഭാഷയിൽ ഭരണ നടപടികൾ കൊണ്ടുവരാൻ ദശാബ്ദങ്ങൾ തന്നെയെടുത്തു. 1957 ലെ ഇ എം എസ് ഗവണ്മെന്റ് മലയാളം ഭരണഭാഷയാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തുടർന്ന് ഭരണരംഗത്ത് മലയാളം ഉപയോഗിക്കുന്നതിനുള്ള സാധ്യതകളെ കുറിച്ച് പഠിക്കാൻ കോമാട്ടിൽ അച്യുതമേനോൻ അധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചു. സമിതി 1958 ആഗസ്റ്റ് 16 ന് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും തുടർന്ന് സർക്കാർ ഔദ്യോഗിക ഭാഷ നയം പ്രഖ്യാപിക്കുകയും ഭരണഭാഷ മലയാളമാണെന്ന് നിഷ്കർഷിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു. ബഹുജന സമ്പർക്കം ഏറെയുള്ള പഞ്ചായത്ത്, വില്ലേജ് ഓഫീസ് തുടങ്ങി 17 വകുപ്പുകളിൽ നിന്ന് ഇതിന് തുടക്കം കുറിക്കണമെന്ന് സൂചിപ്പിച്ച് ഒരു ശബ്ദകോശത്തിന് രൂപം നൽകി.

ഓഫീസുകളിൽ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് മലയാളം ഭരണഭാഷയായി ഉപയോഗിക്കണമെന്ന് അനുശാസിക്കുന്ന സർക്കാർ ഉത്തരവ് 1965 ഒക്ടോബർ 19 ന് പുറപ്പെടുവിക്കുകയും 1969 ൽ കൊണ്ടുവന്ന കേരള ഔദ്യോഗികഭാഷ (നിയമ നിർമാണം) നിയമം മലയാളമോ ഇംഗ്ലീഷോ കേരളത്തിലെ ഔദ്യോഗികഭാഷയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. പിന്നീട് പല ഘട്ടങ്ങളിലൂടെ ഇഴഞ്ഞുനീങ്ങിയെങ്കിലും ഒടുവിൽ മലയാളം ഭരണഭാഷയായി ജനങ്ങൾക്ക്

*ശേഷം 05 ാം പേജിൽ*

## പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശതാബ്ദി ആഘോഷനിറവിൽ

പാർലമെന്ററി ജനാധിപത്യ ഭരണസംവിധാനത്തിൽ എക്സിക്യൂട്ടീവിന് ലെജിസ്ലേച്ചറിനോടുള്ള അക്കൗണ്ടബിലിറ്റി യഥാവിധി ഉറപ്പാക്കുന്നതിനുള്ള മുഖ്യ ഉപാധി കമ്മിറ്റി സംവിധാനമാണെന്നത് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. എക്സിക്യൂട്ടീവിന്മേലുള്ള നിയന്ത്രണം ഫലപ്രദമായി വിനിയോഗിക്കുവാൻ ലെജിസ്ലേച്ചറിന് കഴിയുന്ന ഒരു ഭരണസംവിധാനത്തിന്റെ പശ്ചാത്തലത്തിലാണ് ജനാധിപത്യം സാക്ഷാത്കരിക്കപ്പെടുക. ജനാധിപത്യ രാജ്യങ്ങളിൽ പാർലമെന്ററി സമിതികളുടെ പ്രാധാന്യം ദിനംപ്രതി ഉയർന്നുവരുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഗവൺമെന്റിന്റെ സാമ്പത്തികവും ഭരണപരവുമായ അധികാരങ്ങളെ നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയാണ് ധനകാര്യ സമിതികളുടെ കർത്തവ്യം.

### പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശതാബ്ദി ആഘോഷവും കേരളവും.

മൊണ്ടേഗു ചെംസ്ഫോർഡ് പരിഷ്കരണ നിർദ്ദേശങ്ങളുടെ ഭാഗമായി ഇന്ത്യയിൽ ബ്രിട്ടീഷ് പാർലമെന്റ് 1919 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് പാസ്സാക്കുകയുണ്ടായി. അതേ തുടർന്ന് രൂപംകൊണ്ട സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ 1921 ൽ ആദ്യ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി.) രൂപീകരിക്കപ്പെട്ടു. ഗവൺമെന്റ് ചെലവിനങ്ങളിന്മേൽ സഭയുടെ നിരീക്ഷണ നിയന്ത്രണ ശക്തിയായി പ്രവർത്തിച്ച പി.എ.സി. സ്വതന്ത്ര ഇന്ത്യയിൽ കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തനം തുടർന്നു. 1921 മുതൽ 2021 വരെ ഇന്ത്യയിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 100 വർഷക്കാലം പൂർത്തിയാക്കിയതിനെ തുടർന്ന് സമിതിയുടെ പ്രവർത്തന പന്ഥാവിലേക്ക് തിരിഞ്ഞുനോട്ടം നടത്തുവാനും കർത്തവ്യനിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആശയങ്ങൾ സ്വരൂപിക്കുന്നതിനുമായി ശതാബ്ദി ആഘോഷം വിപുലമായി സംഘടിപ്പിക്കുവാൻ പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസിൽ 2021 ഡിസംബർ 4,5,6 തീയതികളിലായിരുന്നു ആഘോഷപരിപാടികൾ.



വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ സ്പീക്കർമാർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻമാർ, പി.എ.സി. അംഗങ്ങൾ, നിയമസഭാ സെക്രട്ടറിമാർ, സമിതിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ, എം.പി.മാർ, മുൻ അദ്ധ്യക്ഷൻമാർ, കോമൺവെൽത്ത് പാർലമെന്റ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ ക്ഷണിതാക്കളായിരുന്നു. കേരള നിയമസഭയെ പ്രതിനിധീകരിച്ച് സ്പീക്കർ എം.ബി. രാജേഷ്, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അദ്ധ്യക്ഷൻ സണ്ണി ജോസഫ്, സമിതി അംഗങ്ങളായ സി.എച്ച്. കുഞ്ഞമ്പു, പി.എസ്. സുപാൽ, തോമസ് കെ.തോമസ്, നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എസ്. ബിജു എന്നിവരോടൊപ്പം പി.എ.സി.വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന ജോയിന്റ് സെക്രട്ടറിയായ ഞാനും പരിപാടിയിൽ പങ്കെടുത്തു.

കേരള നിയമസഭയിൽ 1957 മേയ് 31 നാണ് സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതെങ്കിലും തിരുവിതാംകൂർ ലെജിസ്ലേറ്റീവ് റിഫോംസ് റഗുലേഷൻ പ്രകാരം 1932 മുതൽ തിരുവിതാംകൂറിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പ്രവർത്തിച്ചിരുന്നു. എൺപത്തൊമ്പത് വർഷത്തെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പ്രവർത്തന ചരിത്രമുള്ള കേരള നിയമസഭയ്ക്ക് ഈ ആഘോഷവേള, സമിതിയുടെ പ്രവർത്തനം വിശകലനം ചെയ്യുന്നതിനും പരിഷ്കരണത്തിനുമുള്ള അവസരമായി കാണാവുന്നതാണ്.

*ശേഷം 19ാം പേജിൽ*

**മൊഴിമുഴക്കം**



"ഒരു രാജ്യം മറ്റൊരു രാജ്യത്തെ ഭരിക്കുവാൻ അയോഗ്യമാണെന്നു സിദ്ധാന്തിക്കുന്നവർ ഒരു വർഗം മറ്റൊരു വർഗത്തെ ഭരിക്കുവാൻ അയോഗ്യമാണെന്ന് സമ്മതിക്കേണ്ടതാണ്"

ഡോ. ബി.ആർ. അംബേദ്കർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## പരുതൂർ മുതുതല തിരുവേഗപ്പുറ സമഗ്ര കുടിവെള്ള പദ്ധതി പ്രവൃത്തി ഉദ്ഘാടനം ചെയ്തു

**എം.ബി.രാജേഷ്, തൃത്താല**

രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പരുതൂർ, മുതുതല, തിരുവേഗപ്പുറ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമാണോദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. പരുതൂർ കരുവാൻപടിയിൽ നടന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് അധ്യക്ഷനായിരുന്നു. പട്ടാമ്പി എം.എൽ.എ. മുഹമ്മദ് മുഹ്സിൻ മുഖ്യാതിഥിയായി. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ സമഗ്ര കുടിവെള്ള പദ്ധതിക്ക് 115 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പദ്ധതി പൂർത്തിയാവുന്നതോടെ മൂന്ന് പഞ്ചായത്തുകളിലെയും മുഴുവൻ വീടുകളിലും ടാപ്പുകൾ മുഖേന കുടിവെള്ളമെത്തിക്കാൻ കഴിയും. കേന്ദ്ര, സംസ്ഥാന സർക്കാരുകളും പരുതൂർ, മുതുതല, തിരുവേഗപ്പുറ പഞ്ചായത്തുകളും ചേർന്ന് പൊതുജന പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.



പദ്ധതിക്കായി മാഞ്ഞാമ്പ്ര ആസാദ് സ്കൂളിന് സമീപം 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും 47 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും അനുബന്ധ ഘടകങ്ങളും നിർമിക്കും. കാരമ്പത്തൂരിൽ കിണറും പമ്പ് ഹൗസും മൂന്ന് പഞ്ചായത്തുകളിലായി 356 കിലോമീറ്റർ ദൂരത്തിൽ വിതരണ ശൃംഖലയും പൂർത്തിയാക്കും. ഇതിലൂടെ 13592 ഗാർഹിക കണക്ഷനുകൾ നൽകാനാകും.

## കടയൽ മുട്ടുമ്പ് റോഡ് ഉദ്ഘാടനം ചെയ്തു

**വി.കെ.പ്രശാന്ത്, വട്ടിയൂർക്കാവ്**

വട്ടിയൂർക്കാവ് വയലിക്കട മാസ് റോഡിന്റെ ഉദ്ഘാടനം വി.കെ പ്രശാന്ത് എം.എൽ.എ നിർവ്വഹിച്ചു. 2019-20 വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക ചെലവഴിച്ചാണ് റോഡിന്റെ ടാറിംഗും കടയൽ മുട്ടുമ്പ് തോട് പാർശ്വഭിത്തി നിർമ്മാണവും പുനരുദ്ധാരണവും പൂർത്തീകരിച്ചത്. കഴിഞ്ഞ ആറ് മാസക്കാലയളവിനുള്ളിൽ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ നാൽപ്പതിലധികം റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഏഴ് റോഡുകളുടെ അടിയന്തിര അറ്റകുറ്റ പണികൾക്കായി 65 ലക്ഷം രൂപ അനുവദിച്ചു.



## പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന് കട്ടിലുകൾ കൈമാറി

വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡിന്റെ (വൈബ്) ആഭിമുഖ്യത്തിൽ കാനറാ ബാങ്കിന്റെ സഹകരണത്തോടെ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന് വാങ്ങിയ 15 കട്ടിലുകളും മെത്തകളും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. ആർ. ബിന്ദു ആശുപത്രിക്ക് കൈമാറി.

മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗമുക്തരായവരെ വീടുകളിലേക്ക് എത്തിക്കുന്ന ബാക്ക് ടു ഹോം എന്ന പരിപാടിയും മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികൾക്കായി കലാപരിപാടികളും വൈബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. ചടങ്ങിൽ വട്ടിയൂർക്കാവ് എം.എൽ.എ വി.കെ പ്രശാന്ത് അദ്ധ്യക്ഷത വഹിച്ചു.

## പൂഞ്ഞാറിൽ പ്രഭ വിതറി പ്രതിഭാ പുരസ്കാരങ്ങൾ

**സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ**

പൂഞ്ഞാർ മണ്ഡലത്തിൽ എസ് എസ് എൽ സി, ഹയർ സെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും എം.എൽ.എ. പ്രതിഭാ പുരസ്കാരങ്ങൾ സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ വിതരണം ചെയ്തു.

ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽനിന്നുള്ള 1545 വിദ്യാർഥികൾക്ക് പുറമേ മണ്ഡലത്തിന് പുറത്തുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സ്ഥിര താമസക്കാരായ വിദ്യാർഥികൾക്കും പ്രതിഭാ പുരസ്കാരങ്ങൾ സമ്മാനിച്ചു. കോരുത്തോട് സി. കേശവൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിയോജക മണ്ഡലതല ഉദ്ഘാടനം നിർവഹിച്ചു.

ഈരാറ്റുപേട്ട വിദ്യാഭ്യാസ ഉപജില്ലാതല ഉദ്ഘാടനം ഈരാറ്റുപേട്ട മുസ്ലീം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഗവ. ചീഫ് വിപ്പ് ഡോ. എൻ.ജയരാജ് നിർവഹിച്ചു. ഓരോ സ്കൂളുകളിലും എം.എൽ.എ. നേരിട്ടെത്തിയാണ് അവാർഡ് ജേതാക്കളായ വിദ്യാർത്ഥികൾക്ക് പുരസ്കാരങ്ങൾ നൽകിയത്. പ്രതിഭാ പുരസ്കാരങ്ങൾക്ക് പുറമെ എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി പരീക്ഷകളിൽ 100% വിജയം കരസ്ഥമാക്കിയ നിയോജക മണ്ഡലത്തിലെ നാൽപ്പത് വിദ്യാലയങ്ങൾക്ക് എം.എൽ.എ യുടെ എഡ്യൂക്കേഷൻ അച്ചീവ്മെന്റ് അവാർഡുകളും വിതരണം ചെയ്തു.



## മാറ്റങ്ങളുടെ ലോകം കീഴടക്കാൻ ക്രിയ ഗ്രാജ്വേറ്റ് കോൺഫറൻസ്

**നജീബ് കാന്തപുരം, പെരിന്തൽമണ്ണ**

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നജീബ് കാന്തപുരം എം.എൽ.എ നടപ്പാക്കുന്ന ക്രിയ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ഗ്രാജ്വേറ്റ് കോൺഫറൻസ് സംഘടിപ്പിച്ചു. ആയിരത്തിലേറെ വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടി നിർമ്മാണ ബുദ്ധി നിയന്ത്രിക്കാൻ പോകുന്ന മാറുന്ന കാലത്തോടൊപ്പം കുതിക്കാനുള്ള അറിവുകൾ പങ്കുവെക്കാനും സംവദിക്കാനുമുള്ള വേദിയായി. മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലകളെ കുറിച്ച് അന്താരാഷ്ട്ര പ്രശസ്തരായ പ്രമുഖർ വിദ്യാർത്ഥികളുമായി സംവദിച്ചു. 2021 ഡിസംബർ 28 ന് നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് പരിപാടി ഉദ്ഘാടനം ചെയ്തു. നജീബ് കാന്തപുരം എം.എൽ.എ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ഡോ. എം.പി. അബ്ദുസ്സമദ് സമദാനി എം.പി. മുഖ്യാതിഥിയായിരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉല്പാദനപരമായ വിദ്യാഭ്യാസം നടക്കുന്നില്ലെന്ന് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കവെ സ്പീക്കർ എം.ബി.രാജേഷ് പറഞ്ഞു. സ്ത്രീ മുന്നേറ്റങ്ങൾക്ക് എതിരായുള്ള വാദങ്ങൾക്ക് ഔദ്യോഗിക അംഗീകാരം പോലും ലഭിക്കുന്ന കാലത്ത് കൂടുതൽ പെൺകുട്ടികളെ അണിനിരത്തി നജീബ് കാന്തപുരം എം.എൽ.എ നടപ്പിലാക്കുന്ന ക്രിയ പദ്ധതി മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. പെരിന്തൽമണ്ണയുടെ വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് ഗ്രാജ്വേറ്റ് കോൺഫറൻസ് നാഴികക്കല്ലാവുമെന്ന് നജീബ് കാന്തപുരം എം.എൽ.എ അഭിപ്രായപ്പെട്ടു.



അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

സ്പീക്കറുടെ പൊതുപരിപാടികൾ

## പട്ടയമേളയ്ക്ക് തൃത്താലയിൽ തുടക്കം



'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ' പദ്ധതി പ്രകാരം നിയമസഭാ മണ്ഡലങ്ങളിലെ ആദ്യത്തെ പട്ടയമേളയ്ക്ക് തൃത്താല മണ്ഡലത്തിലെ കാളി എന്ന വൃദ്ധയ്ക്ക് സ്പീക്കർ എം.ബി രാജേഷും റവന്യൂ മന്ത്രി കെ രാജനും ചേർന്ന് പട്ടയം നൽകിക്കൊണ്ട് തുടക്കം കുറിച്ചു. കഴിഞ്ഞ 50 വർഷമായി താമസിക്കുന്ന സ്ഥലത്തിനാണ് കാളിക്ക് പട്ടയം ലഭിച്ചത്. ചടങ്ങിൽ വിതരണം ചെയ്ത 300 പട്ടയങ്ങൾക്ക് പുറമെ കപ്പൂർ പഞ്ചായത്തിൽ 40 പട്ടയങ്ങൾ നേരത്തെ നൽകിയിരുന്നു. ഇതോടെ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ തൃത്താല മണ്ഡലത്തിൽ 340 പട്ടയങ്ങൾ വിതരണം ചെയ്തു.

നിയമസഭാ സ്പീക്കർ എം.ബി രാജേഷ് അധ്യക്ഷനായ പട്ടയമേളയുടെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ നിർവഹിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷകളും പട്ടയമേളയോടനുബന്ധിച്ച് സ്വീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും വിവിധ കക്ഷി നേതാക്കളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

തൃത്താലയിൽ പട്ടയത്തിന് അപേക്ഷിച്ച, അർഹരായ എല്ലാവർക്കും സമയബന്ധിതമായി പട്ടയം നൽകുമെന്ന് നിയമസഭാ സ്പീക്കർ എം ബി രാജേഷ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പ് പ്രവർത്തനങ്ങൾ നടത്തിയതെന്നും ഒന്നര മാസത്തിനുള്ളിൽ ഇത്രയും പേർക്ക് പട്ടയം നൽകാൻ കഴിഞ്ഞത് വലിയ നേട്ടമാണെന്നും അഭിപ്രായപ്പെട്ട സ്പീക്കർ പട്ടയം നൽകുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് സമൂഹത്തിലെ ദുർബല വിഭാഗങ്ങളെയാണെന്നും അതുകൊണ്ടാണ് പട്ടികജാതി കോളനികളിൽ താമസിക്കുന്നവർക്ക് മുൻഗണന നൽകണമെന്ന് ആദ്യം തന്നെ തീരുമാനിച്ചതെന്നും കൂട്ടിച്ചേർത്തു. നിരന്തരമായി അവലോകന യോഗങ്ങൾ ചേർന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഏകോപിച്ച് നടത്തിയ പ്രവർത്തനമാണ് തൃത്താലയിൽ വിജയം കണ്ടതെന്നും സ്പീക്കർ പറഞ്ഞു.

കൈവശക്കാർക്ക് ഭൂമി കൊടുക്കുക എന്നത് മാത്രമല്ല, ഒരു തണ്ടപ്പേര് പോലുമില്ലാത്ത ഭൂരഹിതരായ മനുഷ്യരെ കണ്ടെത്തി അവരെ ഒരു തുണ്ട് ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ അഭിപ്രായപ്പെട്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 100 ദിവസങ്ങൾക്കുള്ളിൽ 13183 പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞതായും അപേക്ഷ നൽകിയ അർഹരായ മുഴുവൻപേർക്കും പട്ടയം നൽകുമെന്നും അദ്ദേഹം അറിയിച്ചു.

## കോളനികളിലെത്തി സ്പീക്കറും മന്ത്രിയും

പട്ടയ വിതരണം, കോളനികളുടെ പശ്ചാത്തലസൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ കേൾക്കാൻ നിയമസഭാ സ്പീക്കർ എം.ബി രാജേഷ്, റവന്യൂ മന്ത്രി കെ. രാജൻ എന്നിവർ കോളനികളിൽ നേരിട്ടെത്തി.

നാഗലശ്ശേരി പഞ്ചായത്തിലെ വാവന്നൂർ, പട്ടിത്തറ പഞ്ചായത്തിലെ കറുത്തേടത്ത്, കക്കാട്ടിരി, തിരുമിറ്റക്കോട് പഞ്ചായത്തിലെ ഏഴുമങ്ങാട് ലക്ഷംവീട് എന്നീ കോളനികളിലാണ് സ്പീക്കറും റവന്യൂ മന്ത്രിയും എത്തിയത്. കോളനി വാസികളോട് നേരിട്ട് സംസാരിച്ച സ്പീക്കറും മന്ത്രിയും കിടപ്പുരോഗികളുടെ വീടുകളിൽ നേരിട്ടെത്തി പരാതികൾ സ്വീകരിച്ചു. ജില്ലാ കളക്ടറും ജനപ്രതിനിധികളും സ്പീക്കറെയും മന്ത്രിയെയും അനുഗമിച്ചു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## ബഹുനിലമന്ദിരങ്ങളുടെ ഉദ്ഘാടനവും ബസുകളുടെ ഫ്ളാഗ് ഓഫും

**ഡി.കെ.മുരളി, വാമനപുരം**



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മിതൃമ്മല ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെയും ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെയും ബഹുനില മന്ദിരങ്ങൾ പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. വാമനപുരം എം.എൽ.എ ഡി.കെ മുരളിയുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും മണ്ഡലത്തിലെ 11 സ്കൂളുകൾക്കായി അനുവദിച്ച ബസുകളുടെ ഫ്ളാഗ് ഓഫും ഇതോടൊപ്പം മന്ത്രി നിർവഹിച്ചു.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ ചെലവഴിച്ചാണ് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം നിർമ്മിച്ചത്. 2018-19 ലെ സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിനായി 1.49 കോടി രൂപയാണ് ചെലവായത്.

ഗവ. ജി.എച്ച്.എസ്.എസ് മടത്തറ കാണി, ജി.യു.പി.എസ് പൊന്മുടി, ആട്ടുകാൽ, ആലന്തറ, രാമപുരം ജി.എൽ.പി.എസ് ചുള്ളിമാനൂർ, നെടുങ്കൈത, കരിമൺകോട്, ആനാട്, പച്ച, ഭരതന്നൂർ എന്നീ സ്കൂളുകളിലേക്ക് ബസ് വാങ്ങുന്നതിനായി 1.65 കോടി രൂപയാണ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ചത്.






## മടത്തറ കൊല്ലായിൽ എൽ.പി.എസിന് ബഹുനില മന്ദിരം

മടത്തറ കൊല്ലായിൽ എൽ.പി.എസിന് പ്ലാൻ ഫണ്ടും എസ്.എസ്.കെ. ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഓൺലൈനിലൂടെ നിർവഹിച്ചു. ഡി.കെ.മുരളി എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ നിരവധി വിശിഷ്ട വ്യക്തികൾ പങ്കെടുത്തു. 1.52 കോടി രൂപ ചെലവഴിച്ചായിരുന്നു നിർമ്മാണം.

## മീൻമൂട് പാലവും അപ്രോച്ച് റോഡും ഉദ്ഘാടനം ചെയ്തു

പുല്ലമ്പാറ പഞ്ചായത്തിൽ തേമ്പാമൂട് മൂന്നാനക്കുഴി റോഡിലെ മീൻമൂട് പാലവും പാലത്തിന് ഇരുവശത്തെയും അപ്രോച്ച് റോഡും വാമനപുരം എം.എൽ.എ ഡി.കെ.മുരളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. 5.8 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്.

നിലവിൽ ഒറ്റ വരിയായി മാത്രം ഗതാഗതം സാധ്യമായിരുന്ന വീതി കുറഞ്ഞ പാലം പൊളിച്ചു മാറ്റിയാണ് പുതിയ പാലം നിർമ്മിച്ചത്. 7.5 മീറ്റർ വീതിയിൽ വാഹനസഞ്ചാരപാതയും 1.5 മീറ്റർ വീതിയിൽ ഇരുവശങ്ങളിലും നടപ്പാതയും ഉൾപ്പെടെ 11 മീറ്റർ വീതിയിലാണ് പാലം നിർമ്മിച്ചിരിക്കുന്നത്. പാലത്തിന്റെ ഇരു കരകളിലായി ആകെ 220 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡിന്റെ പുനരുദ്ധാരണവും ഈ പ്രവൃത്തിയുടെ ഭാഗമായി പൂർത്തിയാക്കിയിട്ടുണ്ട്. തേമ്പാമൂട് മൂന്നാനക്കുഴി ഭാഗങ്ങളിലെയും അനുബന്ധ പ്രദേശങ്ങളിലെയും ജനങ്ങളുടെ ദീർഘകാലമായുള്ള ആവശ്യമാണ് ഈ പാലത്തിന്റെ പുനർനിർമ്മാണത്തോടെ സാക്ഷാത്കരിക്കപ്പെടുന്നത്.

## പൊന്മുടിയിൽ കുട്ടികളുടെ പാർക്ക് തുറന്നു

പൊന്മുടിയിൽ പണി പൂർത്തിയായ കുട്ടികളുടെ പാർക്ക് ഡി.കെ മുരളി എം.എൽ.എ ഉദ്ഘാടനം ചെയ്ത് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തു. സർക്കാർ അതിഥിമന്ദിരത്തിന് സമീപത്തായിട്ടാണ് കുട്ടികളുടെ പാർക്ക് പണി കഴിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടു കോടി രൂപ മുടക്കി പണികഴിപ്പിച്ച പൊന്മുടി ലോവർ സാനിറ്റോറിയത്തിന്റെ സൗന്ദര്യവൽകരണത്തിന്റെ ഭാഗമായാണ് പാർക്ക് നിർമ്മിച്ചത്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാൻ കഴിയുന്ന വിധത്തിലാണ് പാർക്ക് സജ്ജീകരിച്ചിരിക്കുന്നത്. കാഴ്ചകൾ കാണാൻ ചെറിയ വാച്ച് ടവറും ഇവിടെ ഒരുക്കിയിട്ടുണ്ട്.

മുൻ സാമാജികർ മനസ് തുറക്കുന്നു

# "സബ്ജക്ട് കമ്മിറ്റികളുടെ ചെയർമാൻമാരായി എം.എൽ.എമാരെ തന്നെ നിയമിക്കണം"

## ആര്യാടൻ മുഹമ്മദ്



**കേരള രാഷ്ട്രീയത്തിൽ അതികായനായി ജ്വലിച്ച വ്യക്തിയാണ് താങ്കൾ. കേരള നിയമസഭയുടെ വികാസപരിണാമങ്ങൾ അടുത്തറിഞ്ഞിട്ടുള്ള പരിണിത പ്രജ്ഞനായ ഒരു നിയമസഭാംഗം, മുൻ മന്ത്രി എന്നീ നിലകളിൽ കേരളത്തിന്റെ സമസ്ത മേഖലകളിലുമുള്ള വികസനത്തിന് നിയമസഭാ സാമാജികർക്ക് എത്രത്തോളം സംഭാവനകൾ നൽകാൻ കഴിയും എന്നാണ് അങ്ങ് കരുതുന്നത് ?**

കേരള രാഷ്ട്രീയത്തിൽ അതികായനായി ജ്വലിച്ച വ്യക്തിയാണ് ഞാനെന്ന് ഒരിക്കലും കരുതുന്നില്ല. സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനത്തിന് നിർണായകമായ സംഭാവനകൾ നൽകാൻ സാമാജികർക്ക് കഴിയും. വികസനകാര്യങ്ങൾ സഭയിൽ ഉന്നയിക്കുകയും അതിൽ ഒട്ടും രാഷ്ട്രീയം കലർത്താതെ വികസനകാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രസംഗങ്ങളും ഇടപെടലുകളുമാണ് വേണ്ടത്. ഓരോ കാര്യത്തിലും രാഷ്ട്രീയമായ കാഴ്ചപ്പാടുകൾ പരാമർശിക്കുന്നതിൽ തെറ്റില്ല. നയപരമായ കാര്യങ്ങളിലും നിയമനിർമാണത്തിലും ബജറ്റിലും ഊന്നിക്കൊണ്ടുള്ള പ്രസംഗങ്ങൾക്കാണ് ഏറ്റവും പ്രാധാന്യം ഒരു സാമാജികൻ കൽപിക്കേണ്ടത്. കേരളത്തിന്റെ സമസ്തമേഖലയിലും വികസനത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നിലപാടുകൾക്കാണ് സാമാജികർ പ്രാധാന്യം നൽകേണ്ടത്.

**ഏഴാം കേരള നിയമസഭ ഒഴികെ അഞ്ചു മുതൽ പതിമൂന്നുവരെ കേരള നിയമസഭകളിൽ അംഗമായിട്ടുള്ള വ്യക്തിയാണ് അങ്ങ്. പിന്തിരിഞ്ഞ് നോക്കുമ്പോൾ ഒരു നിയമസഭാംഗമെന്ന നിലയിൽ ഏറ്റവും ചാരിതാർത്ഥ്യജനകമായ ഒരു സംഭവം/ സംഭവങ്ങൾ വിശദമാക്കാമോ ? നിയമസഭാ നടപടികളിൽ അതായത് സബ്മിഷനുകൾ, ചോദ്യോത്തരം, ശ്രദ്ധ ക്ഷണിക്കൽ, നിയമനിർമ്മാണം എന്നിവയിലും നിയമസഭാ സമിതി അദ്ധ്യക്ഷനെന്ന നിലയിലും ജനോപകാരപ്രദമായി നടത്തിയ ഇടപെടലുകൾ ഓർത്തെടുക്കാമോ ?**

ശ്രീ. എൽ.കെ അദ്വാനിയുടെ നേതൃത്വത്തിലുള്ള രഥയാത്ര ബാബറി മസ്ജിദ് തകർത്തത് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും കോളിളക്കമുണ്ടാക്കിയ സംഭവമായിരുന്നു. ഇന്ത്യാ രാജ്യത്ത് ഉടനീളം ഇതിനെതിരായ പ്രതിഷേധം ഉയർന്നു. കേരളത്തിൽ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ ഏറ്റവും വലിയ ആഘാതം സൃഷ്ടിച്ചു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഞാനിതിനെ ശക്തിയായി എതിർത്തു. മലപ്പുറം ജില്ലയിൽ ഉൾപ്പെടെ മലബാറിന്റെ ചില സ്ഥലങ്ങളിൽ ഹിന്ദു സമുദായത്തിന്റെ ചില അമ്പലങ്ങളും പ്രതിഷ്ഠകളും തീവ്രവാദികൾ നശിപ്പിച്ചു. ബാബറി മസ്ജിദ് തകർത്തതു പോലെ തന്നെ ഒരു തെറ്റായ നടപടിയാണ് ഹിന്ദു അമ്പലങ്ങൾ നശിപ്പിച്ചതെന്നായിരുന്നു എന്റെ വാദം. ഇതു രണ്ടും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു കറുത്ത അധ്യായമായിട്ടാണ് ഞാൻ കണ്ടത്. ഇത് നിയമസഭയിൽ എന്റെ ഒറ്റപ്പെട്ട അഭിപ്രായമായിരുന്നു. ഇതിനെ ആരും എതിർത്തില്ല. എന്നാൽ ആരും എന്നെ അനുകൂലിച്ചതുമില്ല. എന്റെ മനസിലുള്ള മതേതരത്വ കാഴ്ചപ്പാട് നിയമസഭയിൽ വ്യക്തമാക്കാൻ സാധിച്ചത് എനിക്ക് ഏറ്റവും ചാരിതാർത്ഥ്യജനകമായിരുന്നു.

നായനാർ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി ശ്രീ. തങ്കപ്പൻ കൊണ്ടുവന്ന ജില്ലാ കൗൺസിൽ ബില്ലാണ് ഞാൻ ഏറ്റവും കൂടുതൽ സമയമെടുത്ത് പ്രസംഗിച്ചത്. ഈ പ്രസംഗത്തിന് വെള്ളി, ശനി, ഞായർ എന്നീ മൂന്നു ദിവസങ്ങളിൽ നിരവധി മണിക്കൂറുകൾ പഠിക്കാൻ തന്നെ ഞാൻ ചെലവിട്ടു. അന്ന് ഏറ്റവും പരിഷ്കൃത നിയമം എന്നു കരുതപ്പെട്ടത് ബംഗാളിന്റെയും കർണാടകത്തിന്റെയും നിയമങ്ങളായിരുന്നു. ഇതു ഞാൻ പഠിച്ചു. കൂടാതെ പഞ്ചായത്തീരാജിനെക്കുറിച്ചും ബൽവന്ത് റായി കമ്മീഷൻ റിപ്പോർട്ടും അശോകമേത്ത കമ്മീഷൻ റിപ്പോർട്ടും കേരളത്തിലെ ചീഫ് സെക്രട്ടറിയും പ്ലാനിങ് ബോർഡ് ചെയർമാനുമായിരുന്ന വി. രാമചന്ദ്രൻ എന്നയാളുടെ രണ്ട് വാല്യമുള്ള രണ്ട് ബൃഹത്തായ റിപ്പോർട്ടും ഞാൻ റഫർ ചെയ്തിരുന്നു. ഈ നിയമം സഭ പാസാക്കിയതിനു ശേഷം ഇതിന്റെ റൂൾസ് ഉണ്ടാക്കുന്നതിനു വേണ്ടി മന്ത്രിയുടെ അധ്യക്ഷതയിലുള്ള സബ്ജക്ട് കമ്മിറ്റി പലതവണ ചേർന്നു. ഇതിൽ ഞാനടക്കമുള്ള മെമ്പർമാർ പ്രത്യേകിച്ച് പ്രതിപക്ഷ മെമ്പർമാർ ഉന്നയിച്ച ബഹുഭൂരിപക്ഷം ഭേദഗതികളും മന്ത്രി അംഗീകരിച്ചു. ഈ നിയമത്തിനും വേണ്ടി ഒരു മെമ്പർ എന്ന നിലയിൽ ഏറ്റവുമധികം ശ്രദ്ധ പതിപ്പിച്ചിരുന്നു.

**നിയമസഭാ കമ്മിറ്റി അദ്ധ്യക്ഷനായിരിക്കുന്ന അവസരങ്ങളിൽ സമിതിയുടെ മുൻപാകെ വരുന്ന ഏത് വിഷയവും സമഗ്രമായി വിശദീകരിക്കുന്ന അങ്ങയുടെ പ്രാവീണ്യം പുതുതലമുറയ്ക്ക് പ്രചോദനമാണ്. നിയമസഭാ സമിതികളിലെ അംഗങ്ങളായ സാമാജികർക്ക് നൽകാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ?**

നിയമസഭാ കമ്മിറ്റികളിൽ അംഗങ്ങളാകുന്ന സമാജികർക്ക് മാർഗനിർദ്ദേശങ്ങൾ നൽകാനുള്ള പാണ്ഡിത്യമൊന്നും എനിക്കില്ല. നിയമസഭാ കമ്മിറ്റികളുടെ മുമ്പാകെ വരുന്ന നോട്ട് പൂർണ്ണമായി പഠിക്കുകയും അതിനോട് അനുബന്ധിച്ച് നിയമങ്ങളും റൂളുകളും ഭരണഘടനാ വ്യവസ്ഥകളും പാർലമെന്റിലോ നിയമസഭയിലോ ഇതിനെ സംബന്ധിച്ചുള്ള റൂളിംഗുകൾ വല്ലതും ഉണ്ടോ എന്ന് പരിശോധിക്കുകയും വേണം. ഈ നിയമം നടപ്പാക്കുമ്പോഴുള്ള ഗുണവും ദോഷവും വിലയിരുത്തണം. ഇത്രയും കാര്യങ്ങൾ ചെയ്യണമെന്നാണ് എന്റെ പക്ഷം.

**സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ അടുത്തകാലത്ത് സജീവ ചർച്ചാവിഷയമായിരുന്നല്ലോ. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അദ്ധ്യക്ഷ പദവിയിൽ ദീർഘകാലത്തെ പരിചയം വച്ച് സി. ആന്റ് എ.ജി. റിപ്പോർട്ടും അതിലെ പരാമർശങ്ങളോടുള്ള സർക്കാരിന്റെ വിയോജിപ്പും എങ്ങനെ വിലയിരുത്തുന്നു ?**

സി.എ.ജി റിപ്പോർട്ടിലെ പരാമർശങ്ങൾ പല കാലത്തും സജീവ ചർച്ചയായിട്ടുണ്ട്. സാക്ഷികളെ വേണ്ടപോലെ വിചാരണ ചെയ്ത് സാക്ഷിയോട് കമ്മിറ്റി മെമ്പർമാർ ആവശ്യമുള്ള കാര്യങ്ങൾ ചോദിച്ചതിനു ശേഷമാണ് നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത്. ബജറ്റ് മാന്വലും ഫിനാൻസ് കോഡും മറ്റ് ഗവൺമെന്റ് ഓർഡറുകളും നിയമങ്ങളും റൂളുകളും പഠിച്ചാണ് സാക്ഷിയായ ഗവൺമെന്റ് സെക്രട്ടറിയെ വിസ്തരിക്കുന്നത്. 95 ശതമാനം റിപ്പോർട്ടുകളും പ്രതിപക്ഷവും ഭരണപക്ഷ അംഗങ്ങളും ഐകകണ്ഠ്യേനയാണ് അംഗീകരിക്കാറ്. ഇതിനോട് ന്യായമായ കാരണങ്ങളില്ലാതെ ഗവൺമെന്റ് വിയോജിപ്പ് പ്രകടിപ്പിക്കുന്നത് ശരിയായ നടപടിയായി കണക്കാക്കാൻ കഴിയില്ല.

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഭൂരിഭാഗവും സ്വകാര്യവൽക്കരണത്തിലേക്ക് നീങ്ങുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും പുനരുദ്ധാരണത്തിന്റെ പാതയിലുമാണ്. ദീർഘകാലം ട്രേഡ് യൂണിയനുകളുമായി ചേർന്ന് പ്രവർത്തിച്ച വ്യക്തി എന്ന നിലയിലും പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി മുൻ അദ്ധ്യക്ഷൻ എന്ന നിലയിലും കേന്ദ്ര/സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം എങ്ങനെ വിലയിരുത്തുന്നു.**

കേന്ദ്രപൊതുമേഖല സ്ഥാപനങ്ങൾ ഭൂരിഭാഗവും സ്വകാര്യവൽക്കരണത്തിലേക്ക് നീങ്ങുന്നത് രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക മേഖലയെ തകർക്കാൻ മാത്രമേ പര്യാപ്തമാവുകയുള്ളൂ. പൊതുമേഖലയുടെ ഏറ്റവും വലിയ പരാജയം അത് കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും മിസ് മാനേജ്മെന്റാണ്. ഒരു മാനേജ്മെന്റ് കേഡർ ഇല്ലാത്തതും ഒരു പ്രധാന ഘടകമാണ്. സ്ഥാപനത്തിൽ എത്രമാത്രം ആളുകളെ നിയമിക്കാൻ കഴിയുമെന്നാണ് പല വകുപ്പുകളും പരിശോധിക്കുന്നത്. ഒരു വർക്ക് സ്റ്റഡി പോലും വേണ്ടപോലെ നടത്താത്ത സ്ഥാപനങ്ങൾ ആണ് ബഹുഭൂരിപക്ഷവും. പർച്ചേസിലും സെയിൽസിലും നടക്കുന്ന അപാകതകൾ ഈ തകർച്ചക്ക് വേഗം കൂട്ടും. സ്വകാര്യ മാനേജ്മെന്റുകൾ ലാഭത്തിൽ കുറവ് വന്നാൽപോലും ഉടനെ ലാഭം കിട്ടുന്ന സ്ഥലത്തേക്ക് കൂടുമാറ്റുന്ന സ്ഥിതിയാണ് കാണുന്നത്. മാവൂരിലെ ബിർളയുടെ സ്ഥാപനം കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായിരുന്നു. ലാഭത്തിൽ കുറവ് വന്നപ്പോൾ സ്ഥാപനം അടച്ചുപൂട്ടി. മുൻ മുഖ്യമന്ത്രി അച്യുതമേനോൻ ഒരു വാരികയിൽ എഴുതിയത് 1000 കോടി രൂപയുടെ സഹായം കേരള ഗവൺമെന്റിൽ നിന്നും റോ മെറ്റീരിയലിന്റെ പേരിൽ സബ്സിഡി വാങ്ങിയിട്ടുണ്ടെന്നാണ്.

**കേരള നിയമസഭയിൽ ഒരു തലമുറ മാറ്റത്തിന് നാന്ദി കുറിച്ചാണ് പതിനഞ്ചാം കേരള നിയമസഭയിലേക്ക് അൻപതിൽപരം പുതുമുഖങ്ങൾ കടന്നുവന്നത്. ഈ മാറ്റം എങ്ങനെ നോക്കി കാണുന്നു. പുതിയ അംഗങ്ങൾക്ക് നൽകാനുള്ള ഉപദേശം എന്താണ് ?**

പതിനഞ്ചാം നിയമസഭയിലേക്ക് അൻപതിൽപരം പുതുമുഖങ്ങൾ കടന്നുവന്നത് സ്വാഗതാർഹമാണ്. പഴയതും പുതിയതുമായ മെമ്പർമാർ കടന്നുവന്നാൽ മാത്രമേ ഫലപ്രദമായി നിയമസഭയെ പ്രയോജനപ്പെടുത്താൻ കഴിയൂ. എല്ലാകാലത്തും ഒരേ ആളുകൾ തന്നെ മെമ്പറായി വരുന്നതെങ്കിൽ ഭാവി നിയമസഭാ പ്രവർത്തനം വളരെയധികം പ്രതികൂലമായി ബാധിക്കും. എന്നാൽ അതുപോലെ തന്നെ മുഴുവൻ മെമ്പർമാരും പുതുമുഖങ്ങളായാലും നിയമസഭയുടെ കാര്യക്ഷമത വളരെയധികം കുറയും. ഇത് കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക വികസന രംഗത്ത് പ്രയാസങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കും.

**മതേതരമൂല്യങ്ങൾക്ക് വലിയ വിലകൽപ്പിക്കുന്ന ഇന്ത്യയിൽ, മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ നടക്കുന്ന മനുഷ്യത്വരഹിത ആക്രമണങ്ങൾ വലിയ ആശങ്ക സൃഷ്ടിക്കുന്നതാണ്. മതവും രാഷ്ട്രീയവും ഇടകലരുന്നത് ജനാധിപത്യത്തിന് ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ ?**

മതവും രാഷ്ട്രീയവും രണ്ടായിത്തന്നെ കാണേണ്ടതാണ്. അതിനെ ഒരുമിപ്പിക്കാൻ ശ്രമിച്ചാൽ വർഗീയതയ്ക്കും അക്രമങ്ങൾക്കും ഇടവരുത്തും. നൂറ്റാണ്ടുകളായി മതേതരത്വ മൂല്യങ്ങൾക്ക് ഏറ്റവും വില കൽപ്പിക്കുന്ന രാജ്യമാണ് നമ്മുടെ രാജ്യം. മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ നടക്കുന്ന മനുഷ്യത്വരഹിത അക്രമങ്ങൾ നമുക്ക് പൈതൃകമായി ലഭിച്ചതും ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ള മതേതരത്വ കാഴ്ചപ്പാടിനും ഭീഷണിയാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

**താങ്കൾ അദ്ധ്യക്ഷനായിരുന്ന കാലഘട്ടത്തിലായിരുന്നല്ലോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഏറ്റവും കൂടുതൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചത്. പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നൂറ് വർഷം ആഘോഷിക്കുന്ന വേളയിൽ അങ്ങയുടെ സന്ദേശം ?**

എന്റെ കാലത്ത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കൂടുതൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചത് എന്റെ മാത്രം കഴിവായിരുന്നില്ല. കമ്മിറ്റിയിലെ അംഗങ്ങളുടെ നിർലോഭമായ പിന്തുണയും സഹായവും ഉണ്ടായിരുന്നു. സി.എ.ജിയുടെ ഓഡിറ്റ് പാരഗ്രാഫ് അസംബ്ലിയിൽ ലഭ്യമായാൽ ആ ഓഡിറ്റ് പാരകളെ കുറിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് റിമെഡിയൽ ആക്ഷൻ റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ ( ഇപ്പോൾ അത് രണ്ട് മാസമായി ചുരുക്കിയിട്ടുണ്ടെന്ന് തോന്നുന്നു) പി.എ.സിക്ക് നൽകണം. ഇതിനു ശേഷമാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സാക്ഷികളെ വിസ്തരിക്കുന്നത്. എന്നാൽ പല ഡിപ്പാർട്ട്മെന്റുകളും യഥാസമയം റിപ്പോർട്ട് നൽകാത്തത് കൊണ്ട് സാക്ഷികളെ വിസ്തരിക്കാൻ കമ്മിറ്റിക്ക് കാലതാമസം വന്നു. ഇതുപോലെ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു ആക്ഷൻ ടേക്കൺ നോട്ട് കമ്മിറ്റിക്ക് റിപ്പോർട്ടായി നൽകണം. എന്റെ കാലത്ത് ഈ നോട്ടുകൾക്ക് കാത്തുനിൽക്കാതെ യഥാസമയം നോട്ടീസ് കൊടുത്ത് സാക്ഷിയെ വിസ്തരിക്കുക പതിവായിരുന്നു. ഇതുമൂലം കാലതാമസം ഒഴിവാക്കാൻ സാധിച്ചു. കൂടാതെ അജണ്ടയിലെ ഇനം തീരുന്നത് വരെ യോഗം തുടർന്ന് നടത്തുക പതിവായിരുന്നു. ഈ സമ്പ്രദായം അംഗീകരിച്ചപ്പോൾ യഥാസമയം റിപ്പോർട്ടുകൾ തരാൻ ഗവൺമെന്റ് സെക്രട്ടറിമാർ തയ്യാറായി.

**നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അങ്ങേയ്ക്ക് നൽകാനുള്ള നിർദ്ദേശങ്ങൾ ?**

നിയമസഭ കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് പൂർണമായും കമ്മിറ്റികളുമായി സഹകരിക്കാൻ നിർദ്ദേശം നൽകണം. കമ്മിറ്റിക്ക് ആവശ്യമുള്ള വിവരങ്ങൾ യഥാസമയം കമ്മിറ്റികൾക്ക് നൽകണം. രാഷ്ട്രീയ ചേരിതിരിവ് ഇല്ലാതെ കമ്മിറ്റിയുടെ പ്രവർത്തനം സുഗമമാക്കാൻ മെമ്പർമാർ പ്രത്യേകം ശ്രദ്ധിക്കണം. നിയമസഭാ കമ്മിറ്റികളുടെ പ്രത്യേകിച്ചും സബ്ജറ്റ് കമ്മിറ്റികളുടെ ചെയർമാൻമാരായി സാമാജികരെ തന്നെ നിയമിക്കണം. പാർലമെന്റിൽ ഇത്തരം കമ്മിറ്റികളുടെ ചെയർമാൻമാർ എം.പിമാർ തന്നെയാണ്. കേരളത്തിൽ മന്ത്രിമാർ ആയതുകൊണ്ട് അവരുടെ ജോലിത്തിരക്ക് കാരണം ഒരിക്കലും യഥാസമയങ്ങളിൽ യോഗം നടത്താറില്ല. ഒരു നിയമം ഉണ്ടാക്കിയാൽ. ആ നിയമത്തിന്റെ റൂൾ ഡ്രാഫ്റ്റ് സ്റ്റേജിൽ സബ്ജറ്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. എന്നാൽ കേരളത്തിൽ മന്ത്രിമാർ ഗവൺമെന്റ് റൂൾ ഉണ്ടാക്കി നടപ്പാക്കിയ ശേഷം അംഗീകരിക്കാൻ വേണ്ടി എന്നെങ്കിലും സബ്ജറ്റ് കമ്മിറ്റിയിൽ വയ്ക്കുകയാണ് പതിവ്. ഇത് അസംബ്ലിയുടെ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

നം. 01/ഫെബ്രുവരി 2022 | തിരുവനന്തപുരം

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

പ്രതിപക്ഷ നേതാവിന്റെ പേജ്

# പ്രിയപ്പെട്ട പി.ടി.



2021 സ്മരണയാകുമ്പോൾ നമ്മിലവശേഷിക്കുന്നത് കോവിഡും ഒമിക്രോണും സിൽവർലൈനും പിന്നെ കുറേ തീരാനഷ്ടങ്ങളും. നിത്യജീവിതത്തിൽ ദുഃഖങ്ങൾ വിതറിയ നിരവധി സംഭവങ്ങളിലൂടെ കഴിഞ്ഞ വർഷവും കടന്നു പോകേണ്ടിവന്നിട്ടുണ്ട്. അവയിലേറ്റവും ദുഃഖസാന്ദ്രമായ ഒരേടാണ് പി.ടി. തോമസ് എം.എൽ.എ.യുടെ ആകസ്മികവിയോഗം. വ്യക്തിപരമായി എന്നെ ആഴത്തിൽ സ്വാധീനിച്ച എന്റെ സുഹൃത്തും സഹോദരസ്ഥാനീയനുമായിരുന്ന നേതാവാണ് പി.ടി. തോമസ്. സ്നേഹവും കരുത്തും അടിമുടി രാഷ്ട്രീയവുമായിരുന്നു അദ്ദേഹം. വ്യക്തിതാത്പര്യവും സങ്കുചിതചിന്താഗതിയും ഇരുട്ടുപരത്താത്ത കർമ്മധീരനായ അദ്ദേഹം ഒരിക്കലും സ്വയംപ്രതിഷ്ഠിക്കാൻ തയ്യാറാകാതെ എല്ലാവരിലും സൗഹൃദത്തിന്റെ ഊഷ്മളത ചൊരിഞ്ഞ വ്യക്തിത്വമാണ്.

മൂല്യച്യുതി സംഭവിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രീയമണ്ഡലത്തിൽ ഉറച്ച നിലപാടുകളും കൃത്യമായ വീക്ഷണവുമായി തന്റേതായ വഴിയിലൂടെ മുന്നേറിയ ആദർശധീരനായ അദ്ദേഹത്തിന്റെ ജീവിതം നമുക്ക് മുന്നിൽ ഒരു തുറന്ന പുസ്തകമാണ്. ജീവിതാന്ത്യംവരെ മതേതര നിലപാടുകൾ ഉയർത്തിപ്പിടിച്ച പി.ടി.യുടെ ജീവിതം നിരവധിയായ അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ച ഒരു സാഹസിക യാത്രയായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതകളും ജീവിതദർശനവും പൂർണ്ണമായും നാം മലയാളികൾ തിരിച്ചറിഞ്ഞത് അദ്ദേഹത്തിന്റെ വേർപാടിന് ശേഷമായിരുന്നുവെന്നത് ചരിത്രത്തിന്റെ മറ്റൊരേടാകുമെന്നതും നിശ്ചയം. കൃത്യമായി നിരീക്ഷിച്ചാൽ, സമകാലിക കേരള സമൂഹത്തിന്റെ സന്നിഗ്ദ്ധതയിൽ മലയാളികൾ പിന്തുടരേണ്ട ഏറ്റവും വലിയ മാതൃകതന്നെയാണ് പി.ടി. മുറുകെ പിടിച്ച ആശയസംഹിതകൾ.

തന്റെ കർമ്മ മേഖല ഏതെന്ന് അദ്ദേഹത്തിന് കൃത്യമായ ധാരണ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന രീതികൾ എപ്പോഴും വേറിട്ടതായിരുന്നുവെന്ന് ഇപ്പോൾ നാം മനസ്സിലാക്കുന്നു. രണ്ട് ദശാബ്ദത്തിലധികം നീളുന്ന പാർലമെന്ററി പ്രവർത്തനരംഗത്തും പൊതുമണ്ഡലത്തിലുമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അനുകരണീയമായിരുന്നു.

ലാഭനഷ്ടക്കണക്കുകൾ അവഗണിച്ചുകൊണ്ട് ശരികളിൽ മാത്രം വിശ്വസിക്കുന്ന, നിലപാടുകളിൽ അയവുവരുത്താത്ത, കാർക്കശ്യമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനരീതികൾ നാം അനുഭവിച്ചറിഞ്ഞതാണ്. പശ്ചിമഘട്ടമലനിരകളെ സംരക്ഷിക്കുന്നതിനു വേണ്ടി പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കണമെന്നതിൽ നിന്നും പിന്തിരിയാതെ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ എന്തിനു വേണ്ടിയായിരുന്നുവെന്ന് വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ നമ്മൾ തിരിച്ചറിഞ്ഞു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയത്തിൽ അദ്ദേഹം സ്വീകരിച്ച നിലപാടുകളിൽ പൂർണ്ണമായ പിന്തുണ നൽകാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ ഒന്നാണെന്ന് ഞാൻ വിശ്വസിക്കുന്നു. ജനപക്ഷത്ത് നിന്നുകൊണ്ട് വ്യക്തിതാത്പര്യം ഇരുട്ടുപരത്താത്ത കർമ്മമണ്ഡലത്തിൽ തിളങ്ങിയ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നും പ്രചോദനകരമാണ്.

അസഹിഷ്ണുതയും അശാന്തിയും സ്വാർത്ഥതയും നിറഞ്ഞു നില്ക്കുന്ന നമ്മുടെ സമൂഹത്തിൽ പരസ്പര സഹവർത്തിത്തത്തോടെ കൂട്ടായപ്രവർത്തനമാണ് ഇന്നിന്റെ ആവശ്യം. പ്രകൃതിയ്ക്കും ജീവജാലങ്ങൾക്കും പരസ്പരപൂരകമായും ആരോഗ്യകരമായും നിലനിൽക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇത് കേരളം ഒറ്റക്കെട്ടായി അനുസരിക്കേണ്ട പ്രസക്തമായ പ്രകൃതിനിയമമാണ്. അതാകണം നമ്മുടെ ലക്ഷ്യം. തന്റെ ജീവിത ദർശനങ്ങളിലൂടെ പി.ടി. നമുക്ക് കാണിച്ചു തന്നതും അതാണ്. ഇവിടെ ജീവിച്ച് മതിയാകാതെ കടന്നുപോകുമ്പോൾ അദ്ദേഹം ഉയർത്തിപ്പിടിച്ച മൂല്യങ്ങളുടെയും ആശയാഭിലാഷങ്ങളുടെയും പൂർത്തീകരണത്തിനായി കൂടുതൽ ജാഗ്രതയോടെ കൂട്ടായ്മയോടെ നാം പ്രവർത്തിക്കേണ്ടതുണ്ട്.

മാറുന്ന ലോകത്തിൽ മതവർഗ്ഗവർണ്ണ ചിന്തകൾക്കതീതമായ ജീവിതരീതികളും പ്രകൃതിയെ സ്നേഹിക്കുന്ന ഹരിതചിന്തകളും സഹജീവനത്തിന്റെയും പാരസ്പര്യത്തിന്റെയും ഉണർത്തുപാട്ടുകളാക്കി മാറ്റാൻ തന്റെ ജീവിതം കൊണ്ട് ശ്രമിച്ച പി.ടി.യുടെ സ്മരണകൾ നമ്മുടെ പ്രയാണത്തിൽ പ്രചോദനമാകുമെന്നതിൽ എനിക്ക് തെല്ലും സംശയമില്ല.

## സഭാധ്യക്ഷന്റെ പേജ്

തുടർച്ച

അനുഭവവേദ്യമാകുന്ന അവസ്ഥയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017 മെയ് ഒന്ന് മുതൽ ഭരണഭാഷ പൂർണമായും മലയാളമായിരിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അനിവാര്യമായും ഇംഗ്ലീഷോ ഭാഷ ന്യൂനപക്ഷങ്ങൾ ഉപയോഗിക്കുന്ന ഭാഷയോ ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യങ്ങളിലൊഴികെ മലയാളം തന്നെ ഭരണഭാഷയായി മാറി. അതിന്റെ പൂർണതയ്ക്കുവേണ്ടിയുള്ള ശ്രമങ്ങൾ ഇനിയും തുടരേണ്ടിയിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്.

ഉത്തരവുകൾ, കത്തിടപാടുകൾ എന്നിവ പൂർണമായും മലയാളത്തിലാക്കുന്നതിനു 'ഭരണമലയാളം' എന്ന ഓൺലൈൻ നിഘണ്ടു സർക്കാർ തയാറാക്കിയിട്ടുണ്ട്. 20000 ത്തോളം വാക്കുകളുടെ മലയാളം പരിഭാഷ അതിൽ ലഭിക്കും. 'ഭരണമലയാളം' എന്ന മൊബൈൽ ആപ്പും ഇതിനായി തയ്യാറാക്കി.

നമ്മുടെ നിയമനിർമ്മാണസഭയിൽ ബില്ലുകൾ മാതൃഭാഷയിൽ ലഭിക്കാൻ തുടങ്ങിയിട്ട് അധികം കാലം ആയിട്ടില്ല. അതുവരെ ഇംഗ്ലീഷിലുള്ള ബില്ലുകളാണ് മലയാളികളായ നമ്മൾ പാസാക്കിക്കൊണ്ടിരുന്നത്. ഭേദഗതി ബില്ലുകൾ അല്ലാതെയുള്ള ഒറിജിനൽ ബില്ലുകൾ മലയാളത്തിലാക്കണമെന്ന് 1987 ൽ സ്പീക്കർ റൂളിംഗ് നൽകിയതിനെത്തുടർന്ന് അത്തരം ബില്ലുകൾ ഏറെക്കുറെ മലയാളത്തിൽ തന്നെയാണ് ഇപ്പോൾ തയ്യാറാക്കുന്നത്. മലയാളത്തിൽ തയ്യാറാക്കി അവതരിപ്പിച്ച് പാസാക്കുന്ന ബില്ലുകളുടെ ചട്ടങ്ങളും മലയാളത്തിൽ തന്നെ തയ്യാറാക്കണമെന്നും നിഷ്കർഷിച്ചിരുന്നു. ഇതും ഏറെക്കുറെ പാലിക്കുന്നു. മറ്റ് നിയമസഭകളുമായും, കേന്ദ്ര സർക്കാരുമായുമുള്ള ആശയ വിനിമയത്തിന് മാത്രമാണ് നിയമസഭാ സെക്രട്ടേറിയേറ്റിൽ ഇപ്പോൾ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നത്. ഇതൊഴികെ മറ്റ് ആവശ്യങ്ങൾക്കെല്ലാം മലയാളം തന്നെയാണ് ഉപയോഗിക്കുന്നത്. സംസ്ഥാന സർക്കാർ ഭരണഭാഷ മലയാളമാക്കുന്നതിൽ സ്വീകരിച്ച നടപടികൾ പൂർണമായും നിയമസഭാ സെക്രട്ടേറിയേറ്റും പാലിക്കുന്നുണ്ട്. കേരള നിയമസഭ ഇതിനോടകം പാസാക്കിയ എല്ലാ നിയമങ്ങളുടെയും അവയുടെ ചട്ടങ്ങളുടെയും മലയാള പരിഭാഷ തയ്യാറാക്കേണ്ടത് വർത്തമാനകാലത്തും വരും തലമുറകൾക്കും അനിവാര്യമാണ്. അതിന് നിരവധി പരിമിതികളുമുണ്ട്. അവ പരിഹരിക്കാൻ കൂട്ടായ ശ്രമം വേണം. നിയമസഭാ നടപടികൾ പൂർണമായും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുമ്പോൾ നമ്മുടെ മാതൃഭാഷയിലും അത് ലഭ്യമാകേണ്ടത് ജനങ്ങളുടെ ആവശ്യമാണ്. അതിനുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ടത് ആവശ്യമാണ്.

അധികാരത്തിലുള്ളവർ ജനങ്ങൾക്ക് മനസ്സിലാകാത്ത ഭാഷയിൽ അവരുമായി വ്യവഹാരങ്ങൾ നടത്തുകയും ഭരണം നടത്തുകയും ചെയ്യുന്ന പ്രക്രിയയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇന്ത്യയിൽ സംസ്കൃതത്തിലും ഉറുദുവിലും പിന്നീട് കോളനിവാഴ്ചക്കാലത്ത് ഇംഗ്ലീഷിലും ആയിരുന്നു ഭരണ നടപടികൾ അധികവും. ജനങ്ങൾക്ക് അപരിചിതമായ ഭാഷയിൽ അവരെ ഭരിക്കുക എത്ര ജുഗുപ്സാവഹമാണ്. ഒരു പുകമറ സൃഷ്ടിച്ച് ഭയപ്പെടുത്തി ഭരിക്കാൻ ഈ ജനവിരുദ്ധ ഭാഷാനയം ഭരണാധികാരികൾക്ക് ആയുധമായിട്ടുണ്ടാകും. നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ ഏകോപിപ്പിക്കാൻ ഇംഗ്ലീഷ് സഹായിച്ചിട്ടുണ്ടെങ്കിലും വിവിധ പ്രദേശങ്ങളിൽ ദേശീയ പ്രസ്ഥാനവും ജനകീയ പ്രസ്ഥാനങ്ങളും ശക്തിപ്പെട്ടത് അതാത് പ്രദേശങ്ങളിലെ ഭാഷകളിൽ അടിയുറച്ചുനിന്നുകൊണ്ടാണ്. സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് മാതൃഭാഷയ്ക്ക് അസാധാരണമായ ശക്തിയും പ്രാധാന്യവും കൈവന്നു. എന്നിരുന്നാലും ഭരണഭാഷ മാതൃഭാഷയാകാൻ വീണ്ടും വൈകി.

കൊളോണിയൽ അവശിഷ്ടങ്ങൾ ഉപേക്ഷിക്കാൻ വയ്യായ്ക നമ്മുടെ സമൂഹത്തിൽ ഏറെക്കാലം നിലനിന്നു. നമ്മുടെ വിദ്യാഭ്യാസ രീതിയിലും ഭരണരംഗത്തും ഇത് ഒഴിയാബാധയായി നിലകൊണ്ടു. നമ്മുടെ ഭരണസംവിധാനത്തിൽ 95 ശതമാനത്തിലധികവും മാതൃഭാഷയായ മലയാളം കൈകാര്യം ചെയ്യാനറിയുന്നവർ ഉൾക്കൊള്ളുന്നതാണ്. എന്നാൽ ഭരണനടപടികൾ ഇംഗ്ലീഷിൽ തന്നെ എത്രയോ വർഷങ്ങളോളം തുടർന്നു. മേൽത്തട്ടിലുള്ള വളരെ ചുരുക്കം ഉദ്യോഗസ്ഥർക്ക് ഇംഗ്ലീഷ് ആശയവിനിമയം വളരെ സഹായകമായിട്ടുണ്ടാകാം. എന്നാൽ ഭരണത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കളായ സാമാന്യജനത്തിന് ഈ അന്യഭാഷാ പ്രയോഗം തികച്ചും അന്യം തന്നെയായിരുന്നു. ജനങ്ങളുടെ ഭാഷയിൽ നിർവഹിക്കപ്പെടുന്ന ഭരണമാണ് ജനാധിപത്യ ഭരണം.

മാതൃഭാഷ കേവലം ആശയവിനിമയത്തിനുള്ള ഉപാധി മാത്രമല്ല. അത് ജനങ്ങളുടെ ജീവിതവും സംസ്കാരവും കൂടിയാണ്. മാതൃഭാഷയിലൂടെയാണ് മനുഷ്യൻ വ്യക്തിപരമായും ബുദ്ധിപരമായും വളരുന്നത്. സംസ്കാരം രൂപപ്പെടുന്നതും വികസിക്കുന്നതും, അവരുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന വ്യവഹാരങ്ങളും മാതൃഭാഷയിൽ തന്നെ നടക്കണം. മറ്റുള്ള ഭാഷകൾ പരമാവധി പഠിക്കുന്നത് ജീവിതത്തിന്റെ പല ഘട്ടങ്ങളിൽ സഹായകമായേക്കും. അതിനുള്ള തുറസ്സ് ഉണ്ടായിരിക്കുകയും വേണം. അത് മാതൃഭാഷയുടെ പ്രസക്തിയെയും പ്രാമാണ്യത്തെയും പ്രാധാന്യത്തെയും ഹനിക്കുന്ന തരത്തിലാകരുത്.

ജനാധിപത്യത്തിന്റെ മൂന്ന് പ്രധാന ഭാഗങ്ങളായ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവ പൂർണമായും ജനങ്ങൾക്ക് ഗുണകരമായി അനുഭവവേദ്യമാകണമെങ്കിൽ വ്യവഹാരം മാതൃഭാഷയിൽ തന്നെയാകണം. എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ എന്നിവയോടൊപ്പം ജുഡീഷ്യറിയിലെ നടപടികളും ജനങ്ങൾക്ക് പൂർണമായും പ്രാപ്യമാകേണ്ടതുണ്ട്. അതിനായി കോടതി നടപടികളും പൂർണമായും മാതൃഭാഷയിലാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. അപ്പോൾ മാത്രമാണ് ജനാധിപത്യം പൂർണമായും സാർത്ഥകമാവുക.

### ഓർഡിനൻസുകൾ ബില്ലാക്കുന്നതിനായി മാത്രം സമ്മേളനം നടത്തി ചരിത്രം സൃഷ്ടിച്ച പതിനഞ്ചാം കേരള നിയമസഭയുടെ പ്രവർത്തനം എങ്ങനെ വിലയിരുത്തുന്നു ?

ഓർഡിനൻസുകൾ ബില്ലാക്കാൻ നടപടി ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടെങ്കിലും ബിൽ അസംബ്ലിയിൽ പാസാക്കാതെ സ്ഥിരമായി ഓർഡിനൻസ് ഇറക്കുന്നത് ജനാധിപത്യ രീതിയല്ല. സഭ കൂടാൻ സമയം ഇല്ലാതെ വരുമ്പോൾ വളരെ അത്യാവശ്യമായ ഒരു നിയമനിർമ്മാണം ആവശ്യമാണെങ്കിൽ ഒരു ഓർഡിനൻസ് ഇറക്കാം. പക്ഷേ അടുത്ത സമ്മേളനത്തിൽ തന്നെ ഈ കാര്യത്തെക്കുറിച്ച് ബിൽ അവതരിപ്പിച്ച് പാസാക്കണം. ആ കാലത്ത് ലോക്സഭയുടെ സ്പീക്കറായിരുന്ന മാവ്‌ലങ്കർ ഓർഡിനൻസിന് തന്നെ എതിരായ നിലപാടാണ് സ്വീകരിച്ചത്. എന്നാൽ പ്രധാനമന്ത്രി നെഹ്റുവിന്റെ ഇടപെടൽ കാരണം വളരെ അത്യന്താപേക്ഷിത സന്ദർഭത്തിൽ മാത്രമേ ഓർഡിനൻസ് ഇറക്കാവൂ എന്ന് സ്പീക്കർ റൂൾ ചെയ്തു. എല്ലാ ബില്ലുകളും ഓർഡിനൻസായി കൊണ്ടുവരുന്നത് സുപ്രീം കോടതി വരെ എതിർത്തിട്ടുണ്ട്. ബീഹാറിൽ നിരവധി ഓർഡിനൻസ് ഇറക്കുകയും ബിൽ അസംബ്ലിയിൽ പാസാകാതെ വരികയും ചെയ്തപ്പോൾ സുപ്രീം കോടതി ഈ സമ്പ്രദായം ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളോടും ഓർഡിനൻസ് ഉടനെ ബില്ലായി നിയമസഭയിൽ അവതരിപ്പിക്കണമെന്നും ബിൽ അവതരിപ്പിക്കാതെ നീട്ടിക്കൊണ്ട് പോകുന്നത് ജനാധിപത്യ വിരുദ്ധമാണെന്നും അഭിപ്രായപ്പെട്ടു. ഈ കാഴ്ചപ്പാടിൽ എല്ലാ കാര്യങ്ങൾക്കും ഓർഡിനൻസ് ഇറക്കുന്നതും ജനാധിപത്യ വിരുദ്ധമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഓർഡിനൻസ് രാജ് എന്ന നിലയിലേക്ക് കേരളം അടക്കമുള്ള സംസ്ഥാനങ്ങൾ നീങ്ങുന്നത് ജനാധിപത്യവിരുദ്ധ നടപടിയായി കണക്കാക്കണം.

1935 മെയ് 15 ന് മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ജനിച്ച ആര്യാടൻ മുഹമ്മദ് ട്രേഡ് യൂണിയൻ പ്രവർത്തനത്തിലൂടെയാണ് രാഷ്ട്രീയ രംഗത്ത് സജീവമായത്. 1977 ൽ അഞ്ചാം കേരള നിയമസഭയിലേക്ക് നിലമ്പൂർ മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ആര്യാടൻ മുഹമ്മദ്, ഏഴാം കേരള നിയമസഭ ഒഴികെ പതിമൂന്നാം കേരള നിയമസഭ വരെ തുടർച്ചയായി നിലമ്പൂർ മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചു. 1980-81 കാലയളവിൽ തൊഴിൽ-വനം വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായും, 1995-96 കാലയളവിൽ തൊഴിൽ-ടൂറിസം വകുപ്പ് മന്ത്രിയായും, 2004-2006 വരെയും, 2011-2016 വരെയും വൈദ്യുതി വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായും പ്രവർത്തിച്ചു. 2012-13 കാലയളവിൽ ഗതാഗത വകുപ്പിന്റെ ചുമതലകൂടി അദ്ദേഹം വഹിച്ചിട്ടുണ്ട്. 1998-2001, 2006-11 എന്നീ കാലയളവിൽ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും 2001-04 കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടേയും അദ്ധ്യക്ഷനായിരുന്നു. കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി, എൻ.സി.ഡി.സി., നാഫെഡ് എന്നിവയുടെ ഡയറക്ടർ, സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ പ്രസിഡന്റ്, മലപ്പുറം, കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

നിയമസഭാ സമിതി റിപ്പോർട്ട്

# പൊതുവിദ്യാഭ്യാസ മേഖലയിൽ മലയാള ഭാഷാ പരിശീലനം അനിവാര്യം : ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി

**മലയാള ഭാഷ പല ലിപികളിൽ എഴുതാറുണ്ട്. ലിഖിത ഭാഷയിലുള്ള ലിപിവൈജാത്യങ്ങൾ പുതുതലമുറയ്ക്ക് ആശയക്കുഴപ്പത്തിന് ഇട നൽകുന്നു. ശരിയായ മാതൃക കുട്ടികളിൽ എത്തിക്കുന്നതിന് കുറ്റമറ്റരീതിയിൽ ലിപിപരിഷ്കരണത്തിനായി സർക്കാർ തലത്തിൽ ഒരു ഉന്നത അധികാരിയെ നിയോഗിച്ച് ഐകരൂപത്തിലാക്കണമെന്നതാണ് മറ്റൊരു ശിപാർശ.**

കേരളീയ പാരമ്പര്യത്തെയും സംസ്കാരത്തെയും അടിസ്ഥാനപ്പെടുത്തി സ്കൂൾ വിദ്യാർത്ഥികളെ അനൗപചാരികമായി മാതൃഭാഷ പഠിപ്പിക്കുന്നതിനായി തലസ്ഥാനത്തെ ഒരു വിഭാഗം മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയിൽ രൂപംകൊണ്ട മലയാളം പള്ളിക്കൂടവിശേഷങ്ങൾ ജനശ്രദ്ധയാകർഷിക്കവേ, പതിനാലാമത് കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി മലയാളം പള്ളിക്കൂടത്തിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിനായി തിരുവനന്തപുരത്തെ തൈക്കാട് മോഡൽ എൽ.പി. സ്കൂളിൽ പ്രവർത്തിക്കുന്ന മലയാളം പള്ളിക്കൂടം സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ മലയാളം പള്ളിക്കൂടത്തിന്റെ മാതൃകയിൽ മലയാള ഭാഷാ പരിശീലനം നൽകുന്നത് സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

മലയാളം പള്ളിക്കൂടത്തിൽ കുട്ടികളെ മണലിൽ അക്ഷരമെഴുതി പഠിപ്പിക്കുകയും ഉച്ചത്തിലുള്ള സംഭാഷണത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. വിരലിന്റെ അഗ്രം പരുപരുത്ത പ്രതലത്തിൽ സ്പർശിക്കുന്നതിലൂടെ എഴുതുന്ന കാര്യങ്ങൾ നാഡീഞരമ്പുകളിൽ കൂടി പെട്ടെന്ന് തലച്ചോറിലേക്ക് എത്തിച്ചേരുമെന്നതാണ് മണലിൽ എഴുതി പഠിപ്പിക്കുന്നതിന്റെ പിന്നിലെ ശാസ്ത്രസത്യം. കഥകൾ, ചൊല്ലുകൾ, ശൈലികൾ, പദങ്ങൾ, വരകൾ, വർണ്ണങ്ങൾ, സംഗീതം, സാഹിത്യം, ചിത്രം, ശില്പം തുടങ്ങിയവ പരിചയപ്പെടുത്തുന്നതിലൂടെ കുട്ടികൾക്കൊപ്പം അദ്ധ്യാപകരും പഠനത്തിൽ പങ്കാളികളാകുന്നു. സ്വാർത്ഥത വെടിഞ്ഞ്, മറ്റുള്ളവരുമായി പങ്കിടുന്നതിനുള്ള മനോഭാവവും സ്നേഹവും സഹാനുഭൂതിയും കുട്ടികളിൽ ജനിപ്പിക്കുന്നതിന് ഇത്തരം പഠനശൈലി സഹായകരമാകുന്നു. സാഹിത്യകൃതികൾ വായിച്ച്, അതിലെ സന്ദേശം നാടകരൂപമായും പ്രസംഗമായും കവിതയായും അരങ്ങിൽ അവതരിപ്പിക്കുന്ന പഠനരീതിയിലൂടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും ആത്മവിശ്വാസത്തോടെ മുന്നേറുവാൻ കുട്ടികൾക്ക് കഴിയുന്നു. നെല്ല് കൊയ്യുന്നതും തൈര് കടയുന്നതും പാൽ കറക്കുന്നതും മൺപാത്രങ്ങൾ നിർമ്മിക്കുന്നതും നൂൽനൂൽക്കുന്നതും കാളവണ്ടിയാത്രയുമെല്ലാം നേരിട്ട് കണ്ട് മനസിലാക്കുന്ന പഠനരീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. വിവിധ മേഖലകളിൽ വിദഗ്ധരായവരെക്കൊണ്ട് രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കുന്നു.

നിലവിൽ സ്കൂളുകളിൽ പിന്തുടരുന്ന ഭാഷാപഠന സമ്പ്രദായത്തിലെ പരിമിതികളെ പ്പറ്റിയും അവയുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും സന്ദർശനവേളയിൽ അദ്ധ്യാപകരും രക്ഷകർത്താക്കളുമായി സമിതി സംവദിച്ചു. മുൻകാലങ്ങളിലുണ്ടായിരുന്ന കേട്ടെഴുത്ത്, പകർത്തിയെഴുത്ത് തുടങ്ങിയവ പുനരാരംഭിക്കണമെന്ന് മലയാളം പള്ളിക്കൂടം അദ്ധ്യാപകർ അഭിപ്രായപ്പെട്ടു. മലയാളം ബോധനമാർഗ്ഗമായി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ രക്ഷകർത്താക്കളും സമിതി മുമ്പാകെ അവതരിപ്പിച്ചു. മലയാളം പള്ളിക്കൂടത്തിന്റെ ആവശ്യങ്ങളും ഭാവിപരിപാടികളും അവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവിധവും ഉൾപ്പെടുത്തി രൂപരേഖ തയ്യാറാക്കി സമിതിക്ക് സമർപ്പിക്കുന്നതാണെന്ന് പള്ളിക്കൂടം അധ്യക്ഷൻ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾക്ക് ചോദ്യാവലി അയച്ചുകൊടുക്കുകയും ഉദ്യോഗസ്ഥരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്തിരുന്നു.

നമ്മുടെ നാടിന്റെ സംസ്കൃതിയും പൈതൃകവും ആഴത്തിൽ തൊട്ടറിയുന്നതിനും വിജ്ഞാനശാഖകൾ ലളിതമായി മനസിലാക്കുന്നതിനും മാതൃഭാഷാപഠനം അനിവാര്യമാണെന്നും നവീന ആശയങ്ങളിലൂടെ ഭാഷാപഠനം ആസ്വാദ്യകരമാക്കുന്നതിനാണ് ശ്രദ്ധിക്കേണ്ടതെന്നും ഭാഷയെ സംരക്ഷിക്കുക എന്നതിനൊപ്പം സ്വന്തം ഭാഷയുടെ ബലവും മുതൽക്കൂട്ടും വ്യാപ്തിയും എത്രയാണെന്ന് കുട്ടികളെ വൈകാരികമായി ബോധ്യപ്പെടുത്തേണ്ടതാണെന്നും മലയാളത്തിന്റെ നിലനിൽപ്പിനാവശ്യമായ പ്രവർത്തനങ്ങൾ കുട്ടികൾക്കിടയിൽ പ്രാവർത്തികമാക്കണമെങ്കിൽ വിദ്യാലയങ്ങളിലൂടെ പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി വിലയിരുത്തി. മലയാളത്തിലെ അക്കങ്ങൾ ശീലിക്കുന്നതിനും പഴയഗ്രന്ഥങ്ങൾ വായിക്കുന്നതിനും പഴയ ലിപികളും അക്കങ്ങളും മനസിലാക്കണമെന്നതിനാൽ പാഠ്യപദ്ധതിയിൽ ചില പൊളിച്ചെഴുത്തുകൾ വേണമെന്നും, വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കിയ ചില പരിഷ്കരണങ്ങളുടെ ഫലമായാണ് മലയാള വ്യാകരണത്തിന്റെ പ്രസക്തിയും ഭാവിയും അക്ഷരങ്ങളും ഒരളവുവരെ നഷ്ടപ്പെട്ടതെന്നും അത് തിരിച്ചുകൊണ്ടു വരണമെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

ബോധനമാധ്യമത്തെ പ്രധാന സ്ഥാനത്ത് നിർത്തിക്കൊണ്ടുമാത്രമേ ഭാഷാപഠനം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂവെന്നും സമിതിയുടെ നിരീക്ഷണവും സംസ്കാരത്തിന്റെ ഭാഗമായി മലയാളത്തെ സംരക്ഷിക്കണമെന്നതിലുപരി ഏറ്റവും പുതിയ ജ്ഞാനാർജ്ജനത്തിന്റെ ഭാഷയായി മലയാളത്തെ പ്രാപ്തമാക്കണമെന്നും ബോധനമാധ്യമം മാതൃഭാഷയിലാക്കേണ്ടതിന്റെ പ്രായോഗികത പരിശോധിക്കണമെന്നുമുള്ള ശിപാർശയും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനതായ കലകളെ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനായി ചിത്രരചന, ശില്പകല തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നത് നന്നായിരിക്കുമെന്നും അത് നടപ്പിൽ വരുത്തുന്നതിനായി വിദ്യാഭ്യാസവകുപ്പും സാംസ്കാരിക വകുപ്പും സംയോജിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും റിപ്പോർട്ടിലുണ്ട്.

മലയാള ഭാഷ പല ലിപികളിൽ എഴുതാറുണ്ട്. ലിഖിത ഭാഷയിലുള്ള ലിപിവൈജാത്യങ്ങൾ പുതുതലമുറയ്ക്ക് ആശയക്കുഴപ്പത്തിന് ഇട നൽകുന്നു. ശരിയായ മാതൃക കുട്ടികളിൽ എത്തിക്കുന്നതിന് കുറ്റമറ്റരീതിയിൽ ലിപിപരിഷ്കരണത്തിനായി സർക്കാർ തലത്തിൽ ഒരു ഉന്നത അധികാരിയെ നിയോഗിച്ച് ഐകരൂപത്തിലാക്കണമെന്നതാണ് മറ്റൊരു ശിപാർശ. നിലവിലെ ഭാഷാപഠനരീതി നന്നാക്കണമെങ്കിൽ അധ്യാപകർക്ക് മലയാള ഭാഷാപരിശീലനം ആവശ്യമാണെന്ന സമിതി നിർദ്ദേശവും അധ്യാപനരംഗത്ത് പുതുതായി കടന്നുവന്നവർക്കും ഭാഷാധ്യാപകർക്കും ശബ്ദ-ആംഗ്യ-അഭിനയത്തിലൂടെ പഠിപ്പിക്കുന്നതിനുള്ള പരിശീലനം നൽകണമെന്നും അധ്യാപകരുടെ ഭാഷാനൈപുണ്യവും അവബോധവും വിലയിരുത്തണമെന്നുമുള്ള ശിപാർശയും സമിതി മുന്നോട്ട് വച്ചിട്ടുണ്ട്.

കുട്ടികളിലെ ഭാഷാപരമായ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് വിദ്യാലയങ്ങളിൽ മുമ്പ് നടത്തിവന്നിരുന്ന സാഹിത്യസമാജം കൃത്യമായ ഇടവേളകളിൽ പുനരാരംഭിക്കണമെന്നും നാട്ടുരുചി പരിചയിക്കുന്നതിനും അതിന്റെ പോഷകമൂല്യം മനസിലാക്കി നാടൻ ഭക്ഷണപദാർത്ഥങ്ങളോട് താല്പര്യം ജനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ കേരളത്തനിമയും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന രീതിയിൽ പഴയകാലത്തെ വീട്ടുപകരണങ്ങളും അടുക്കള ഉപകരണങ്ങളും സജ്ജീകരിച്ച് ഒരു സ്ഥിരം പ്രദർശനവേദി ഉണ്ടാക്കുന്നതും നാമാവശേഷമാകാറായ നാട്ടുചെടികൾ ശേഖരിച്ച് ഉദ്യാനം നിർമ്മിച്ച് അവയുടെ പേരെഴുതി വയ്ക്കുന്നതും മാതൃഭാഷാ സ്നേഹം വളർത്തുവാൻ ഉപകരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടിരിക്കുന്നു.

വിദ്യാലയഗാനങ്ങൾ എന്ന പേരിൽ മാതൃഭാഷയുടെ മഹത്വം വിളിച്ചോതുന്ന ഗാനങ്ങൾ ഉൾപ്പെടുത്തിയ റെക്കോർഡുകൾ തയ്യാറാക്കി വിദ്യാലയങ്ങളിൽ പതിവായി കേൾപ്പിക്കുന്നതും മലയാളത്തനിമയെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അനിമേഷൻ ഗ്രാഫിക്സിലൂടെ പരിചയപ്പെടുത്തുന്നതും സ്കൂൾ അസംബ്ളിയിൽ എം.ടി. വാസുദേവൻനായർ മലയാളം പള്ളിക്കൂടത്തിനുവേണ്ടി രചിച്ച വരികൾ കുട്ടികളെക്കൊണ്ട് കൈ നെഞ്ചോട് ചേർത്ത് ചൊല്ലിക്കുന്നതും കുട്ടികളിൽ ഭാഷാ സ്നേഹം വർദ്ധിപ്പിക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി ഭാഷാപ്രതിജ്ഞ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

## സി.ആർ. മഹേഷ്, എം.എൽ.എ.യുടെ നാമനിർദ്ദേശ പത്രിക അംഗീകരിച്ചു



കേരളസർവ്വകലാശാല സെനറ്റിലേക്ക് സി.ആർ.മഹേഷ് എം.എൽ.എ.യുടെ നാമനിർദ്ദേശ പത്രിക വൈസ് ചാൻസലർ അംഗീകരിച്ചു. ഇലക്ഷൻ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളിൽ ഉൾപ്പെടാത്ത സാങ്കേതിക കാരണം ചൂണ്ടിക്കാട്ടി എം.എൽ.എ.യുടെ നാമനിർദ്ദേശ പത്രിക നേരത്തെ തള്ളിയിരുന്നു. ഇത് തെറ്റാണെന്ന ഹൈക്കോടതി നിരീക്ഷണത്തെത്തുടർന്ന് വൈസ് ചാൻസലർ ഹിയറിങ് നടത്തുകയും പത്രിക സ്വീകരിക്കാൻ ഉത്തരവിടുകയുമായിരുന്നു.

നാമനിർദ്ദേശ പത്രിക തള്ളിയ സാഹചര്യത്തിൽ എം.എൽ.എ. വൈസ് ചാൻസലർക്ക് നൽകിയ അപ്പീലിൽ രജിസ്ട്രാർ ചട്ടവിരുദ്ധമായി ഉത്തരവിറക്കിയത് നേരത്തെ ഹൈക്കോടതി റദ്ദാക്കിയിരുന്നു. തുടർന്ന് ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് വൈസ് ചാൻസലർ അപ്പീലിൽ ഹിയറിങ് നടത്തിയത്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ



# മലയാളം ഔദ്യോഗിക ഭാഷയാക്കുമ്പോൾ

മാത്യു ടി. തോമസ് എം.എൽ.എ.,
അദ്ധ്യക്ഷൻ, ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി

**ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ പ്രവർത്തനഫലമായി സർക്കാർ തലത്തിൽ ഭരണഭാഷ മലയാളത്തിലാക്കുന്നതിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ട് ?**

കേരള സംസ്ഥാന രൂപീകരണം മുതൽ സർക്കാരുകൾ ആഗ്രഹിച്ചിരുന്നത് നമ്മുടെ മാതൃഭാഷയായ മലയാള ഭാഷയിലൂടെ ആയിരിക്കണം ആശയവിനിമയവും ബോധനവും സാധ്യമാകേണ്ട തെന്നാണ്. അതിനാവശ്യമായ നിയമ നിർമ്മാണം നടത്തിയതിന്റെ ഫലമായി 1969 ൽ ഔദ്യോഗിക ഭാഷ നിയമം നിലവിൽ വരികയുണ്ടായി. ഭരണഭാഷാ മാറ്റത്തിന് നേതൃത്വം നൽകുന്നതിനായി 1982 മുതൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഭാഗമായി ഔദ്യോഗിക ഭാഷാ വിഭാഗം പ്രവർത്തിച്ച് വരുന്നു. 2003 ൽ കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി നിലവിൽ വന്നു. സർക്കാർ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുക, മലയാള ഭാഷ ഔദ്യോഗിക ഭാഷയായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ഇത് സംബന്ധിച്ച് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുക തുടങ്ങിയ കർത്തവ്യങ്ങളാണ് സമിതി നിർവ്വഹിച്ചുവരുന്നത്. 2003 മുതൽ 2021 വരെയുള്ള കാലയളവിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ സമിതി നടത്തിയതിന്റെ ഭാഗമായി സമിതിയുടേതായി നിരവധി റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുകയുണ്ടായി.

പതിനഞ്ചാം കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2021-23), 2021 ജൂൺ 16ാം തീയതി നിലവിൽ വന്നു. ഭരണഭാഷ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി സമിതി സർക്കാർ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയവ സന്ദർശിക്കുകയും ഓരോ ജില്ലയിലെയും വിവിധ സർക്കാർ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. കൂടാതെ, സർക്കാർ ഇതര മേഖലകളിലും മലയാള ഭാഷ പരിപോഷിപ്പിക്കുന്നതിനായി നിലകൊള്ളുന്ന എല്ലാ സംരംഭങ്ങളെയും വിജയിപ്പിക്കുന്നതിനായി സമിതി ക്രിയാത്മകമായ ഇടപെടലുകൾ നടത്തിവരുന്നു. ഇക്കാലയളവിൽ മലയാള ഭാഷാപ്രയോഗം ഔദ്യോഗിക മേഖലയിലും വിദ്യാഭ്യാസ രംഗത്തും പൂർണ്ണ തോതിൽ നടപ്പാക്കുന്നതിൽ വൈഷമ്യം നേരിടുന്നതായി സമിതിക്ക് ബോധ്യമാകുകയുണ്ടായി.

മലയാള ഭാഷാ പഠനത്തിനും ഔദ്യോഗിക ഭാഷാ മാറ്റ പുരോഗതിക്കുമുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നത് സംബന്ധിച്ചും മലയാളഭാഷയുടെ പ്രായോഗികത ഭരണരംഗത്തും കോടതി വ്യവഹാരങ്ങളിലും എപ്രകാരം സാധ്യമാകുമെന്നത് സംബന്ധിച്ചും എഴുത്തുകാർ, അധ്യാപകർ, സാംസ്കാരിക പ്രവർത്തകർ, ചരിത്രകാരന്മാർ എന്നിവരിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നത് ഉചിതമായിരിക്കുമെന്ന് സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തും തൃശ്ശൂരും വച്ച് സമിതി സാംസ്കാരിക നായകന്മാരുമായി ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന്റെ പുരോഗതിയും അതിന് വിഘാതമാകുന്ന ഘടകങ്ങളും സംബന്ധിച്ച് ചർച്ച നടത്തുകയും അത് സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**ഭരണ സംവിധാനത്തിൽ മലയാളം മാത്രം ഔദ്യോഗികഭാഷയായി ഉപയോഗിക്കുന്നതിൽ പ്രതിബന്ധങ്ങൾ ഉണ്ടോ? ഇംഗ്ലീഷ് ഭാഷയുടെ തുടർന്നുള്ള ഉപയോഗം എപ്രകാരം മറികടക്കാൻ കഴിയും?**

ഭരണ സംവിധാനത്തിൽ മലയാളം മാത്രം ഔദ്യോഗികഭാഷയായി ഉപയോഗിക്കുന്നതിൽ പ്രതിബന്ധങ്ങൾ ഉണ്ട്. നമ്മുടെ പ്രാഥമിക വിദ്യാഭ്യാസ തലത്തിലും ദ്വിതീയ വിദ്യാഭ്യാസ തലത്തിലും മലയാള ഭാഷയെ പൂർണമായി അവഗണിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതായത് മലയാളം ഒന്നാം ഭാഷയാക്കി മുന്നോട്ടു പോയെങ്കിൽ മാത്രമേ ഭരണരംഗത്തും മറ്റുമുള്ള ഇംഗ്ലീഷ് ഭാഷയുടെ കടന്നുകയറ്റങ്ങളെ ചെറുക്കുവാൻ സാധിക്കുകയുള്ളൂ. ഇംഗ്ലീഷ് സ്വാധീനം വരുന്നിടത്തുനിന്നും അതിനെ സാവകാശം മാറ്റി മലയാളം കൊണ്ടുവരികയും ആ മലയാളത്തെ പരിഗണിക്കുകയുമാണ് ചെയ്യേണ്ടത്. സമിതി അതിനായി പരിശ്രമിക്കുകയാണ്. മാതൃഭാഷയോടുള്ള വൈകാരികമായ സമീപനത്തിൽ എങ്ങനെ ഏകപക്ഷീയമായി ഇടപെടാൻ സാധിക്കുമെന്ന് വളരെ കൃത്യമായി ആലോചിച്ച് ഉചിതമായ നയപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. അതിനായി പാഠ്യപദ്ധതിയിൽ മലയാളഭാഷയിൽ സാംസ്കാരിക പാരമ്പര്യത്തോടും പൈതൃകത്തോടും അഭികാമ്യമുള്ള വിഷയങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

**വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കുന്നതിന് ഏതെല്ലാം ഘടകങ്ങളാണ് തടസ്സമായി നിൽക്കുന്നത് ?**

നമ്മുടെ വിദ്യാഭ്യാസ മേഖല ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തിലാണ്. നമ്മുടെ വിദ്യാഭ്യാസമേഖലയിൽ മാതൃഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് പാഠ്യപദ്ധതിയിൽ പരിഷ്കരണം ആവശ്യമാണ്. മലയാളം പാഠപുസ്തക കമ്മിറ്റി ആരംഭിച്ചകാലം മുതൽ മലയാളം അക്ഷരമാല മലയാള പാഠപുസ്തകങ്ങളിൽ നിർബന്ധമായും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കി വരികയായിരുന്നു. എന്നാൽ 2009 മുതൽ മലയാള പാഠപുസ്തകങ്ങളിൽ നിന്നും അക്ഷരമാല ഒഴിവാക്കിക്കൊണ്ടുള്ള പാഠപുസ്തകങ്ങളാണ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു വരുന്നത്. വിദ്യാഭ്യാസ മേഖലയിലെ പുതിയ പരീക്ഷണങ്ങളുടെ ഭാഗമായി ചെറിയ ക്ലാസുകളിൽ മലയാള ഭാഷാപഠനം ആശയാധിഷ്ഠിതമാക്കുക എന്ന നയം നടപ്പിലാക്കിയതിലൂടെയാണ് അക്ഷരമാല മലയാളം പാഠപുസ്തകങ്ങളിൽ നിന്നും അപ്രത്യക്ഷമായത് എന്ന് കാണാവുന്നതാണ്. അപ്രകാരമുള്ള ആസൂത്രിത വികസനത്തിലൂടെ സ്വരങ്ങളും വ്യഞ്ജനങ്ങളും നമ്മുടെ കുട്ടികൾക്ക് അപ്രാപ്യമായിത്തീരുകയാണുണ്ടായത്. ആയതിനാൽ അക്ഷരമാല മലയാള പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തണമെന്നതാണ് സമിതിയുടെ അഭിപ്രായം.

**മത്സര പരീക്ഷകൾ, പ്രത്യേകിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ മലയാളത്തിലാക്കണമെന്ന ആവശ്യം ശക്തമാണ്. ഇത് എത്രത്തോളം പ്രയോഗത്തിൽ വരുത്തുവാൻ കഴിയും?**

സംസ്ഥാനത്ത് നടത്തുന്ന പി.എസ്.സി. പരീക്ഷകളിൽ ഉദ്യോഗാർത്ഥികളുടെ മലയാളഭാഷാ പരിജ്ഞാനം കൂടി പരിശോധിക്കുന്നത് പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന് കാലതാമസം ഉണ്ടാക്കുമെന്നും നിലവിൽ ഒ.എം.ആർ. രീതിയിലുള്ള ചോദ്യങ്ങൾ ആയതിനാൽ മൂല്യനിർണ്ണയം വേഗത്തിലാണെന്നുമുള്ള പി.എസ്.സി.യുടെ വാദഗതിയോട് സമിതിക്ക് വിയോജിപ്പാണുള്ളത്. സിവിൽ സർവ്വീസ് പരീക്ഷകളിൽപ്പോലും മാതൃഭാഷയിലുള്ള പേപ്പർ നിർബന്ധമാണെന്നിരിക്കെ ആയത് ജയിക്കാത്തവരുടെ മറ്റ് പേപ്പറുകൾ വിലയിരുത്താറില്ല. എല്ലാ പി.എസ്.സി. പരീക്ഷകൾക്കും ഉദ്യോഗാർത്ഥിയുടെ മലയാളഭാഷാ പരിജ്ഞാനം അളക്കുന്നതിന് ഒ.എം.ആർ. അല്ലാത്ത ഒരു പേപ്പർ നിർബന്ധമാക്കണമെന്നും അതിന് നിശ്ചിത മാർക്ക് ലഭിക്കാത്തവരുടെ ഒ.എം.ആർ. ഷീറ്റ് വിലയിരുത്തേണ്ടതില്ലെന്നും ഇതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ഇതിനകം സമിതി ശിപാർശ നൽകിയിട്ടുള്ളതാണ്.

പി.എസ്.സി. പരീക്ഷകളിൽ ഇപ്പോൾ 10 മാർക്കിനുള്ള ചോദ്യങ്ങൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിലെ പ്രാവീണ്യം അളക്കുന്നതിനുതകുന്ന വിധത്തിൽ പരീക്ഷയുടെ ഒരു ഭാഗം മലയാളത്തിൽ എഴുതുന്നത് നിർബന്ധമാക്കുന്നതിന് പി.എസ്.സി.യോട് നിർദ്ദേശിക്കുന്നതിനെക്കുറിച്ചും സമിതി ആലോചിക്കുന്നുണ്ട്.

**സർവ്വകലാശാല പാഠ്യക്രമത്തിൽ മലയാളം നിർബന്ധമായും ഉൾപ്പെടുത്തണമെന്ന നിരീക്ഷണം എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയും?**

സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളുടെ സിലബസിൽ മലയാളം നിർബന്ധമായും ഒരു വിഷയമായി ഉൾപ്പെടുത്തണമെന്നും പ്രസ്തുത കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ ബന്ധപ്പെട്ട കോഴ്സുകളിലെ മലയാളം പേപ്പറുകൾ വിജയിച്ചവർക്കുമാത്രമേ നൽകുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ മുന്നോട്ടുവയ്ക്കണമെന്നും സർവ്വകലാശാലയിലെ പാഠപുസ്തകങ്ങൾ മലയാളം മാധ്യമത്തിൽ കൈകാര്യം ചെയ്യുന്നതിലേക്ക് ആവശ്യമായ നടപടി സ്വീകരിക്കാൻ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല അധികൃതർക്ക് സമിതി ഇതിനകം തന്നെ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**യുവാക്കളിൽ മലയാള ഭാഷയുടെ ഉപയോഗം കുറയുന്നതിനോടൊപ്പം വായനാശീലവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളിലും യുവാക്കളിലും മലയാള പുസ്തകങ്ങളുടെ വായന പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാരിന് നിർദ്ദേശം നൽകാൻ സമിതി ഉദ്ദേശിക്കുന്നുണ്ടോ ?**

യുവാക്കളിൽ മലയാളഭാഷയുടെ ഉപയോഗം കുറയുന്നതിനോടൊപ്പം വായനാശീലവും കുറഞ്ഞിട്ടുണ്ട് എന്നത് വസ്തുതയാണ്. വിദ്യാർത്ഥികൾക്കിടയിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പരിപാടികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഡിജിറ്റൽ മാധ്യമങ്ങളിലൂടെ, പ്രത്യേകിച്ച് നവമാധ്യമങ്ങളിലൂടെ യുവജനങ്ങളിൽ വായനാശീലം വർദ്ധിച്ചുവരുന്ന പ്രവണതയാണ് നിലവിൽ കണ്ടുവരുന്നത്. കൂടാതെ മലയാള ഭാഷ മുമ്പെന്നത്തേക്കാളും കൂടുതലായി യുവാക്കൾ ഉപയോഗിക്കുന്നതായും കാണുന്നു.

**സംസ്ഥാന രൂപീകരണത്തിന്റെ 65ാം വാർഷികം ആഘോഷിക്കുമ്പോഴും മലയാളം ശ്രേഷ്ഠഭാഷാ പദവി കൈവരിച്ചിട്ടും കേരളത്തിന്റെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനായുള്ള ബില്ലിന്മേൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാത്തത് സംബന്ധിച്ച് അങ്ങയുടെ പ്രതികരണം?**

കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ 2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. 1969 ലെ ഔദ്യോഗികഭാഷാ ആക്ട് (ജൂലൈ 7) റദ്ദുചെയ്ത് നിർമ്മിച്ചതാണ് ഈ ബില്ല്. 1969 ലെ നിയമം ഇപ്പോഴും നിലനിൽക്കുന്നതിനാൽ ഔദ്യോഗികഭാഷാ രംഗത്ത് സർക്കാരിന്റെ ഇടപെടലുകൾക്ക് പരിമിതികൾ ഉണ്ടാക്കുന്നുവെന്നത് ഒരു വസ്തുതയാണ്. മലയാള ഭാഷയ്ക്ക് നിത്യജീവിതത്തിലും ഭരണകാര്യങ്ങളിലും മതിയായ പ്രാധാന്യം ലഭിക്കുന്നുണ്ടോയെന്ന് നിരന്തരമായ അന്വേഷണങ്ങൾ നടത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ പോരായ്മകൾ കൃത്യമായി പരിഹരിച്ച് മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. മലയാള ഭാഷാവികസനത്തിന് മാത്രമായി ഒരു പ്രത്യേക വകുപ്പും ആധുനിക കാലം ആവശ്യപ്പെടുന്ന വികസനത്തിനായി ഭാഷാഗവേഷണം നടത്തുന്നതിനാവശ്യമായ ഒരു ഭാഷാ ഡയറക്ടേറ്റും രൂപീകരിക്കുന്നത് അഭികാമ്യമായിരിക്കും.

**കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിന് സമിതി ഇടപെട്ടത് അഭിനന്ദനാർഹമാണ്. ഇതര സംസ്ഥാനങ്ങൾ കോടതിഭാഷ മാതൃഭാഷയിലാക്കിയ സാഹചര്യത്തിൽ സാധാരണ ജനങ്ങൾക്ക് ഇന്നും അപ്രാപ്യമായ കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിന് സമിതി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമോ?**

കോടതി വ്യവഹാരങ്ങൾ പൂർണ്ണമായും മലയാളത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ട് ഉദാഹരണമായി കാണിക്കാവുന്നതാണ്. കൂടാതെ സമിതി വിവിധ കാലയളവുകളിലായി നൽകിയ കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച് സെക്രട്ടറിതലത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദാംശങ്ങൾ ആരാഞ്ഞ് ആവശ്യമായ നിർദേശങ്ങൾ നൽകിവരുന്നുണ്ട്.

**മലയാളഭാഷാ വികസന വകുപ്പ് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും സർക്കാർ നടപടി സ്വീകരിച്ചിട്ടില്ലെന്ന പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സമിതിക്ക് എന്ത് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും ?**

1982 മുതൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഭാഗമായി ഔദ്യോഗികഭാഷാ വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിലവിലുള്ള ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിനെ മലയാളഭാഷാ വികസന വകുപ്പ് എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തിക്കണമെന്നുള്ളതാണ് 2015ലെ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2015ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതോടെ മലയാളഭാഷാ വികസന വകുപ്പ് നിലവിൽ വരുന്നതാണ്.

എട്ടാം കേരള നിയമസഭയിൽ തിരുവല്ലയിൽ നിന്നും ജനത പാർട്ടി പ്രതിനിധിയായി എത്തിയ മാത്യു ടി. തോമസ് പന്ത്രണ്ടാം കേരള നിയമസഭ മുതൽ തുടർച്ചയായി തിരുവല്ല മണ്ഡലത്തിൽ നിന്നുള്ള ജനതാദൾ(എസ്) ജനപ്രതിനിധിയാണ്. 2006-2009 കാലയളവിൽ സംസ്ഥാന ഗതാഗതവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രിയും 2016-2018 കാലയളവിൽ ജലവിഭവ വകുപ്പ് മന്ത്രിയുമായിരുന്നു. കേരള നിയമസഭയിൽ അംഗമാവുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി എന്ന ബഹുമതിക്ക് (എട്ടാം കേരള നിയമസഭാംഗമായപ്പോൾ) കൂടി അർഹനായ തിരുവല്ല സ്വദേശിയായ മാത്യു ടി. തോമസ് 1961 സെപ്റ്റംബർ 27 നാണ് ജനിച്ചത്. നിലവിൽ പതിനഞ്ചാം കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനാണ്.

# ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരത്ത് നിന്ന് പി.ടി തോമസ് യാത്രയായി.........



സമീപകാലത്തൊന്നും ഒരു നേതാവിനും ലഭിക്കാത്തത്ര വികാരനിർഭരമായ യാത്രാമൊഴി ഏറ്റുവാങ്ങി 2021 ഡിസംബർ 22 ന് പി.ടി.തോമസ് എം.എൽ.എ. വിടവാങ്ങുമ്പോൾ തന്റെ ശരികൾക്ക് വേണ്ടി ആരുടെ മുന്നിലും മുട്ടുമടക്കാത്ത ആദർശധീരനായ ഒരു രാഷ്ട്രീയ നേതാവിനെയാണ് കേരളത്തിന് നഷ്ടമായത്. കേരളമെന്ന കൊച്ചുഭൂപ്രദേശത്തെ അതിന്റെ തനിമയിൽ നിലനിർത്തുന്ന പശ്ചിമഘട്ടം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്നും ഉയർത്തിപ്പിടിച്ച നേതാവായിരുന്ന പി.ടി. തോമസ്. അതിന് അദ്ദേഹത്തിനുണ്ടായ വ്യക്തിപരവും രാഷ്ട്രീയപരവുമായ നഷ്ടങ്ങളും അപമാനങ്ങളും ഒറ്റപ്പെടലുകളും വലുതായിരുന്നിട്ടും സ്വന്തം നിലപാടിൽ നിന്നും ഒരിഞ്ചുപോലും അദ്ദേഹം പിന്നാക്കം പോയില്ല. തന്റെ മൃതശരീരത്തിൽ പൂക്കളോ റീത്തോ സമർപ്പിക്കരുതെന്ന പി.ടി.തോമസിന്റെ അന്ത്യാഭിലാഷം പ്രകൃതി അദ്ദേഹത്തിന് എത്രമാത്രം പ്രിയപ്പെട്ടതായിരുന്നു എന്നതിന്റെ തെളിവാണ്. പരിസ്ഥിതി പ്രവർത്തനം പൊതുപ്രവർത്തനത്തിന്റെ ഭാഗമായാണ് പി.ടി. തോമസ് കണ്ടിരുന്നത്. അതുകൊണ്ടുതന്നെയാണ് പശ്ചിമഘട്ട സംരക്ഷണത്തിനായി മാധവ് ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശങ്ങൾ അംഗീകരിക്കണമെന്ന് പി.ടി.തോമസ് നിലപാട് സ്വീകരിച്ചത്. മരണത്തിലും തന്റെ പാരിസ്ഥിതിക നിലപാട് ഉയർത്തിപ്പിടിക്കാനായി എന്നതാണ് പി.ടി.തോമസിനെ വേറിട്ട വ്യക്തിത്വത്തിനുടമയാക്കിയത്.

ഇടുക്കി ജില്ലയിലെ ഉപ്പുതോട് പുതിയ പറമ്പിൽ തോമസിന്റേയും അന്നമ്മയുടെയും മകനായി 1950 ഡിസംബർ 12 ന് ജനിച്ച പി.ടി. തോമസ് കെ.എസ്.യുവിലൂടെയാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രതിനിധിയായി ഒൻപതും, പതിനൊന്നും കേരള നിയമസഭകളിൽ തൊടുപുഴ മണ്ഡലത്തിൽ നിന്ന് നിയമസഭയിലെത്തിയ അദ്ദേഹം പതിനാലാം കേരള നിയമസഭ മുതൽ മരണംവരെ തൃക്കാക്കര മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചു. നിയമസഭാ സാമാജികനെന്ന നിലയിൽ മികച്ച പ്രകടനം കാഴ്ചവച്ച പി.ടി.തോമസ് വിഷയങ്ങൾ അപഗ്രഥിച്ച് സഭയിൽ അവതരിപ്പിക്കുന്നവരിൽ അഗ്രഗണ്യനായിരുന്നു. മുഖം നോക്കാതെ തന്റെ നിലപാടുകളിലുറച്ച് നിന്ന് ആരോപണങ്ങളിലൂടെ എതിർപക്ഷത്തെ പ്രതിരോധത്തിലാക്കുകയും എതിർ ആരോപണങ്ങളെ പ്രത്യാരോപണങ്ങളിലൂടെ പ്രതിരോധിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ വാക്ചാതുരി സഭാ സമ്മേളനങ്ങളിൽ ശ്രദ്ധയാകർഷിച്ചവയാണ്.

ഒൻപതാം കേരള നിയമസഭയിൽ പറമ്പിക്കുളം മുല്ലപ്പെരിയാർ നദീജല കരാറുകൾ സംബന്ധിച്ച അഡ്ഹോക്ക് കമ്മിറ്റിയിൽ പി.ടി. തോമസ് അംഗമായിരുന്നു. കൂടാതെ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V ലും സർക്കാർ നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയിലും അംഗമായിരുന്നു. പതിനൊന്നാം കേരള നിയമസഭയിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി, സബോർഡിനേറ്റ് ലെജിസ്ലേഷൻ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ലൈബ്രറി ഉപദേശക സമിതി എന്നിവയിൽ അംഗമായിരുന്നു. പതിനാലാം കേരള നിയമസഭയിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III ലും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിലും അംഗമായിരുന്ന പി.ടി.തോമസ് പതിനഞ്ചാം കേരളനിയമസഭയിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവയിൽ അംഗമായിരുന്നു. പതിനൊന്നാം കേരള നിയമസഭയിൽ രണ്ട് അനൗദ്യോഗിക പ്രമേയങ്ങളും പതിനാലാം കേരള നിയമസഭയിൽ നാല് അനൗദ്യോഗിക പ്രമേയങ്ങളും അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. 2021 ജൂലൈ 23 ന് അവതരിപ്പിച്ച '2021 ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ' ആണ് അവസാനമായി അവതരിപ്പിച്ച അനൗദ്യോഗിക ബിൽ. പതിനഞ്ചാം കേരള നിയമസഭയിൽ നാലോളം അടിയന്തര പ്രമേയങ്ങൾക്ക് അനുമതി തേടുന്നതിന് നേതൃത്വം വഹിച്ചു. 2021 ഒക്ടോബർ 5 ന് പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് നൽകിയ അടിയന്തര പ്രമേയ നോട്ടീസാണ് അവസാനത്തേത്. 2021 ഒക്ടോബർ 29 വരെ അദ്ദേഹം സഭയിൽ ഹാജരായിരുന്നു. സഭയിലെ അവസാന ദിവസവും കർമ്മനിരതനായിരുന്ന അദ്ദേഹം തൃക്കാക്കര മണ്ഡലത്തിൽ ഒരു കേന്ദ്രീയ വിദ്യാലയം തുടങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സബ്മിഷൻ അവതരിപ്പിച്ചിരുന്നു. സഭാ നടപടികൾക്ക് വളരെയധികം പ്രാധാന്യം നൽകിയ സാമാജികനായിരുന്ന പി.ടി. തോമസ്. സഭാ നടപടികളുടെ ആദ്യാവസാനം അതിൽ സക്രിയമായി അദ്ദേഹം പങ്കെടുത്തിരുന്നു.

2009-2014 കാലഘട്ടത്തിൽ ഇടുക്കി മണ്ഡലത്തിൽ നിന്നുള്ള ലോക്സഭാംഗമായിരുന്ന പി.ടി. തോമസ് പാർലമെന്റിലെ വിവിധ കമ്മിറ്റികളിൽ അംഗമായിരുന്നു. 1990 ൽ വാത്തിക്കുടി ഡിവിഷനിൽ നിന്ന് ഇടുക്കി ജില്ലാ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പി.ടി. തോമസ് കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, ഇടുക്കി ഡി.സി.സി. പ്രസിഡന്റ്, എ.ഐ.സി.സി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കെ.പി.സി.സി. വർക്കിംഗ് പ്രസിഡന്റായിരിക്കെയാണ് അന്ത്യം. പതിനഞ്ച് വർഷം സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗമായിരുന്നു. സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി, കേരള സർവ്വകലാശാല സെനറ്റ് എന്നിവയിൽ അംഗമായിരുന്നു. മാനവ സംസ്കൃതി സംസ്ഥാന ചെയർമാൻ, 1989 ൽ വെനീസിൽ വച്ച് നടന്ന ഇന്റർനാഷണൽ യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുത്ത ഇന്ത്യൻ ടീമിന്റെ ലീഡർ, കലാ സാംസ്കാരിക സംഘടനകൾക്കുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുനരവലോകനം ചെയ്യുന്നതിനായി കേരള സർക്കാർ നിയമിച്ച സമിതിയുടെ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. വീക്ഷണം ദിനപത്രത്തിന്റെ മാനേജിംഗ് ഡയറക്ടറായും ചീഫ് എഡിറ്ററുമായും പ്രവർത്തിച്ചിട്ടുണ്ട്. 'വലിച്ചെറിയാത്ത വാക്കുകൾ', 'എ.ഡി.ബി.യും പ്രത്യയശാസ്ത്രശാഠ്യങ്ങളും' എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

മരണശേഷം മൃതദേഹം ദഹിപ്പിക്കണമെന്നും മതാനുഷ്ഠാനങ്ങൾക്ക് പകരം വയലാർ രാമവർമ്മയുടെ 'ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം' എന്ന ഗാനം കേൾപ്പിക്കണമെന്നുമുള്ള പി.ടി. തോമസിന്റെ അന്ത്യാഭിലാഷം ഒരേ സമയം അദ്ദേഹത്തിലെ പ്രകൃതിസ്നേഹിയേയും നിലപാടുകളിലെ കാർക്കശ്യക്കാരനേയും ഓർമ്മപ്പെടുത്തി ജനമനസുകളിൽ ഇടം നേടിക്കൊടുത്തു.



'മികച്ച പ്രാസംഗികനും സംഘാടകനുമായിരുന്ന പി.ടി. തോമസ്. തന്റെ രാഷ്ട്രീയനിലപാടുകൾ മുൻനിർത്തി നിയമസഭയ്ക്കകത്തും പുറത്തും വിഷയങ്ങൾ അവതരിപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം.'

പിണറായി വിജയൻ,
മുഖ്യമന്ത്രി



'നിയമനിർമ്മാണവേളയിൽ പി.ടി. തോമസ് പുലർത്തുന്ന ഉത്തരവാദിത്വവും പ്രതിബദ്ധതയുമാണ് ഏറ്റവും ശ്രദ്ധേയമായി തോന്നിയിട്ടുള്ളത്. ശക്തമായി ഇടപെട്ടും നല്ല ഗൃഹപാഠം ചെയ്തുകൊണ്ടുമാണ് നിയമസഭയിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നത്.'

എം.ബി.രാജേഷ്,
നിയമസഭാ സ്പീക്കർ



'എന്നും ശരിയുടെ പക്ഷത്തു മാത്രം നിന്ന നേതാവായിരുന്ന പി.ടി. തോമസ്. പരിസ്ഥിതി, സ്ത്രീസുരക്ഷാ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ സത്യസന്ധമായ നിലപാടുകൾ മാതൃകയാണ്.'

വി.ഡി.സതീശൻ,
പ്രതിപക്ഷനേതാവ്

## വിജ്ഞാനപഥം



1. "മഹാത്മാ ഗാന്ധി കീ ജയ്" എന്ന വിളിയോടെ പാസ്സാക്കപ്പെട്ട ഭരണഘടനയിലെ അനുച്ഛേദം ഏതാണ് ?
   **അനുച്ഛേദം 17 (അയിത്ത നിർമാർജ്ജനം)**
2. "റിപ്പബ്ലിക്" എന്ന വാക്ക് എന്തിനെയാണ് സൂചിപ്പിക്കുന്നത് ?
   **തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രത്തലവനെ**
3. "സോഷ്യലിസം" എന്ന വാക്ക് ഭരണഘടനയിൽ ഉൾപ്പെടുത്തിയത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ?
   **1976 ലെ 42 ാം ഭരണഘടനാ ഭേദഗതി**
4. നിയമസഭാ സാമാജികരുടെ അധികാരങ്ങളും പ്രത്യേക അവകാശങ്ങളും സംരക്ഷണവും ഉറപ്പാക്കുന്ന ഭരണഘടനാ വ്യവസ്ഥ ?
   **അനുച്ഛേദം 194**
5. ഹേബിയസ് കോർപ്പസ്(Habeas Corpus) എന്ന വാക്കിന്റെ അർത്ഥം എന്താണ് ?
   **നിങ്ങൾക്ക് ശരീരമേറ്റെടുക്കാം**
6. ഭരണഘടനയുടെ ഏത് അനുച്ഛേദമാണ് സുപ്രീംകോടതിയെ 'കോർട്ട് ഓഫ് റെക്കോർഡാക്കി' തീർത്തിരിക്കുന്നത്?
   **അനുച്ഛേദം 129**
7. ഇൻഡ്യൻ ഭരണഘടനയുടെ 'ഹൃദയവും ആത്മാവും' എന്ന് ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിച്ചത് ഏതിനെ ?
   **ഭരണഘടനാപരമായി പരിഹാരം തേടുന്നതിനുള്ള അവകാശം (അനുച്ഛേദം 32)**
8. നിയമസഭ രൂപീകരിക്കുന്നത് ഭരണഘടനയുടെ ഏത് അനുച്ഛേദ പ്രകാരമാണ്?
   **അനുച്ഛേദം 168**
9. 'ഒരു ഭരണഘടന എത്ര നല്ലതായിരുന്നാലും അത് പ്രാവർത്തികമാക്കാൻ നിയുക്തരാകുന്നവർ നന്നല്ലെങ്കിൽ നിശ്ചയമായും അത് ചീത്തയായ് തീരുമെന്നതിൽ സന്ദേഹമില്ല' ഈ പരാമർശം ആരുടേതാണ്?
   **ഡോ. ബി.ആർ. അംബേദ്കർ**
10. പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങൾക്ക് ലോക്സഭയിൽ സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നതുമായി ബന്ധപ്പെട്ട ഭരണഘടന അനുച്ഛേദം ഏതാണ്?
    **അനുച്ഛേദം 330**

ഇതരസഭാ വാർത്തകളിലൂടെ

## മഹാരാഷ്ട്രയിൽ സ്പീക്കർ തെരഞ്ഞെടുപ്പ് മാറ്റിവച്ചു

ശബ്ദ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതിനുള്ള നിയമഭേദഗതി വിവാദമായതിനു പിന്നാലെ സ്പീക്കർ തെരഞ്ഞെടുപ്പ് അടുത്ത നിയമസഭാ സമ്മേളനത്തിലേക്ക് മാറ്റി മഹാരാഷ്ട്ര സർക്കാർ. മഹാരാഷ്ട്ര നിയമസഭയുടെ ശീതകാല സമ്മേളനം 2021 ഡിസംബർ 28 ന് അവസാനിക്കുന്നതിനുമുമ്പായി സ്പീക്കർ തെരഞ്ഞെടുപ്പ് നടത്തുന്നതിനു വേണ്ടി രണ്ട് പ്രാവശ്യം കത്ത് നൽകിയെങ്കിലും ഗവർണർ ഭഗത് സിംഗ് ഖോഷിയാരി പ്രതികരിച്ചില്ല. രഹസ്യ ബാലറ്റിനു പകരം ശബ്ദ വോട്ടോടെ സ്പീക്കർ തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് മഹാരാഷ്ട്ര നിയമസഭാ ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ ഭരണഘടനാ വിരുദ്ധമാണെന്നും ഇത് സംബന്ധിച്ച നിയമോപദേശം തേടിയ ശേഷമേ തീരുമാനമെടുക്കുകയുള്ളൂ എന്നും ഗവർണർ തന്നെ സന്ദർശിച്ച ഭരണകക്ഷിയായ മഹാ വികാസ് അഘാഡി പ്രതിനിധികളെ അറിയിച്ചു. തുടർന്ന് ഇക്കാര്യത്തിൽ ഒരു ഏറ്റുമുട്ടൽ ഒഴിവാക്കാനാണ് സ്പീക്കർ തെരഞ്ഞെടുപ്പ് മാറ്റിവച്ചത്.

സ്പീക്കറായിരുന്ന നാന പട്ടോൾ രാജിവച്ച ഒഴിവിലേക്കാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. നിയമസഭാ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി ഭരണഘടനാ വിരുദ്ധമാണെന്ന് അഡ്വക്കേറ്റ് ജനറൽ സർക്കാരിന് നിയമോപദേശം നൽകിയിരുന്നു.


ഭഗത് സിംഗ് ഖോഷിയാരി

## അൻപത്തി ഒൻപത് ദിവസത്തിൽ കൂടുതൽ എം.എൽ.എ.യെ സസ്പെന്റ് ചെയ്യാൻ നിയമസഭയ്ക്ക് അധികാരമില്ല – സുപ്രീംകോടതി



സഭാ നടപടികളുടെ ഭാഗമായി അംഗങ്ങളെ സസ്പെന്റ് ചെയ്യാൻ നിയമസഭകൾക്ക് അധികാരമുണ്ടെങ്കിലും അൻപത്തൊൻപത് ദിവസത്തിൽ കൂടുതലുള്ള സസ്പെൻഷൻ ഭരണഘടനാ വിരുദ്ധമെന്ന് സുപ്രീംകോടതി. സഭാദ്ധ്യക്ഷനോട് മോശമായി പെരുമാറിയെന്നാരോപിച്ച് 2021 ജൂലൈ 5 ന് മഹാരാഷ്ട്ര നിയമസഭയിൽ നിന്ന് ഒരു വർഷത്തേക്ക് സസ്പെന്റ് ചെയ്യപ്പെട്ട പന്ത്രണ്ട് ബി.ജെ.പി. എം.എൽ.എ. മാരുടെ ഹർജി പരിഗണിക്കവെയാണ് പരമോന്നത കോടതിയുടെ നിരീക്ഷണം. നിയമസഭയുടെ നടപടി ഭരണഘടനാപരമായ ശൂന്യത സൃഷ്ടിക്കുമെന്നും സഭയിൽ പ്രതിനിധീകരിക്കപ്പെടാനുള്ള പന്ത്രണ്ട് നിയമസഭാ മണ്ഡലങ്ങളുടെ ഭരണഘടനാപരമായ അവകാശമാണ് ഇവിടെ ഹനിക്കപ്പെട്ടതെന്നും കോടതി പരാമർശിച്ചു. ജസ്റ്റിസ് എ.എം.ഖൻവിൽകാറിന്റെ നേതൃത്വത്തിലുള്ള ബഞ്ചാണ് കേസ് പരിഗണിച്ചത്. ജസ്റ്റിസ് ദിനേഷ് മഹേശ്വരി, ജസ്റ്റിസ് സി.റ്റി.രവികുമാർ എന്നിവരാണ് മറ്റംഗങ്ങൾ. പുറത്താക്കലിനേക്കാൾ ഭയാനകമാണ് ഇത്തരം സസ്പെൻഷനുകളെന്ന് പരാമർശിച്ച കോടതി, അതിന്റെ പരിണതഫലങ്ങൾ ഗുരുതരമായിരിക്കുമെന്നും ചൂണ്ടിക്കാട്ടി. ഭരണഘടനയുടെ അനുച്ഛേദം 190(4) അനുസരിച്ച് മുൻകൂർ അനുമതിയില്ലാതെ ഒരു സഭാംഗം തുടർച്ചയായി അറുപത് ദിവസം സഭയിൽ ഹാജരാകാതിരുന്നാൽ ആ സീറ്റ് ഒഴിവുള്ളതായി കണക്കാവുന്നതാണെന്ന് ചൂണ്ടിക്കാട്ടിയ കോടതി, പന്ത്രണ്ട് അംഗങ്ങളെ സസ്പെന്റ് ചെയ്ത നടപടി അറുപത് ദിവസങ്ങൾ പിന്നിട്ടതിനാൽ നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ഭരണഘടനാ വിരുദ്ധമാകുമെന്നും സൂചിപ്പിച്ചു. ജനാധിപത്യ പ്രക്രിയയിൽ അപകടകരമായ കീഴ്‌വഴക്കമാണ് ഇത് സൃഷ്ടിക്കുന്നതെന്നും കോടതി നിരീക്ഷിച്ചു. എ.എൽ.എ മാരെ സമ്മേളന കാലാവധിക്കുശേഷവും സസ്പെൻഷനിൽ നിർത്തിയത് അനുചിതവും യുക്തിരഹിതവുമാണെന്ന് നിരീക്ഷിച്ച കോടതി മഹാരാഷ്ട്ര നിയമസഭയുടെ നടപടി 2022 ജനുവരി 22 ന് റദ്ദാക്കി.

നേരത്തേ വിഷയം പരിശോധിച്ച പരമോന്നത കോടതി അംഗങ്ങളുടെ സസ്പെൻഷനിലേക്ക് നയിച്ച സംഭവം ആഴത്തിൽ പരിശോധന വേണമെന്ന് അഭിപ്രായപ്പെടുകയും 2021 ഡിസംബർ 14 ന് മഹാരാഷ്ട്ര നിയമസഭയ്ക്കും സംസ്ഥാന സർക്കാരിനും നോട്ടീസയക്കുകയും ചെയ്തു.

## അഞ്ച് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ്

ഉത്തർപ്രദേശ്, പഞ്ചാബ്, ഉത്തരാഖണ്ഡ്, മണിപ്പൂർ, ഗോവ എന്നീ അഞ്ച് സംസ്ഥാനങ്ങളിലേക്കുള്ള നിയമസഭാ തെരഞ്ഞെടുപ്പ് ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ചു. ഫെബ്രുവരി 10 മുതൽ മാർച്ച് 7 വരെ ഏഴ് ഘട്ടങ്ങളായാണ് തെരഞ്ഞെടുപ്പ് നടക്കുക. രാജ്യത്തെ കോവിഡ്, ഒമിക്രോൺ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമുള്ള കർശന മാനദണ്ഡങ്ങളോടെയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. 2022 ജനുവരി 15 വരെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള യാതൊരു റാലികളും അനുവദിച്ചിരുന്നില്ല. തെരഞ്ഞെടുപ്പ് പ്രചാരണം പരമാവധി ഡിജിറ്റൽ മീഡിയയിലൂടെ നടത്തണമെന്ന നിർദ്ദേശവും കമ്മീഷൻ നൽകിയിട്ടുണ്ട്. അഞ്ച് സംസ്ഥാനങ്ങളിലായി 690 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് തെരഞ്ഞെടുപ്പ്. ആകെ 18.34 കോടി വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കും. ഏറ്റവും കൂടുതൽ അസംബ്ലി മണ്ഡലങ്ങളുള്ളത് ഉത്തർപ്രദേശിലാണ്. ഏറ്റവും കുറവ് ഗോവയിലും. ഉത്തർപ്രദേശ് 403, പഞ്ചാബ് 117, ഉത്തരാഖണ്ഡ് 70, മണിപ്പൂർ 60, ഗോവ 40 എന്നിങ്ങനെയാണ് നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം. മാർച്ച് 10 നാണ് വോട്ടെണ്ണൽ.

## ചിത്രജാലകം


1982 ൽ നിയമസഭാ രജതജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനത്തിനായി അന്നത്തെ രാഷ്ട്രപതി ഗ്യാനി സെയിൽസിംഗ് എത്തിയപ്പോൾ


2022 ജനുവരി 26 ലെ റിപ്പബ്ലിക് ദിനത്തിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിയമസഭാ സമുച്ചയത്തിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

# നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷം



2021 ൽ നൂറ് വർഷം പൂർത്തിയാക്കിയ കേരള നിയമസഭാ ലൈബ്രറിയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആഘോഷം 2021 ഡിസംബർ 16 ന് നിയമസഭാ സ്പീക്കർ എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ശതാബ്ദി ആഘോഷങ്ങളുടെ ലോഗോ പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ലൈബ്രറി ഉപദേശക സമിതി അംഗം ഡോ.എം.കെ.മുനീറിന് നൽകി പ്രകാശനം ചെയ്തു. പരിപാടിയിൽ 'വായനയും സാമൂഹ്യ പരിവർത്തനവും' എന്ന വിഷയത്തെ കുറിച്ച് സംസ്കൃത സർവ്വകലാശാല മുൻ പ്രോ വൈസ് ചാൻസലർ ഡോ.കെ.എസ്.രവികുമാർ പ്രഭാഷണം നടത്തി. ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ.തോമസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. റവന്യൂ വകുപ്പുമന്ത്രി കെ.രാജൻ, ഗവ.ചീഫ് വിപ്പ് ഡോ.എൻ.ജയരാജ്, ലൈബ്രറി ഉപദേശക സമിതി അംഗവും മുൻമന്ത്രിയുമായ ഡോ. എം.കെ. മുനീർ, സാമാജികരായ മാത്യു ടി. തോമസ്, മോൻസ് ജോസഫ് എന്നിവർ ആശംസകൾ നേർന്നു. സമിതിയംഗം കെ.ആൻസലൻ കൃതജ്ഞത രേഖപ്പെടുത്തി. ലോഗോ രൂപകൽപന ചെയ്ത നിയമസഭാ ജീവനക്കാരൻ ബിജു ഡേവിഡ് ജോൺസിനെ ചടങ്ങിൽ അഭിനന്ദിച്ചു.

ആശയങ്ങളെ നശിപ്പിക്കാൻ പ്രതിലോമ ശക്തികൾ പുസ്തകങ്ങൾ ചുട്ടെരിക്കുകയും മ്യൂസിയങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും ആക്രമിക്കുകയും ചെയ്യുന്ന കാലത്ത് ഗ്രന്ഥശാലകൾക്ക് സമൂഹത്തിൽ വലിയ പങ്ക് വഹിക്കാനുണ്ടെന്ന് സ്പീക്കർ എം.ബി.രാജേഷ് അഭിപ്രായപ്പെട്ടു. ലൈബ്രറി ആശയങ്ങളുടെ ആയുധപ്പുരകളാണെന്നും കേരള നിയമസഭാ ലൈബ്രറി കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം കേരളത്തിലാകെ ഉണ്ടായിട്ടുള്ള സാമൂഹ്യമാറ്റങ്ങൾക്ക് നിദാനമായ ആശയങ്ങൾക്കും, നിയമനിർമ്മാണങ്ങൾക്കും, സംവാദങ്ങൾക്കും ഊർജ്ജ സ്രോതസ്സായി പ്രവർത്തിച്ചിട്ടുണ്ടെന്നും പ്രധാനമായും എം.എൽ.എ.മാരുടെ ആവശ്യത്തിനായുള്ള ഒരു സംവിധാനം എന്നതിനൊപ്പം നിയമസഭയ്ക്കകത്തും പുറത്തുമുള്ള ഗവേഷകർ, വിദ്യാർത്ഥികൾ, താല്പര്യമുള്ള മറ്റാളുകൾ തുടങ്ങി എല്ലാവർക്കുമായി ലൈബ്രറി സംവിധാനം ലഭ്യമാക്കണമെന്നാണ് ആഗ്രഹിക്കുന്നതെന്നും നൂറാം വാർഷികാഘോഷപരിപാടികൾ നിയമസഭാ ലൈബ്രറിയെ കൂടുതൽ ജനകീയമാക്കുന്നതിനുള്ള തുടക്കം കൂടിയായിരിക്കുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

മലബാറിൽ ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽ ജീവിച്ചിരുന്ന നമ്പൂതിരി സമുദായത്തിലെ ഒരംഗമായിരുന്ന ദേവകി നിലയങ്ങോടിന്റെ ജീവിത ചരിത്രം ഓർമ്മിപ്പിച്ച് കേരളത്തിന്റെ സാമൂഹ്യ നവോത്ഥാന ചരിത്രത്തിന്റെ ആദ്യകാലചരിത്രം വിവരിച്ചായിരുന്നു ഡോ.കെ.എസ്.രവികുമാറിന്റെ പ്രഭാഷണം ആരംഭിച്ചത്. കേരളത്തെ രൂപപ്പെടുത്തിയ ഔദ്യോഗിക ചരിത്രത്തിനപ്പുറം സമൂഹത്തിന്റെ പൊതുവികാരം രൂപപ്പെടുത്തിയ ഒരു അനൗദ്യോഗിക ചരിത്രം കൂടി നമുക്കുണ്ടെന്നും അക്ഷരങ്ങൾ പഠിക്കാനും, ആശയങ്ങൾ രൂപീകരിക്കാനും സമരം ചെയ്ത നാടാണ് നമ്മുടേതെന്നും, ഒരു കാലത്ത് പുസ്തകങ്ങൾ വായിക്കുന്നത് വലിയ തെറ്റായി പ്രമാണി വർഗ്ഗം കണ്ടിരുന്നത് സ്ത്രീകളെയായിരുന്നു ഏറെ ബാധിച്ചിരുന്നതെന്നും അദ്ധ്യാപകനും, നിരൂപകനും, കാലടി സംസ്കൃത സർവ്വകലാശാല മുൻ പ്രോ വൈസ് ചാൻസലറുമായ ഡോ.കെ.എസ്. രവികുമാർ പറഞ്ഞു.




ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച് നിയമസഭാ ലൈബ്രറിയിലെ ഗ്രന്ഥങ്ങളും സേവനങ്ങളും, പ്രസിദ്ധീകരണങ്ങളും, ലൈബ്രറിയുടെ ആധുനികവൽക്കരണവും കോർത്തിണക്കി ഒരു ലഘു വീഡിയോ പ്രദർശിപ്പിച്ചു. നിയമസഭാ ലൈബ്രറിയിലെ ഏറ്റവും മൂല്യവത്തായ വിജ്ഞാന സ്രോതസ്സുകൾ നിയമസഭാ നടപടിക്രമങ്ങൾ, രാജഭരണ കാലത്തെ തിട്ടൂരങ്ങൾ, കോഡുകൾ, രാജകീയ വിളംബരങ്ങൾ, ഗസറ്റുകൾ, സെൻസസ് റിപ്പോർട്ടുകൾ, അമേരിക്ക-ബ്രിട്ടീഷ് പാർലമെന്റുകളുടെ നടപടിക്രമങ്ങൾ, 1948 മുതലുള്ള ദേശബന്ധു പത്രം, കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കമ്മിറ്റി/കമ്മീഷൻ റിപ്പോർട്ടുകൾ, ഭരണ റിപ്പോർട്ടുകൾ, ഭരണഘടനാ നിർമ്മാണ സഭയുടെ നടപടിക്രമങ്ങൾ, സുവനീറുകൾ, പുരാതന നിഘണ്ടുക്കൾ, വിവിധ വിജ്ഞാനകോശങ്ങൾ, പാർലമെന്റും നിയമസഭയും പാസ്സാക്കിയ നിയമങ്ങൾ, ഓർഡിനൻസുകൾ, പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ, നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകൾ, സ്റ്റേറ്റ് മാന്വലുകൾ, കേന്ദ്ര സംസ്ഥാന ബജറ്റ് ഡോക്യുമെന്റുകൾ, മുൻ വർത്തമാന പത്രങ്ങൾ, മുൻ ആനുകാലികങ്ങൾ, പൊതുവിഭാഗത്തിലെ ഗ്രന്ഥങ്ങൾ, ആത്മകഥ/ജീവചരിത്ര ഗ്രന്ഥങ്ങൾ, ഭരണഘടന, പാർലമെന്ററി ഗ്രന്ഥങ്ങൾ എന്നിവയെ സംബന്ധിച്ചും ലൈബ്രറി ഉപദേശക സമിതിയുടെ ഘടന, ലൈബ്രറി പ്രസിദ്ധീകരണങ്ങൾ, സേവനങ്ങൾ, ഡേറ്റാ ബേസുകൾ, പുരാതനവും മൂല്യവത്തായതുമായ രേഖകളുടെ ഭൗതിക സംരക്ഷണം, ഡിജിറ്റൈസേഷൻ, റഫറൻസ് സംവിധാനം, ഡോക്യുമെന്റേഷൻ എന്നീ പ്രധാനപ്പെട്ട ലൈബ്രറി പ്രവർത്തനങ്ങളും കുട്ടികളുടെ ലൈബ്രറി പ്രവർത്തനങ്ങളും, സി.ഡി.ലൈബ്രറി സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയ എട്ട് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ആണ് പ്രദർശിപ്പിച്ചത്.

ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് അന്നേ ദിവസം രാവിലെ 10 മണിക്ക് അസംബ്ലി ബ്ലോക്കിൽ നിയമസഭാ സാമാജികരുടെ ഗ്രന്ഥങ്ങളും, കാർട്ടൂണുകളും, കാരിക്കേച്ചറുകളും, ജ്ഞാനപീഠം, എഴുത്തച്ഛൻ പുരസ്കാരങ്ങൾ നേടിയ മലയാള സാഹിത്യകാരൻമാരുടെ രചനകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ട് ദിവസത്തെ പുസ്തക പ്രദർശനം ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ. തോമസ് എം.എൽ.എ. നിർവ്വഹിച്ചു.

## പ്രാദേശിക ചരിത്രരചന സംസ്ഥാനതല വിജയികളെ അനുമോദിച്ച് നിയമസഭാ സ്പീക്കർ

K - LAMPS
[പാർലമെന്ററി സ്റ്റഡീസ്]

നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ(പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ 2021 ഡിസംബർ 29 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ 'സമഗ്ര ശിക്ഷ കേരള'-യുടെ പ്രാദേശിക ചരിത്രരചന സംസ്ഥാനതല വിജയികളായ വിദ്യാർത്ഥികൾ നിയമസഭാ സ്പീക്കറുമായി കൂടിക്കാഴ്ച നടത്തി. കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് സ്വാഗതം ആശംസിച്ച പരിപാടിയിൽ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വിജയികളായ വിദ്യാർത്ഥികളെ അനുമോദിച്ചു. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ ഭരണഘടനയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണം നടത്തി.

ഭരണഘടന സംബന്ധിച്ച ധാരണ വിദ്യാർത്ഥികളിൽ ഉണ്ടാക്കുക എന്നത് അത്യാവശ്യമാണെന്നും ഭാരതത്തെ ആധുനികതയിലേക്ക് നയിക്കുന്നത് ഭരണഘടനയാണെന്നും രാജ്യസ്നേഹത്തിന്റെ യഥാർത്ഥ മാനദണ്ഡം ഭരണഘടനയോട് എത്രത്തോളം കൂറ് പുലർത്തുക എന്നതാണെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു. മനുഷ്യൻ കടന്നുവന്ന വഴികളെക്കുറിച്ച് അറിയുവാൻ ചരിത്രബോധമുണ്ടാകണമെന്നും ചരിത്രബോധം, ശാസ്ത്ര ബോധം, യുക്തിചിന്ത, വിമർശനബുദ്ധി എന്നിവ ഉള്ളവരായി പുതുതലമുറ വളർന്നുവരട്ടെയെന്നും സ്പീക്കർ പ്രസംഗത്തിൽ ആശംസിച്ചു.സ്കൂളുകളിൽ പഠന യാത്രകൾ സംഘടിപ്പിക്കുമ്പോൾ അവ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്കാക്കുവാൻ അധ്യാപകർ ശ്രദ്ധിക്കണമെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു.

കൊവിഡ് കാലഘട്ടത്തിലും കേരളത്തിലെ പൊതുവിദ്യാഭ്യാസം ഡിജിറ്റൽ പഠന രീതിയിലൂടെ സജീവമായിരുന്നുവെന്നും കഴിഞ്ഞ 5 വർഷക്കാലം വിദ്യാഭ്യാസ മേഖലയിൽ കേരളം നടത്തിയ മുന്നേറ്റം തുടർന്നുള്ളവർഷങ്ങളിലും ഉണ്ടാകുമെന്നും ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമ്പോൾ കേരളത്തിന്റേതായ പാഠ്യപദ്ധതി നടപ്പാക്കുന്നതിൽ ശ്രദ്ധ ചെലുത്തുമെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വ്യക്തമാക്കി.



എഴുതപ്പെട്ട ഭരണഘടനയിൽ എറ്റവും വലിയ ഭരണഘടനയായ നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനമൂല്യം ആമുഖത്തിൽ നിക്ഷിപ്തമാണെന്ന് അഭിപ്രായപ്പെട്ട നിയമസഭാ സെക്രട്ടറി ഭരണഘടനയെക്കുറിച്ച് അവബോധം ഉണ്ടാകേണ്ടതിന്റെയും ഭരണഘടന വാഗ്ദാനം നൽകുന്ന അവകാശങ്ങളോടൊപ്പം തന്നെ കർത്തവ്യങ്ങളെക്കുറിച്ചും ബോധവാന്മാരാകേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും വിദ്യാർത്ഥികളോട് വിശദീകരിച്ചു. ദേശീയഗാനത്തെ ആദരിക്കുകയും സ്വാതന്ത്ര്യസമര നേതാക്കൻമാരെ ആദരവോടെ കാണുകയും ചെയ്യുന്ന ഒരു പുതുതലമുറ വളർന്നുവരട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

## കുട്ടികളെ പരിശീലിപ്പിച്ച് 'ക്ലൈമറ്റ് അംബാസഡർ'മാരാക്കണം – സ്പീക്കർ



കുട്ടികളെ പരിശീലിപ്പിച്ച് 'ക്ലൈമറ്റ് അംബാസഡർ 'മാരായി നിയോഗിക്കുക എന്ന ആശയം മുന്നോട്ട് വച്ച് നിയമസഭാ സ്പീക്കർ എം.ബി.രാജേഷ്. കെ-ലാംപ്സ് പാർലമെന്ററി സ്റ്റഡീസിന്റെയും യുണിസെഫ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ 2021 ഡിസംബർ 10 ന് ചേർന്ന സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും ഏറിവരുന്ന ഇക്കാലത്ത് അത്തരം സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാനും അതിനെ മറികടക്കുവാനും കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണെന്ന് സ്പീക്കർ പറഞ്ഞു.

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയെ അഭിനന്ദിച്ച് സംസാരിച്ച യുണിസെഫ് ഇന്ത്യയുടെ സോഷ്യൽ പോളിസി, പ്ലാനിംഗ് ആന്റ് ഇവാലുവേഷൻസ് മേധാവി ഹ്യെയ്ൻ ഹീ ബാൻ ആരോഗ്യ സംരക്ഷണ മേഖലയിലും പോഷകാഹാരം, ജലലഭ്യത, ശുചീകരണം എന്നീ മേഖലകളിലും ലോകത്തിലെ മറ്റ് രാജ്യങ്ങൾക്ക് ഇന്ത്യ മാതൃകയാണെന്നും സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും പുരോഗതിയ്ക്കായുള്ള എല്ലാ പ്രവർത്തനങ്ങളിലും യുണിസെഫിന്റെ പൂർണ സഹകരണം ഉറപ്പുവരുത്തുന്നതായും ഇതിനായി കേരള നിയമസഭയുമായി യോജിച്ച പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതായും അറിയിച്ചു. യുണിസെഫിന്റെ തമിഴ്നാട് - കേരള ഓഫീസ് സോഷ്യൽ പോളിസി മേധാവി കെ.എൽ.റാവു യോഗത്തിൽ പങ്കെടുത്തു.

## അസിസ്റ്റന്റുമാർക്ക് പരിശീലനം നൽകി

നിയമസഭാ സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ പുതിയതായി ജോലിയിൽ പ്രവേശിച്ചവർക്കുള്ള ഇൻഡക്ഷൻ പരിശീലന പരിപാടി 2021 ഡിസംബർ 2, 3 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ V E കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി.മനോഹരൻ നായർ, 'നിയമസഭയുടെ പ്രവർത്തനം, നിയമസഭാ നടപടിക്രമങ്ങൾ' സംബന്ധിച്ചും ജോയിന്റ് സെക്രട്ടറി എസ്.രാമദാസൻ പോറ്റി നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ചും ക്ലാസെടുത്തു. ഡിസംബർ 3 ന് മുൻ അഡീഷണൽ സെക്രട്ടറി എസ്.തുളസീധരൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ സംബന്ധിച്ച് ക്ലാസെടുത്തു.

# നിയമസഭാ ലൈബ്രറി ശതാബ്ദിയുടെ നിറവിൽ

തോമസ് കെ. തോമസ്, എം.എൽ.എ.
അദ്ധ്യക്ഷൻ, ലൈബ്രറി ഉപദേശകസമിതി



"അറിയപ്പെട്ടമിതു വേറ
ല്ലറിവായിട്ടും തിരഞ്ഞിടും നേരം;
അറിവിതിലൊന്നായതുകൊ
ണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും"

നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവിന്റെ 'അറിവ്' എന്ന കവിതയിലെ ആദ്യ വരികളാണിവ. ഈ കാവ്യത്തിൽ ഗുരു ഈശ്വരനായും പ്രപഞ്ചമായും മനസ്സിലാക്കുന്നത് 'അറിവി'നെയാണ്. 'അറിവ്', 'അറിയപ്പെടുന്ന വസ്തു', 'അറിയപ്പെടുന്നവൻ' എന്ന തത്വമാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനം. അറിവാണ് ഈശ്വരൻ. ശരീരം ഉണ്ടാകുന്നതിന് മുമ്പും, ശരീരം ഇല്ലാതായതിനു ശേഷവും നിലനിൽക്കുന്നത് അറിവാണ്. ഈ സത്യം അറിയുന്നവർക്ക് പ്രപഞ്ചം മുഴുവൻ സച്ചിദാനന്ദ സ്വരൂപമായി അനുഭവപ്പെടും.




സത്യത്തെ അന്വേഷിക്കുന്നവർക്ക് ഈ പ്രപഞ്ചം ബോധസ്വരൂപമായ അറിവ് തന്നെയാണെന്ന് തെളിഞ്ഞുകിട്ടും. ഇതാണ് 'അറിവി'നെ സംബന്ധിച്ച ഗുരുസങ്കൽപം.

അറിവിന്റെ അക്ഷയഖനികളാണ് ഗ്രന്ഥാലയങ്ങൾ, യഥാർത്ഥമായ രേഖകൾ തനതുരൂപത്തിൽ തന്നെ കാണുകയും അത് ഉപയോഗിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന ആത്മസംതൃപ്തി ഒന്നു വേറെ തന്നെയാണ്. അമൂല്യ രേഖകളാലും, നമ്മുടെ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ വിപ്ലവകരമായ മാറ്റങ്ങൾക്ക് നിദാനമായ സംഭവങ്ങളുടെ കലവറ എന്ന നിലയിലും നിയമസഭാ ലൈബ്രറി, കേരളത്തിലെ മറ്റേതൊരു ലൈബ്രറിയിൽ നിന്നും വ്യത്യസ്തമാണ്. ഇത് അഭിമാനകരവും ചാരിതാർത്ഥ്യകരവുമാണ്.

കേരളത്തിന്റെ നിയമനിർമ്മാണ സഭകളുടെ ഗതിവിഗതികൾക്കൊപ്പം വളർന്ന നിയമസഭാ ലൈബ്രറി 1921 ൽ 'ട്രാവൻകൂർ ലെജിസ്ലേറ്റീവ് ലൈബ്രറി' എന്ന പേരിലാണ് പ്രവർത്തനം ആരംഭിച്ചത്. 2021 ൽ ഈ ഗ്രന്ഥാലയത്തിന് 100 വർഷം തികഞ്ഞിരിക്കുകയാണ്. സാർവ്വത്രിക അംഗീകാരം ലഭിച്ച നമ്മുടെ നിയമസഭാ ചരിത്രത്തിന്റെ നെറുകയിൽ അതിന് താങ്ങും തണലുമായി നിന്ന് നിയമസഭാ ലൈബ്രറിയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആഘോഷങ്ങൾക്ക് 2021 ഡിസംബർ 16 ാം തീയതി ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സമാരംഭം കുറിക്കുന്നതിന് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞത് ലൈബ്രറി ഉപദേശക സമിതിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ എനിക്ക് അഭിമാനം തോന്നിയ നിമിഷങ്ങളായിരുന്നു.

നിയമസഭയുടെ ഒരു പ്രധാന വിഭാഗമായ നിയമസഭാ ലൈബ്രറി, നിയമസഭാ സാമാജികരുടെ വൈജ്ഞാനിക ആവശ്യങ്ങൾക്കായിട്ടാണ് പ്രധാനമായും നിലകൊള്ളുന്നത്. സ്വതന്ത്ര്യത്തിനുമുമ്പുണ്ടായിരുന്ന നാട്ടുരാജ്യങ്ങളിലൊന്നായിരുന്ന തിരുവിതാംകൂറിലെ ദിവാന്റെ ഓഫീസ് ലൈബ്രറിയാണ് 1921 ൽ ട്രാവൻകൂർ ലെജിസ്ലേറ്റീവ് ലൈബ്രറിയായും 1949 ൽ തിരു-കൊച്ചി സംസ്ഥാന രൂപീകരണത്തോടെ തിരുവിതാംകൂർ-കൊച്ചിൻ അസംബ്ലി ലൈബ്രറിയായും, 1956 ൽ കേരള സംസ്ഥാനം രൂപീകരിച്ചതോടെ കേരള നിയമസഭാ ലൈബ്രറിയായും നാമകരണം ചെയ്യപ്പെട്ടത്. നിലവിൽ ഒരു ലക്ഷത്തിപതിനാലായിരം പുസ്തകങ്ങളും, ഇരുപത് പത്രങ്ങളും, നൂറ്റി അമ്പത് ആനുകാലികങ്ങളും ഉള്ള കേരളത്തിലെ ബൃഹത്തായ സ്പെഷ്യൽ ലൈബ്രറിയാണ് നിയമസഭാ ലൈബ്രറി. നിയമസഭാ ലൈബ്രറിയുടെ മേൽനോട്ടം നിയമസഭാ സമാജികർ അംഗങ്ങളായുള്ള ലൈബ്രറി ഉപദേശക സമിതിയാണ് നിർവ്വഹിക്കുന്നത്. മെയിൻ ലൈബ്രറി, മെമ്പേഴ്സ് റഫറൻസ് ബ്രാഞ്ച്, എം.എൽ.എ. ഹോസ്റ്റലിലെ ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടർ, കുട്ടികളുടെ ലൈബ്രറി എന്നീ വിഭാഗങ്ങളിലായാണ് ലൈബ്രറി പ്രവർത്തിക്കുന്നത്.

പൊതുവിഭാഗത്തിലുള്ള പുസ്തകങ്ങൾക്ക് പുറമേ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ കമ്മിറ്റി/കമ്മീഷൻ റിപ്പോർട്ടുകൾ, തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി, കേരള ഗസറ്റുകൾ, മദ്രാസ് സെന്റ് ഫോർട്ട് ഗസറ്റ്, വിവിധ കോഡുകൾ, 1888 മുതലുള്ള നിയമനിർമ്മാണ സഭാ നടപടിക്രമങ്ങൾ, സെൻസസ് റിപ്പോർട്ടുകൾ, അമേരിക്ക, ബ്രിട്ടീഷ് പാർലമെന്റുകളുടെ നടപടിക്രമങ്ങൾ, തിരുവിതാംകൂർ നീട്ടുസൂചിക, പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ കൈവശമുണ്ടായിരുന്ന പ്രാചീന ശേഖരത്തെ സംബന്ധിച്ച 'മതിലകം രേഖകൾ', നമ്മുടെ ഗതകാല സ്മൃതിയെ അടുത്തറിയാനും ആ ചൈതന്യം നിറയുന്ന ഏടുകളിലേക്ക് ഒന്ന് തിരിഞ്ഞു നോക്കാനും വരും തലമുറയ്ക്ക് അവസരമൊരുക്കുന്നതിനായി 1814 മുതൽ 1936 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന മഹാറാണി ലക്ഷ്മീഭായി മുതൽ ശ്രീചിത്തിര തിരുനാൾ വരെയുള്ള ഭരണാധികാരികളുടെ രാജകീയ വിളംബരങ്ങൾ, മലബാർ മുതൽ കന്യാകുമാരി വരെയുള്ള ഭരണാധികാരികളുടെ വംശാവലി സംബന്ധിച്ച് ആർക്കിയോളജിക്കൽ സീരീസ്, കൊച്ചിൻ ആക്ട്സ്, കൊച്ചിൻ റഗുലേഷൻസ് ആന്റ് പ്രൊക്ലമേഷൻസ്, ആക്ട് ആന്റ് പ്രൊക്ലമേഷൻസ് ഓഫ് ട്രാവൻകൂർ, കൊച്ചിൻ ട്രാവൻകൂർ ട്രൈബ്സ് ആൻഡ് കാസ്റ്റ് ആക്ട്സ് ആന്റ് ഓർഡിനൻസ് ഓഫ് ട്രാവൻകൂർ, തെസ്സോറസ്, വേൾഡ് ഗസറ്റിയർ, പുരാതന ദ്വിഭാഷാ ത്രിഭാഷാ നിഘണ്ടുക്കൾ, ഭാഷാ ശാസ്ത്ര നിഘണ്ടുകൾ, ഐ.സി.ചാക്കോയുടെ പാണിനീയ പ്രദ്യോതം, മുൻ സാമാജികൻ കൂടിയായ എം. കുഞ്ഞുകൃഷ്ണൻ നാടാരുടെ മർമ്മശാസ്ത്ര പീഠിക, ജി.എ.ഗ്രീൻസൺന്റെ ലിംഗ്വസ്റ്റിക്സ് സർവ്വേ ഓഫ് ഇന്ത്യ, അമരകോശം, പുരാണ നിഘണ്ടുകൾ, വിവിധ വിഷയങ്ങൾ സംബന്ധിക്കുന്ന സർവ്വവിജ്ഞാന കോശങ്ങൾ, ഭരണഘടനയുടെ ആദ്യ പതിപ്പ്, ആദ്യകാല പത്രങ്ങൾ എന്നി അമൂല്യങ്ങളായ ഗ്രന്ഥങ്ങളുടെ കലവറയാണ് നിയമസഭാ ലൈബ്രറി. ഇത് കൂടാതെ നിയമനിർമ്മാണ പ്രക്രിയയെ സംബന്ധിച്ച് നിരവധി റഫറൻസ് ഗ്രന്ഥങ്ങളും, കേരള ആക്ട്സ്, ഓർഡിനൻസുകൾ, നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ള സാമാജികരുടെ പുസ്തകങ്ങൾ എന്നിവയും നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്. ഇന്ത്യൻ ലൈബ്രറി ശാസ്ത്രത്തിന്റെ പിതാവായ ഡോ. എസ്. ആർ. രംഗനാഥന്റെ 'Colon Classification' അനുസരിച്ചാണ് ലൈബ്രറി പുസ്തകങ്ങളും രേഖകളും ക്രമീകരിച്ചിരിക്കുന്നത്. പുസ്തക വിതരണം ഇപ്പോൾ പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത സംവിധാനത്തിലൂടെയാണ് നടത്തുന്നത്.

നിയമസഭാ ലൈബ്രറി ആർക്കൈവ്സ് വിഭാഗത്തിൽ പുരാതനവും അമൂല്യവുമായ രേഖകളാണ് സംരക്ഷിച്ചുവരുന്നത്. തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി ഗസറ്റുകൾ, 1888 മുതലുള്ള ആദ്യകാല നിയമനിർമ്മാണ സഭാ നടപടികൾ, വിവിധ കമ്മിറ്റി റിപ്പോർട്ടുകൾ, ഭൂപടങ്ങൾ പഴയ പ്രസ് ക്ലിപ്പിംഗുകൾ, കോഡുകൾ, രാജകീയ വിളംബരങ്ങൾ തുടങ്ങി വളരെ പഴക്കം ചെന്ന രേഖകളാണ് തനതു രൂപത്തിൽ സംരക്ഷിക്കുന്നത്. നിയമസഭാ ലൈബ്രറിയുടെ റഫറൻസ് വിഭാഗത്തിൽ സാമാജികർക്ക് ആവശ്യമായ പഠനരേഖകൾ ലഭ്യമാക്കുന്നതിന് പുറമേ ഗവേഷകർ, അംഗീകൃത പത്രപ്രതിനിധികൾ, സി.പി.എസ്.റ്റി. വിദ്യാർത്ഥികൾ, സിവിൽ സർവ്വീസ് പഠിതാക്കൾഎന്നിവർക്കുംലൈബ്രറിറഫറൻസ്സൗകര്യം നൽകി വരുന്നു.

സാമാജികർക്ക് വേണ്ടിവരുന്ന പാർലമെന്ററി, നിയമനിർമ്മാണം, ഭരണഘടനാ വിഷയങ്ങളിലെ പ്രാധാന്യമുള്ള ലേഖനങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്ന Legal and Cotnsitutional Digest, ആനുകാലികങ്ങളിലെ റഫറൻസ് മൂല്യമുള്ള ലേഖനങ്ങളെ സംബന്ധിച്ച് വിഷയാടിസ്ഥാനത്തിലുള്ള ലേഖന സൂചിക 'Documentation Kerala' എന്നീ ത്രൈമാസിക പ്രസിദ്ധീകരണങ്ങളും, ദിനപത്രങ്ങളിൽ വരുന്ന വാർത്തകൾ, ലേഖനങ്ങൾ 200 വിഷയങ്ങളിലായി സജ്ജീകരിച്ചിരിക്കുന്ന പ്രസ് ക്ലിപ്പിംഗ് ഫോൾഡറുകൾ എന്നിവയും റഫറൻസ് വിഭാഗത്തിൽ സജ്ജീകരിച്ചിരിക്കുന്നു.

സാമാജികർക്ക് നിയമസഭാ പ്രവർത്തനത്തിന് പ്രയോജനകരമായ റഫറൻസ് രേഖകൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ലൈബ്രറിയിൽ 35000 ൽ പരം ഇ-ബുക്കുകളും, പ്രധാന കോടതി വിധികളും, കേന്ദ്ര-സംസ്ഥാന സർക്കാർ ഗസറ്റുകളും, വിജ്ഞാപനങ്ങളും, നയപരിപാടികളും ereading portal മുഖേന ലഭ്യമാണ്. കൂടാതെ, കേരള ലെജിസ്ലേച്ചർ ലൈബ്രറി ബുള്ളറ്റിൻ' എന്ന പുതിയ പുസ്തകത്തിന്റെയും സർക്കാർ രേഖകളുടെയും പട്ടിക, നിയമസഭാ സാമാജികർ, മുൻ സാമാജികർ, സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റംഗങ്ങൾ, മുൻ പാർലമെന്റംഗങ്ങൾ എന്നിവരുടെ രചനകൾ ഉൾക്കൊള്ളുന്ന 'സാമാജികൻ' എന്നിവയും വിവിധ ഗ്രന്ഥ/വിഷയ സൂചികകളും പ്രസിദ്ധീകരിക്കുന്നു.



ചരിത്രസ്മരണകളിലൂടെ

# പുനലൂർ തൂക്കുപാലം - തിരുവിതാംകൂർ സർക്കാരിന്റെ ചരിത്ര നിർമ്മിതി



കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന പുനലൂർ, പുനലിന്റെ നാട് അഥവാ വെള്ളത്തിന്റെ നാട് എന്നാണറിയപ്പെടുന്നത്. ജില്ലയുടെ പ്രധാന നദിയായ കല്ലടയാറിന്റെ ഇരുകരകളെയും ബന്ധിപ്പിക്കുന്ന തൂക്കുപാലമാണ് പുനലൂർ തൂക്കുപാലം. ഈ തൂക്കുപാലം കൊല്ലം ജില്ലയുടെ മലയോര പട്ടണ പ്രദേശമായ പുനലൂരിനെ പുരാവസ്തു സ്മാരകപ്പട്ടികയിൽ പ്രമുഖ സ്ഥാനത്തു പ്രതിഷ്ഠിക്കുന്നു.

തിരുവിതാംകൂർ രാജാവായിരുന്ന ആയില്യം തിരുനാൾ രാമവർമ്മയുടെ കാലത്താണ് പാലം പണി കഴിപ്പിച്ചത്. തിരുവിതാംകൂറിലെ ശക്തനായ ഭരണാധികാരിയായിരുന്ന ദിവാൻ നാണുപിള്ളയായിരുന്നു തൂക്കുപാലം നിർമ്മിക്കുവാൻ അനുമതി നൽകിയത്. 1871 ൽ ബ്രിട്ടീഷ് സാങ്കേതിക വിദഗ്ദ്ധൻ ആൽബർട്ട് ഹെൻട്രിയുടെ മേൽനോട്ടത്തിൽ രൂപകൽപ്പനയും നിർമ്മാണവുമാരംഭിച്ച് 1877 ൽ ഇതിന്റെ പണി പൂർത്തിയാക്കി.

ശാന്തമായി ഒഴുകുന്നു എന്ന് തോന്നിക്കുമെങ്കിലും അടിയൊഴുക്കും നീരൊഴുക്കും വളരെ കൂടുതലുള്ള നദിയാണ് കല്ലട. അതുകൊണ്ടു തന്നെ നിരവധി തൂണുകളിലുറപ്പിക്കുന്ന സാധാരണ പാലം പണിയുന്നത് സാധ്യമല്ലാതെ വന്ന സാഹചര്യത്തിലാണ് തൂക്കുപാലം എന്ന ആശയം ഉടലെടുത്തത്. കൂടാതെ കല്ലട നദിയുടെ മറുവശം നിബിഡവനമായിരുന്ന കാരണത്താൽ കിഴക്കൻ മലനിരകളിൽ നിന്നും പട്ടണത്തിലേക്കെത്താൻ സാധ്യതയുള്ള വന്യമൃഗഭീഷണിയും ഒരു കാരണമായി പറയപ്പെടുന്നു. വന്യമൃഗങ്ങൾ പാലത്തിൽ കയറുമ്പോൾ പാലം കുലുങ്ങും . അപ്പോൾ അവ പേടിച്ച് മറുകരയിലേയ്ക്ക് പ്രവേശിക്കുകയില്ലെന്നും അങ്ങനെ അവയെ തുരത്തുവാനായിരുന്നു തൂക്ക പാലം പണികഴിപ്പിച്ചതെന്നും പറയപ്പെടുന്നുണ്ട്.

കല്ല്, തടി (കമ്പകം), സ്റ്റീൽ മുതലായവ ഉപയോഗിച്ചാണ് പാലം നിർമ്മിച്ചിരിക്കുന്നത്. പാലത്തിനു വേണ്ടി ഭാരമേറിയ നട്ടും, ബോൾട്ടുകളും, കല്ലുകളും, പിരികളും പലഭാഗങ്ങളായി വേർതിരിച്ച് ഇംഗ്ലണ്ടിൽ നിന്ന് പായ്ക്കപ്പലിൽ കൊല്ലം, തങ്കശ്ശേരി തുറമുഖത്ത് എത്തിക്കുകയായിരുന്നു. വളരെ ഭാരമുണ്ടായിരുന്ന സാധന സാമഗ്രികൾ പുനലൂരിൽ കൊണ്ടുവന്നത് ആന വലിക്കുന്ന വലിയ വണ്ടികളിലായിരുന്നു. വിദഗ്ദ്ധ കല്ലാശാരിമാരാണ് പാലത്തിന്റെ ഇരുകരകളിലുമുള്ള കരിങ്കൽ സ്തൂപങ്ങളും അതിനുള്ളിലെ ശംഖുമുദ്രയും നിർമ്മിച്ചത്. തൂണുകളും തടിപ്പണികളും കേരളത്തിൽ തന്നെ ചെയ്തതാണ്. ഈ പാലത്തിന്റെ നിർമ്മാണത്തിന് സിമന്റിനു പകരം കുമ്മായം, മണൽ, മൃഗങ്ങളുടെ അസ്ഥി ഉപയോഗിച്ച് ഉണ്ടാക്കിയെടുത്ത പശ എന്നിവയുടെ കൂട്ട് ഉപയോഗിച്ചതായാണ് പറയപ്പെടുന്നത്.

കരയോടടുത്തു തന്നെയുള്ള രണ്ട് വലിയ കമാന ആകൃതിയിലുള്ള തൂണുകളെ പരസ്പരം ബന്ധിപ്പിക്കുന്ന വിധത്തിൽ ഇരുവശങ്ങളിലുമായി രണ്ട് കൂറ്റൻ ചങ്ങലകളിൽ പാലം തൂക്കിയിട്ടിയിരിക്കുന്നു. ഈ ചങ്ങലകൾ പൂർണ്ണമായും കരഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന നാലു കിണറുകൾക്കുള്ളിലിറക്കി ശക്തിപ്പെടുത്തുകയും ഒപ്പം മധ്യഭാഗത്തെ കരഭാഗവുമായി സമാനരീതിയിൽ ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ചങ്ങലയിൽ തൂക്കിയിട്ടിരിക്കുന്ന ഇരുമ്പ് ചട്ടക്കൂടുകളിലുറപ്പിച്ച തേക്ക് തടി പാളങ്ങൾ കൊണ്ടുള്ള പ്ലാറ്റ്ഫോമിലൂടെയായിരുന്നു ഗതാഗതം സാധ്യമാക്കിയിരുന്നത്. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ മധുര, തെങ്കാശി എന്നിവിടങ്ങളിൽ നിന്നുള്ള 250 ആളുകൾ 2212 ദിവസത്തോളം അതായത് 6 വർഷത്തിലധികം സമയം എടുത്തതായി പറയപ്പെടുന്നു. ആദ്യ ഘട്ടം പണിക്ക് ഒരു ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് രണ്ടു ലക്ഷം രൂപയുമാണ് മഹാരാജാവ് അനുവദിച്ചത്. ഈ മൂന്നു ലക്ഷം രൂപ കൊണ്ടു തൂക്ക പാലത്തിന്റെ പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞു. പാലത്തിന്റെ ആകെ നീളം 400 അടിയാണ്. ആർച്ചുകൾക്കിടയിൽ 200 അടിയും ആർച്ചുകൾക്ക് ഇരു വശവും 100 അടി വീതവും ഉണ്ട്. 53 കണ്ണികൾ വീതമുള്ള രണ്ടു ചങ്ങലകളിലായി പാലം തൂക്കിയിട്ടിരിക്കുന്നു. 1880 ൽ പൊതുഗതാഗതത്തിനായി പാലം തുറന്നു കൊടുത്തു.

ഈ പാലത്തിന്റെ പണി കഴിഞ്ഞശേഷം ഇതിലൂടെ യാത്ര ചെയ്യാൻ ജനങ്ങൾ വിസമ്മതിച്ചു. അതിന്റെ ബലത്തിൽ അവർക്ക് വിശ്വാസം ഇല്ലായിരുന്നു. അതിനാൽ പാലത്തിന്റെ ബലം തെളിയിക്കുവാൻ വേണ്ടി പാലത്തിലൂടെ ആറ് ആനകളെ നടത്തിക്കുകയും അതേസമയം എഞ്ചിനീയറും കുടുംബവും പാലത്തിന്റെ അടിയിൽക്കൂടി ബോട്ടിൽ സഞ്ചരിക്കുകയും ചെയ്തുവെന്നും പറയപ്പെടുന്നു.

1970 കളിൽ ഗതാഗതം നിലച്ച ഈ പാലം 1990 ൽ പുരാവസ്തു വകുപ്പ് സംരക്ഷിതസ്മാരകമായി ഏറ്റെടുത്തു. സംസ്ഥാന പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തൂക്കുപാലം ഉപരിതലത്തിലെ പലകകളും മറ്റും നശിച്ച് വർഷങ്ങളോളം അടച്ച് പൂട്ടിയിരുന്നു. വർദ്ധിച്ച വാഹന ഗതാഗതം കണക്കിലെടുത്ത് 1972 ൽ തൂക്കുപാലത്തിനു സമീപത്തായി ദേശീയപാത 208 ൽ ഒരു കോൺക്രീറ്റ് പാലം നിർമ്മിച്ചു. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയപ്രവർത്തകർ നടത്തിയ നിരന്തര സമരത്തെ തുടർന്ന് തൂക്കുപാലത്തിന്റെ പുനരുദ്ധാരണ ജോലികൾ ആരംഭിച്ചു. വനംവകുപ്പ് വിലയ്ക്ക് നൽകിയ കമ്പക തടി പാലത്തിന്റെ ഉപരിതലത്തിൽ പാകി. ഏകദേശം 1.25 കോടി രൂപ ചെലവഴിച്ചാണ് നവീകരണം പൂർത്തിയാക്കിയത്. ഇപ്പോൾ ഇരുമ്പ് ഗേറ്റ് നിർമ്മിച്ച് പാലത്തിന്റെ കൈവരികളും തൂണുകളും പെയിന്റ് ചെയ്ത് പ്രകാശം പരത്തുന്ന ധാരാളം ബൾബുകൾ സ്ഥാപിച്ച്, ഇരുവശങ്ങളിലും പുൽത്തകിടിയും പൂന്തോട്ടവും ഇരിപ്പട സൗകര്യവും ഒരുക്കി ഒരുങ്ങി നിൽക്കുന്ന പുനലൂർ തൂക്കുപാലം ധാരാളം സഞ്ചാരികളെ ആകർഷിക്കുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമായി മാറിയിരിക്കുന്നു.

*തയ്യാറാക്കിയത് :*
*മഞ്ജു എസ്.നാഥ്,*
*കമ്പ്യൂട്ടർ അസിസ്റ്റന്റ്*



# ആദ്യ രചനയിൽ പുരസ്കാരങ്ങൾ കരസ്ഥമാക്കി സബാഹ്




കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർ, നാവായിക്കുളം സ്വദേശിയായ സബാഹുദ്ദീന്റെ ആദ്യ പുസ്തകമായ 'ജാനകി'യെ ബഹുവിധ ബഹുമതികൾ തേടിയെത്തിരിക്കുന്നു. മനുഷ്യനും പക്ഷിമൃഗാദികളും തമ്മിലുള്ള പരസ്പര സ്നേഹത്തിന്റെയും കരുതലിന്റെയും കഥ പറയുന്ന ബാലസാഹിത്യശാഖയിലെ ഒരു നോവലാണ് 'ജാനകി'. ഒരു ബാലസാഹിത്യ കൃതി എന്നതിലുപരി മനുഷ്യൻ പ്രകൃതിയുമായി എത്രമാത്രം ഇണങ്ങി ജീവിക്കണമെന്നും കുടുംബം എന്ന സങ്കല്പത്തെ എപ്രകാരം നിർവ്വചിക്കാമെന്നും പക്ഷിമൃഗാദികളോടും കാറ്റിനോടും മഴയോടും സംവദിക്കുന്നതിന് ഭാഷ ഒരു തടസമല്ലായെന്നും സാങ്കേതികവിദ്യയുടെ അതിപ്രസരത്തിൽ കുടുംബങ്ങളിൽ പരസ്പരം സംസാരിക്കുന്നതിനോ ഒന്നിച്ചിരിക്കുന്നതിനോ താല്പര്യപ്പെടാത്ത പുതുതലമുറയ്ക്ക് വീടിനുള്ളിൽ സംസാരം എപ്രകാരം നിലനിർത്തണമെന്നും കുട്ടികൾ വളർന്നു വരേണ്ടത് എങ്ങനെയായിരിക്കണമെന്നും കുടുംബബന്ധത്തിന്റെ ഊടും പാവും എത്ര ശക്തമായി ഇഴ ചേർക്കാമെന്നും തുറന്നു കാട്ടുന്ന ഈ നോവൽ മുതിർന്നവർക്ക് കൂടിയുള്ള ഒരു പാഠപുസ്തകമാണ്. പ്രകൃതിയെ സ്നേഹിക്കുന്നതിനും സഹജീവികളെ സംരക്ഷിക്കുന്നതിനും സമയം കണ്ടെത്തേണ്ടത് ആവശ്യമാണെന്ന സന്ദേശവും ഈ കഥയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. 'ജാനകി' എന്ന തത്തമ്മയെ കേന്ദ്രകഥാപാത്രമാക്കി ലഘുവായ ഒരു സംഭവത്തെ വിവരണത്തിലെ സർഗ്ഗാത്മകതയും ചിന്തോദ്ദീപകങ്ങളായ പ്രകൃതി തത്വങ്ങളും ലളിതമായ സംഭാഷണശൈലിയും കോർത്തിണക്കി വ്യത്യസ്തമായ ഒരു തലത്തിലേയ്ക്ക് കഥാകാരൻ എത്തിച്ചിരിക്കുന്നു. തൃശ്ശൂർ ഗ്രീൻ ബുക്സ് ആണ് ഇതിന്റെ പ്രസാധകർ.

സബാഹുദ്ദീന്റെ ആദ്യ രചനയായ 'ജാനകി' എന്ന നോവലിന് നിരവധി ബഹുമതികളാണ് ലഭിച്ചിരിക്കുന്നത്. ന്യൂഡൽഹി ആസ്ഥാനമായുള്ള ഫെഡറേഷൻ ഓഫ് ഇന്ത്യൻ പബ്ലിഷേഴ്സ് നൽകുന്ന 2020 ലെ മികച്ച പുസ്തക പ്രസിദ്ധീകരണത്തിനുള്ള പുരസ്കാരത്തിന് മലയാള ഭാഷ വിഭാഗത്തിലെ പുസ്തകങ്ങളിൽ 'ജാനകി'യും ഉൾപ്പെടുന്നു. കേരള യൂണിവേഴ്സിറ്റി മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷനിൽ ഡിഗ്രിതലത്തിലുള്ള സിലബസിൽ നോവൽ ശാഖയിലെ വിശദപഠനത്തിന് 'ജാനകി' എന്ന നോവൽ ഉൾപ്പെടുത്തിയത് ആ പുസ്തകത്തിന് ലഭിച്ച ബഹുമതികളിലൊന്നാണ്. വനിത മാഗസിൻ തെരഞ്ഞെടുത്ത 2020 ലെ മികച്ച പുസ്തകങ്ങളിൽ 'ജാനകി'യും ഇടം പിടിച്ചിട്ടുണ്ട്.

അനവധി മലയാളം സിനിമകളിൽ സഹ സംവിധായകനായി പ്രവർത്തിച്ച സബാഹ്, ടിക്...... ടിക് എന്ന ഹ്രസ്വചിത്രത്തിലൂടെ മികച്ച ടെലിവിഷൻ സംവിധായകനുള്ള 2010 ലെ സംസ്ഥാന സർക്കാർ അവാർഡ് നേടിയിട്ടുണ്ട്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നിയമസഭാ പ്രസംഗങ്ങളിലൂടെ.....

# സഭാനടപടികളിൽ മാതൃഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കണം

ഔദ്യോഗിക കാര്യങ്ങൾക്ക് മാതൃഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് തിരുവിതാംകൂർ ജനപ്രതിനിധി സഭയിൽ പട്ടം താണുപിള്ള 1948 ഏപ്രിൽ 12 ന് നടത്തിയ പ്രസംഗത്തിൽ നിന്ന്....



**ഇംഗ്ലീഷ്ഭാഷയുടെ മാഹാത്മ്യത്തെപ്പറ്റിയോ അതിന് ലോകമൊട്ടുക്കുള്ള പ്രചാരത്തെപ്പറ്റിയോ ആർക്കും സംശയമില്ല. അതുപോലെ തന്നെ നാട്ടുഭാഷയുടെ പ്രാധാന്യത്തെപ്പറ്റിയും നാട്ടുഭാഷയിൽ കാര്യങ്ങൾ നടത്തണമെന്നുള്ളതിനപ്പറ്റിയും ആർക്കും അഭിപ്രായ വ്യത്യാസമില്ല.**

റൂളുകൾ എല്ലാം കാര്യനടത്തിപ്പിനെ ഉദ്ദേശിച്ചാണെന്ന് ബഹുമാനപ്പെട്ട മെമ്പറൻമാർ മനസിലാക്കിയാൽ കൊള്ളാം. ഈ വാദപ്രതിവാദത്തിനിടയിൽ കണ്ട ഒരു വസ്തുത തന്നെയാണ് ഇപ്പോൾ ബഹുമാനപ്പെട്ട ഈ മെമ്പർ പുറപ്പെടുവിച്ച നടപടിപ്രശ്നത്തിലും ഞാൻ കണ്ടത്. കേവലം ജയത്തിനായോ അപജയത്തിനായോ ദയവുചെയ്ത് സംഗതികളുടെ ഗൗരവത്തിന് അനുരൂപമായിട്ടുള്ളതല്ലാതെ ആവശ്യത്തിനല്ലാതെയുമുള്ള ജയാപജയങ്ങൾക്കായി നാം ശ്രമിക്കരുത്. ഭാഷയുടെയും പ്രയോഗത്തെപ്പറ്റിയാണെങ്കിൽ പല സംഗതികൾ നാം ഓർക്കുവാനുണ്ട്. മലയാളഭാഷയിൽ തന്നെ, അല്ലെങ്കിൽ മലയാളത്തിലും തമിഴിലുമായി, കാര്യങ്ങൾ നടത്താനുള്ള അവസ്ഥയിൽ നാം കഴിയുന്നതും വേഗം എത്തണമെന്നുള്ളതിന് യാതൊരു സംശയവുമില്ല. എന്നാൽ ഇതുവരെ തിരുവിതാംകൂറിലെ നിയമസഭയിൽ പ്രധാനമായ ഔദ്യോഗികഭാഷ ഇംഗ്ലീഷ് ആയിരുന്നു. പ്രസിഡന്റിന്റെ അനുമതിയോടുകൂടി മലയാളമോ തമിഴോ പ്രയോഗിക്കാമെന്നായിരുന്നു ചട്ടം. ഇപ്പോൾ നാം എഴുതിയിരിക്കുന്ന ഈ റൂളിൽ മൂന്നു ഭാഷകൾക്കും തുല്യ പ്രാധാന്യം കൊടുത്തിട്ടുണ്ട്. അതിന്റെ ഉദ്ദേശം തന്നെ കഴിയുന്നതും വേഗം ഔദ്യോഗിക കാര്യങ്ങൾക്കായി നാട്ടുഭാഷതന്നെ ഉപയോഗിക്കത്തക്ക ഒരു നില വരുത്തണമെന്നുള്ളതാണ്. എന്നാൽ ഇപ്പോൾ നോക്കാനുള്ളത് ഇന്നത്തെ നിലയ്ക്ക് ഇംഗ്ലീഷിനെ നിശ്ശേഷം ഉപേക്ഷിക്കണമോ, അത് പ്രായോഗികമാണോ, പ്രായോഗികമാക്കാമെങ്കിലും വളരെ സ്വീകാര്യമാണോ എന്നുള്ളതാണ്. ഈ സംഗതി നല്ലവണ്ണം ആലോചിച്ചിട്ട് തന്നെയാണ് കമ്മിറ്റി ഇംഗ്ലീഷിനുകൂടി ഇവിടെ സ്ഥാനം കൊടുത്തിട്ടുള്ളത്. ആ വകുപ്പിനെ സംബന്ധിച്ചിടത്തോളം മലയാളത്തിലുള്ള തർജ്ജമ തന്നെ അത്ര ശരിയാണെന്ന് തോന്നുന്നില്ല. റപ്രസന്റേറ്റീവ് ബോഡിയുടെ ജോലി നടത്തുന്നതിൽ ഇംഗ്ലീഷോ മലയാളമോ തമിഴോ ഉപയോഗിക്കാമെന്നാണ് ഇംഗ്ലീഷിൽ ആ വകുപ്പിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ മലയാളം തർജ്ജമയിൽ പ്രതിനിധി സഭയിൽ മലയാളത്തിലോ തമിഴിലോ ഇംഗ്ലീഷിലോ സംസാരിക്കാവുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടത്തെ ജോലി കേവലം പ്രസംഗങ്ങൾ ചെയ്യുക മാത്രമല്ല. അവ രേഖപ്പെടുത്തുക മുതലായ മറ്റു കാര്യങ്ങളുമുണ്ട്. അതുകൊണ്ട് ആ തർജ്ജമ തന്നെ മുഴുവൻ ശരിയല്ല. ഏതായിരുന്നാലും ഇംഗ്ലീഷുഭാഷ ഇവിടെ ഉപയോഗിച്ചുകൂടാ എന്ന് നിയമം മൂലം നിർബന്ധിക്കണമോ എന്നാണ് നമുക്ക് ആലോചിക്കുവാനുള്ളത്. ഇംഗ്ലീഷിന്റെയും മലയാളത്തിന്റെയും മാഹാത്മ്യത്തെപ്പറ്റി ഇത്ര വളരെ ഉഗ്രമായ പ്രസംഗങ്ങളുടെ ആവശ്യം തന്നെ ഈ സന്ദർഭത്തിൽ ഉണ്ടെന്ന് തോന്നുന്നില്ല. ഇംഗ്ലീഷ്ഭാഷയുടെ മാഹാത്മ്യത്തെപ്പറ്റിയോ അതിന് ലോകമൊട്ടുക്കുള്ള പ്രചാരത്തെപ്പറ്റിയോ ആർക്കും സംശയമില്ല. അതുപോലെ തന്നെ നാട്ടുഭാഷയുടെ പ്രാധാന്യത്തെപ്പറ്റിയും നാട്ടുഭാഷയിൽ കാര്യങ്ങൾ നടത്തണമെന്നുള്ളതിനെപ്പറ്റിയും ആർക്കും അഭിപ്രായ വ്യത്യാസമില്ല. ഇതിനുവേണ്ടി ഇത്രമാത്രം സമയം ചെലവാക്കേണ്ടതുണ്ടോ എന്നും സംശയമാണ്. നാം നോക്കേണ്ടത്, ഈയവസരത്തിൽ, ഈ പ്രതിനിധി സഭയുടെ നടപടികളിൽ ഇംഗ്ലീഷ് ഭാഷ അനുവദിക്കാമോ എന്നാണ്. എന്നാൽ ഇംഗ്ലീഷ് ഭാഷകൂടി അനുവദിക്കണമെന്ന് പറഞ്ഞ് ചില സ്നേഹിതന്മാർ ഇവിടെ കാണിച്ച ആവേശം കാണുമ്പോൾ അത് അനുവദിക്കാൻ പാടില്ല എന്നുകൂടി പറയാൻ തോന്നിപ്പോകുന്നു. എനിക്കുതന്നെ ചില പ്രസംഗങ്ങളുടെ ഉഗ്രത കണ്ടപ്പേൾ, ഇംഗ്ലീഷിൽ പ്രസംഗിക്കാനുള്ള അവരുടെ അതിയായ താൽപര്യം കണ്ടപ്പോൾ അത് അനുവദിക്കാതിരുന്നാൽ എന്തെന്നുള്ള ഒരഭിപ്രായം ഉണ്ടാകാതിരുന്നില്ല. നാം ഇവിടെ കൂടിയിരിക്കുന്നത് കാര്യങ്ങൾ തമ്മിൽ തമ്മിൽ മനസിലാക്കി നടപടികൾ നടത്താനാണ്. എന്നാൽ ഇവിടെ ചിലരുടെ പ്രസംഗങ്ങൾ കേട്ടാൽ തോന്നിപ്പോകുന്നത് അവരുടെ പ്രസംഗങ്ങൾ മറ്റുള്ളവർ മനസിലാക്കിക്കൂടാ എന്നുള്ള ഒരു വിചാരംകൂടി അവർക്കുണ്ടെന്നാണ്. ഇംഗ്ലീഷിൽ നിന്നും ഷേക്സ്പിയർ ഉദ്ധരിക്കാം, പല ആശയങ്ങളും പ്രദർശിപ്പിക്കാം, എന്നാൽ ആ ഭാഷയിൽ മെമ്പറന്മാർക്കുള്ള വൈഭവം കാണിക്കുകയല്ല ഇവിടത്തെ ആവശ്യം. ഇംഗ്ലീഷ്ഭാഷയെ അപലപിച്ചുകളഞ്ഞു എന്നാണ് ചില സ്നേഹിതന്മാരുടെ ആക്ഷേപം. ആരും ഇംഗ്ലീഷ് ഭാഷയെ അപലപിച്ചതായി ഞാൻ കണ്ടില്ല. അതുപോലെതന്നെ, ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ചുപോയാൽ മലയാളത്തിന്റെയും തമിഴിന്റെയും പ്രാധാന്യം പൊയ്പ്പോകുമെന്നും ആരും വിചാരിക്കരുത്. കേവലം പ്രായോഗികമായ വൈഷമ്യത്തെ തരണം ചെയ്യാൻ വേണ്ടിയും കൂടുതൽ പ്രയോജനമുണ്ടാക്കാൻ വേണ്ടിയും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിനെ തടയേണ്ട ആവശ്യവും ഇല്ല. എന്റെ ഈ അഭിപ്രായം ആരും സ്വീകരിക്കുന്നില്ലെങ്കിൽത്തന്നെ എനിക്ക് അതിൽ പരിഭവവുമില്ല. എന്തെന്നാൽ ഇംഗ്ലീഷുകൂടാതെ നമുക്കത്യാവശ്യമുള്ള കാര്യങ്ങൾ മലയാളത്തിലും തമിഴിലും നടത്തിക്കൊണ്ട് പോകുവാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. മലയാളവും തമിഴും പുഷ്ടിപ്പെടുത്തണം. നമ്മുടെ നടപടികളെല്ലാം മലയാളത്തിലും തമിഴിലും തന്നെ വരുത്തണമെന്നുള്ളതുതന്നെ ആയിരിക്കണം നമ്മുടെ ആദർശം. എന്നാൽ അത് ക്രമേണ വരേണ്ടതാണ്. കാര്യനടത്തിപ്പിന് ഇതുവരെ പ്രധാനഭാഷയായി ഇവിടെ അംഗീകരിക്കപ്പെട്ടിരുന്നത് ഇംഗ്ലീഷ് ഭാഷയായിരുന്നു. അതുവിട്ട് മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കേണ്ട കാലഘട്ടമാണ് ഇനി വരുന്നത്. അതിനിടയ്ക്കുള്ള ഒരു കാലഘട്ടമാണിത്. ഇത് മാറ്റത്തിനുള്ള സമയമാണ്. ഇതുവരെ ഇവിടെ ഇംഗ്ലീഷായിരുന്നു ഉപയോഗിച്ചുകൊണ്ടിരുന്നത്. ഡൽഹിയിൽ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലെ നടപടികൾ ഇപ്പോഴും ഇംഗ്ലീഷിലാണ്. പലതും ഇംഗ്ലീഷിൽത്തന്നെ പറയേണ്ടിവരും. രേഖപ്പെടുത്തേണ്ടതായും വരും. ചിലർക്ക് അവരുടെ ആശയങ്ങൾ, മലയാളത്തിൽ പ്രയോഗിക്കുവാൻ കെൽപ്പില്ലെന്ന് കാണുന്നുണ്ട്. ആ കെൽപ്പുകേട് യഥാർത്ഥത്തിലുള്ള കെൽപ്പുകേടാണെന്ന് എനിക്കഭിപ്രായമില്ല. ഇവിടെയിരിക്കുന്ന ഒരു സ്നേഹിതനെങ്കിലും മലയാളത്തിലോ തമിഴിലോ കെൽപ്പില്ലാത്തതായി ഉണ്ടോ എന്ന് സംശയമാണ്. അതുകൊണ്ട് ഇംഗ്ലീഷുകൂടി ഉപയോഗിക്കണമെന്ന് തീരുമാനിച്ചാൽ തന്നെ നിവൃത്തിയുള്ളിടത്തോളം ഇവിടെ കേൾക്കുന്നതെല്ലാം മലയാളപദങ്ങളും തമിഴ് പദങ്ങളും ആയിരിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്. എന്നാൽ കഴിവുള്ള വിനയത്തോടുകൂടി എന്റെ ബഹുമാന്യ സ്നേഹിതന്മാരോട് ഞാൻ ചെയ്യുന്ന അപേക്ഷ ഇതാണ്: മലയാളത്തിൽ പറയുവാൻ ഒക്കുകയില്ലെന്നാണെങ്കിൽത്തന്നെ സ്വന്തം കെൽപ്പുകേടുകൊണ്ടുണ്ടാകാവുന്ന ഉപദ്രവങ്ങൾ അവരവർ സ്വയം സ്വൽപം സഹിക്കണമെന്ന് എല്ലാ ഇംഗ്ലീഷ് പണ്ഡിതന്മാരോടും പണ്ഡിതകളോടും ഞാൻ അപേക്ഷിക്കുന്നു. പ്രധാനമായ കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ, നിയമപരമായും സാങ്കേതികമായും ആശയങ്ങൾ പ്രകടിപ്പിക്കേണ്ടിവരുമ്പോൾ, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ, ഇംഗ്ലീഷുകൂടി ഉപയോഗിക്കാവുന്നതുമാണ്. അതിനാൽ ഇപ്പോൾ നമ്മുടെ റൂളിൽ എഴുതിയിരിക്കുന്ന രീതിയിൽതന്നെ ഇംഗ്ലീഷുകൂടി സ്വീകരിക്കുന്നതാണുത്തമം. അതുകൊണ്ട് നമ്മുടെ ഭാഷയ്ക്ക് ദോഷം ഒന്നും വരാനില്ല.

ഈ അവസരത്തിൽ ഒരു കാര്യം കൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ ഗവൺമെന്റാണെങ്കിൽ- ഇനി വരുന്ന ഗവൺമെന്റിന്റെ നിലയും അതായിരിക്കും- മാതൃഭാഷകളെ കഴിയുന്നതും പ്രോൽസാഹിപ്പിക്കുക തന്നെ ചെയ്യും. എങ്കിലും ഇംഗ്ലീഷിനെ പെട്ടെന്ന് വിട്ടുകളയാവുന്നതല്ല. മലയാളത്തിൽ പറയാനൊക്കുകയില്ല, എന്നെക്കൊണ്ട് ഇംഗ്ലീഷേ ഒക്കുകയുള്ളൂ എന്ന നില ഉപേക്ഷിച്ച് നിവൃത്തിയുള്ളിടത്തോളം മലയാളത്തിലോ തമിഴിലോ സംസാരിക്കുവാൻ എല്ലാ മെമ്പറന്മാരും ശ്രദ്ധിക്കുമെന്ന് വിശ്വസിക്കുന്നു. ഇംഗ്ലീഷ് സംസാരിച്ചാൽ അറിയാൻ പാടില്ലാത്ത വളരെ മെമ്പറന്മാർ ഇവിടെയുണ്ട്. മലയാളത്തിലോ തമിഴിലോ സംസാരിച്ചാൽ അറിയാൻ പാടില്ലാത്ത മെമ്പറന്മാർ അധികം കാണുകയില്ല. തമിഴിൽ പ്രസംഗിച്ചാൽ നല്ലവണ്ണം ഗ്രഹിക്കാൻ കഴിവില്ലാത്ത ഏതാനും മെമ്പറൻമാർ, തിരുവിതാംകൂറിന്റെ വടക്കേ അറ്റത്ത് നിന്നും വന്നിരിക്കുന്ന ഏതാനും മെമ്പറന്മാർ കണ്ടേക്കാം. എങ്കിലും മിക്കവാറും പേർക്ക് തമിഴ് മനസിലാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഏതായാലും ഇംഗ്ലീഷിൽ സംസാരിച്ചാൽ എത്രപേർക്ക് മനസിലാക്കാൻ കഴിയാതെ പോകുന്നുവോ അത്രത്തോളം പേർക്ക് മലയാളത്തിലോ തമിഴിലോ സംസാരിച്ചാൽ മനസിലാക്കാൻ പാടില്ലാതെ വരികയില്ല. അതുകൊണ്ട് അൽപം വൈഷമ്യം സഹിച്ചിട്ടെങ്കിലും എല്ലാ മെമ്പറൻമാരും മലയാളത്തിലോ തമിഴിലോ പ്രസംഗിക്കണമെന്നപേക്ഷിക്കുന്നു. എന്നാൽ ഇവിടത്തെ നടപടികളിൽ ഇംഗ്ലീഷ് നിശ്ശേഷം ഉപേക്ഷിക്കുന്നത് പല വൈഷമ്യങ്ങൾക്കും ഇടവെരുത്തുമെന്നുള്ളതിനാൽ പാടില്ലെന്നാണ് എന്റെയും അഭിപ്രായം".

കേരള രാഷ്ട്രീയ ചരിത്രത്തിലെ ഭീഷ്മാചാര്യൻ എന്ന് അറിയപ്പെടുന്ന പട്ടം താണുപിള്ള 1885 ജൂലൈ 15 ന് തിരുവനന്തപുരത്ത് ജനിച്ചു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ ഭാഗമായി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പട്ടം താണുപിള്ള പിന്നീട് പ്രജ സോഷ്യലിസ്റ്റ് പാർട്ടി (പി.എസ്.പി.) യുടെ ഭാഗമായി മാറി. ഭരണഘടന നിർമ്മാണ സമിതിയിൽ അംഗമായിരുന്ന ഇദ്ദേഹം ശ്രീമൂലം പ്രജാസഭ (1921), തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ (1928-32), ശ്രീമൂലം അസംബ്ലി (1933-44), തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലി (1948-49), തിരു-കൊച്ചി നിയമനിർമ്മാണസഭ(1949-56), എന്നിവയിൽ അംഗമായിരുന്നു. 1948 ൽ തിരുവിതാംകൂറിന്റെ പ്രധാനമന്ത്രിയായും സേവനമനുഷ്ഠിച്ചു. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം ഒന്നാം കേരള നിയമസഭയിലും രണ്ടാം കേരള നിയമസഭയിലും അംഗമായ അദ്ദേഹം, രണ്ടാം കേരള നിയമസഭയിൽ 1960 മുതൽ 1962 വരെ മുഖ്യമന്ത്രിയായിരുന്നു. 1962 ൽ മുഖ്യമന്ത്രി സ്ഥാനം രാജിവച്ച് പഞ്ചാബ് ഗവർണറായി ചുമതലയേറ്റു. 1964-66 കാലയളവിൽ ആന്ധ്രാപ്രദേശ് ഗവർണറായും പ്രവർത്തിച്ചിട്ടുണ്ട്. 1970 ജൂലൈ 27 ന് അദ്ദേഹം അന്തരിച്ചു.

# കാസ്റ്റിംഗ് വോട്ട് :

## സഭയുടെ ബലാബല പരീക്ഷണങ്ങളുടെ അവസാന വാക്ക്

**സഭാദ്ധ്യക്ഷനായിരിക്കുന്നയാൾ, അത് സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറോ അല്ലെങ്കിൽ അദ്ധ്യക്ഷ പദവിയിലിരിക്കുന്ന മറ്റൊരംഗമോ ആണെങ്കിലും സാധാരണഗതിയിൽ വോട്ടിംഗിൽ പങ്കെടുക്കാറില്ല. എന്നാൽ വോട്ടിംഗിൽ തുല്യത വരുന്ന അവസരത്തിൽ പ്രതിസന്ധി ഒഴിവാക്കുന്നതിനായി അദ്ധ്യക്ഷൻ തന്റെ വോട്ട് വിനിയോഗിക്കുന്നു. ഇത്തരം വോട്ടാണ് കാസ്റ്റിംഗ് വോട്ട് അഥവാ നിർണയാധികാര വോട്ട്.**

ജനാധിപത്യഭരണ സംവിധാനം നിലനിർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന പ്രക്രിയയാണ് സഭാതലത്തിലെ വോട്ടിംഗ്. സഭയുടെ തീരുമാനം ആവശ്യമായി വരുന്ന സംഗതികളിലെല്ലാം സ്പീക്കർ വോട്ടിംഗിലേക്ക് പോകാറുണ്ട്. അത് ഒരു വിഷയത്തിൻമേൽ തീരുമാനമെടുക്കേണ്ടി വരുമ്പോഴോ ബില്ലുകൾ പാസാക്കുന്ന അവസരങ്ങളിലോ ആകാം. ധനവിനിയോഗ ബില്ലിന്റെ വോട്ടിംഗിൽ പരാജയപ്പെട്ടാൽ ആ സർക്കാരിന് തുടരാൻ അവകാശമില്ല. അക്കാരണത്താൽ വോട്ടിംഗിന് മുന്നോടിയായുള്ള ചർച്ചാവേളയിൽത്തന്നെ ഭൂരിപക്ഷം ഉറപ്പാക്കാനുള്ള ശ്രമം ബന്ധപ്പെട്ടവർ നടത്തിയിരിക്കും. വ്യക്തമായ ഭൂരിപക്ഷമുള്ള സർക്കാരിനെ സംബന്ധിച്ചിടത്തോളം ചില അംഗങ്ങൾ സഭയിൽ നിന്ന് വിട്ടു നിൽക്കുകയാണെങ്കിൽ പോലും വോട്ടിംഗ് ഭൂരിപക്ഷത്തെ ബാധിക്കില്ല. എന്നാൽ കേവലഭൂരിപക്ഷം മാത്രമുള്ള ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഭരണപക്ഷ അംഗങ്ങൾ വിട്ടുനിൽക്കുന്ന അവസരത്തിൽ വോട്ടിംഗ് നടത്തുമ്പോൾ ഭൂരിപക്ഷം നേടാനുള്ള അംഗബലം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. സ്പീക്കറൊഴികെ ഭരണപക്ഷാംഗങ്ങളും പ്രതിപക്ഷാംഗങ്ങളും തുല്യ എണ്ണമായിരിക്കുമ്പോഴുള്ള പ്രതിസന്ധി ഇതോടൊപ്പം ചേർത്തു വായിക്കേണ്ട ഒന്നാണ്. വോട്ടിംഗിൽ ഭരണപക്ഷവും പ്രതിപക്ഷവും തുല്യ വോട്ട് നേടുന്ന അവസരത്തിൽ സ്പീക്കറുടെ കാസ്റ്റിംഗ് വോട്ട് നിർണായകമാകുന്നു.

സഭാദ്ധ്യക്ഷനായിരിക്കുന്നയാൾ, അത് സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറോ അല്ലെങ്കിൽ അദ്ധ്യക്ഷ പദവിയിലിരിക്കുന്ന മറ്റൊരംഗമോ ആണെങ്കിലും സാധാരണഗതിയിൽ വോട്ടിംഗിൽ പങ്കെടുക്കാറില്ല. എന്നാൽ വോട്ടിംഗിൽ തുല്യത വരുന്ന അവസരത്തിൽ പ്രതിസന്ധി ഒഴിവാക്കുന്നതിനായി അദ്ധ്യക്ഷൻ തന്റെ വോട്ട് വിനിയോഗിക്കുന്നു. ഇത്തരം വോട്ടാണ് കാസ്റ്റിംഗ് വോട്ട് അഥവാ നിർണയാധികാര വോട്ട്. ഭരണഘടനയുടെ അനുച്ഛേദം 189(1) പ്രകാരമാണ് കാസ്റ്റിംഗ് വോട്ട് ചെയ്യുന്നത്. ഭരണഘടന നിലവിൽ വരുന്നതിനു മുൻപും നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതിന് മുൻപും പ്രാദേശികമായി നിലനിന്നിരുന്ന ജനാധിപത്യ ഭരണസംവിധാനങ്ങളിൽ നിർണയാധികാര വോട്ട് ഉപയോഗിച്ചിരുന്നതായി സഭാരേഖകളിൽ കാണുന്നു. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ, ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ, തിരുവിതാംകൂർ ശ്രീമൂലം അസംബ്ലി, കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ, തിരു-കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ എന്നിവയിലെല്ലാം കാസ്റ്റിംഗ് വോട്ട് വിനിയോഗിച്ചിട്ടുണ്ട്.

### തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ

തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ യോഗങ്ങളിൽ നിരവധി അവസരങ്ങളിൽ അദ്ധ്യക്ഷൻ കാസ്റ്റിംഗ് വോട്ട് വിനിയോഗിച്ചിട്ടുള്ളതായി കാണാം. 1895 മേയ് 11 ന് രജിസ്ട്രേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ കൃഷ്ണസ്വാമി റാവു കൊണ്ടുവന്ന ഭേദഗതിയിന്മേൽ വോട്ടെടുപ്പ് നടന്നപ്പോൾ അദ്ധ്യക്ഷ പദവിയിലുണ്ടായിരുന്ന പ്രസിഡന്റ് ശങ്കര സുബ്ബയ്യർ ഭേദഗതിക്ക് എതിരായി വോട്ട് രേഖപ്പെടുത്തിയതോടെ ഭേദഗതി നിരാകരിച്ചു. കേരള നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിൽ ഏറ്റവും ആദ്യത്തെ കാസ്റ്റിംഗ് വോട്ടായിരുന്നു 1895 മെയ് 11 ന് രേഖപ്പെടുത്തിയത്.

1898 ജൂൺ 16 ന് ക്രിമിനൽ പ്രൊസീഡിയർ കോഡിന്റെ പരിഗണനാവേളയിൽ 143, 144 എന്നീ വകുപ്പുകൾക്ക് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് പി.താണുപിള്ള അവതരിപ്പിച്ച ഉപക്ഷേപങ്ങൾ വോട്ടിനിട്ടപ്പോൾ പ്രസിഡന്റ് കൃഷ്ണസ്വാമി റാവു ഉപക്ഷേപത്തെ എതിർത്ത് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തിയതിനാൽ ഉപക്ഷേപം നിരാകരിക്കപ്പെട്ടു. അക്കാലത്ത് അദ്ധ്യക്ഷൻ ആദ്യഘട്ടത്തിൽ വോട്ട് രേഖപ്പെടുത്തിയിരുന്നെങ്കിലും തുല്യത വരുന്ന അവസരത്തിൽ രണ്ടാമത് ഒരു വോട്ട് കൂടി രേഖപ്പെടുത്തുന്നതിന് അദ്ധ്യക്ഷന് അധികാരമുണ്ടായിരുന്നു. നിയമസഭാ നടപടിച്ചട്ടം 188 പ്രകാരം കേരള നിയമസഭയിലെ വിവിധ സമിതികളിൽ വോട്ടെടുപ്പ് നടക്കുമ്പോൾ രണ്ടാമത് ഒരു വോട്ട് ചെയ്യാൻ സമിതി അദ്ധ്യക്ഷന് അവസരമുണ്ട്.

### ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ

കേരള നിയമസഭാ ചരിത്രത്തിലെ സുപ്രധാന ഏടുകളിലൊന്നായ ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിലും ഒന്നിലധികം തവണ കാസ്റ്റിംഗ് വോട്ടിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1935 നവംബർ 23 ന് 'ദി ട്രാവൻകൂർ ലിമിറ്റേഷൻ റെഗുലേഷൻ (അമെന്റ്മെന്റ്) ബില്ലി'ന് അവതരണാനുമതി തേടിക്കൊണ്ട് ജി.നാരായണ അയ്യർ കൊണ്ടുവന്ന പ്രമേയം വോട്ടിനിട്ടപ്പോൾ ദിവാൻ പ്രസിഡന്റ് മുഹമ്മദ് ഹബീബുള്ള സാഹിബ് പ്രമേയത്തെ എതിർത്തുകൊണ്ട് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം നിരാകരിക്കുകയും ചെയ്തു.

സഭ പാസാക്കിയ ബില്ലിൻമേൽ ഭേദഗതി നിർദ്ദേശിച്ച് ദിവാൻ മടക്കിയ 'ദി ട്രാവൻകൂർ മെക്കാനിക്കൽ ലൈറ്റേഴ്സ് എക്സൈസ് ഡ്യൂട്ടി ബില്ലി'ന്മേലുള്ള വോട്ടെടുപ്പിൽ 1936 ഏപ്രിൽ 28 ന് പ്രസിഡന്റ് മുഹമ്മദ് ഹബീബുള്ള സാഹിബ് പ്രമേയത്തെ അനുകൂലിച്ച് അംഗമെന്ന നിലയിൽ തന്റെ ആദ്യ വോട്ടും തുടർന്ന് തന്റെ കാസ്റ്റിംഗ് വോട്ടും രേഖപ്പെടുത്തുകയും പ്രമേയം അംഗീകരിക്കുകയും ചെയ്തു.

1941 ഡിസംബർ 8 ന് ഇക്കണോമിക് ഡവലപ്മെന്റ് ബോർഡും കാർഷിക ബോർഡും കൂടി സംയോജിപ്പിക്കണമെന്നാവശ്യപ്പെട്ട് കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള അവതരിപ്പിച്ച പ്രമേയം വോട്ടിനിടുകയും പ്രമേയത്തെ അനുകൂലിച്ചും പ്രതികൂലിച്ചും തുല്യ അംഗങ്ങൾ വോട്ട് ചെയ്തതിനാൽ സി. പി. രാമസ്വാമി അയ്യർ പ്രമേയത്തെ അനുകൂലിച്ച് തന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി പ്രമേയം അംഗീകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു.

### തിരുവിതാംകൂർ ശ്രീമൂലം അസംബ്ലി

ശ്രീമൂലം അസംബ്ലിയിൽ 1935 ആഗസ്റ്റ് 2 ന് ഉപ്പ് ഫാക്ടറികൾക്കായി നീക്കിവച്ച 11,400 രൂപ 10 രൂപയായി കുറവ് ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം വോട്ടിനിട്ടപ്പോൾ ദിവാൻ പ്രസിഡന്റ് തോമസ് ഓസ്റ്റിൻ ഖണ്ഡനോപക്ഷപത്തിനെതിരെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും ഖണ്ഡനോപക്ഷേപം നിരാകരിക്കുകയും ചെയ്തു.

1945 ഫെബ്രുവരി 21 ാം തീയതി 'ദി ട്രാവൻകൂർ കോമ്പൻസേഷൻ ഫോർ ഇംപ്രൂവ്മെന്റ്സ് ബില്ലി'ന്റെ അവതരണാനുമതിക്കുള്ള പ്രമേയം വോട്ടിനിട്ടപ്പോൾ ദിവാൻ പ്രസിഡന്റ് സി.പി. രാമസ്വാമി അയ്യർ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർത്ത് തന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തിയതിനാൽ പ്രമേയം നിരാകരിക്കപ്പെട്ടു.

### കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ

1923 ലെ കൊച്ചിൻ ലെജിസ്ലേറ്റീവ് ആക്ടനുസരിച്ച് 1925 ൽ നിലവിൽ വന്ന കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ നിരവധി തവണ കാസ്റ്റിംഗ് വോട്ടിന് വേദിയായി. 1926 നവംബർ 29 ന് 'കൊച്ചിൻ കോർട്ട് ഓഫ് വാർഡ്സ് (അമെന്റ്മെന്റ്) ബിൽ' അവതരിപ്പിക്കുന്നതിനുള്ള പ്രമേയത്തിന്മേൽ പ്രസിഡന്റ് റാവു ബഹാദൂർ ടി.എസ്. നാരായണ അയ്യർ പ്രമേയത്തെ അനുകൂലിച്ച് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം അംഗീകരിക്കപ്പെടുകയും ചെയ്തു. തൊട്ടടുത്ത വർഷം, 1927 ഏപ്രിൽ 8 ന് ഡോ. എ.ആർ.മേനോൻ അവതരിപ്പിച്ച 'ദി കൊച്ചിൻ മെഡിക്കൽ റിലീഫ് ബിൽ' പരിഗണനയ്ക്ക് എടുക്കുന്നത് സംബന്ധിച്ച പ്രമേയം വോട്ടിനിട്ടപ്പോൾ പ്രസിഡന്റ് റാവു ബഹാദൂർ ടി.എസ്.നാരായണ അയ്യർ പ്രമേയത്തെ എതിർത്ത് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി.



സി.പി. രാമസ്വാമി അയ്യർ



കെ. കൃഷ്ണസ്വാമി റാവു



എസ്. ശങ്കര സുബ്ബ അയ്യർ



ആർ.കെ. ഷൺമുഖം ഷെട്ടി



ടി.എസ്. നാരായണ അയ്യർ



എ. സി. ജോസ്



കൊരമ്പയിൽ അഹമ്മദ് ഹാജി

കോളേജ് വിദ്യാഭ്യാസത്തിനായി അനുവദിക്കണമെന്നാവശ്യപ്പെട്ട 114190 രൂപ 50000 രൂപയായി കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1927 ജൂലൈ 28 ന് ഡോ.എ.ആർ. മേനോൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടപ്പോൾ ദിവാൻ പ്രസിഡന്റ് എതിർത്ത് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും ഖണ്ഡനോപക്ഷേപം നിരാകരിക്കുകയും ചെയ്തു. തൊട്ടടുത്തദിവസം ഡിമാന്റ് ചർച്ചാവേളയിൽ എറണാകുളം ജനറൽ ആശുപത്രിക്ക് പേ വാർഡ് പണിയുന്നതിനായി ആവശ്യപ്പെട്ട 40000 രൂപ നല്കരുതെന്ന സി.എ.കുഞ്ഞുണ്ണി രാജ കൊണ്ടുവന്ന ഖണ്ഡനോപക്ഷേപത്തെ എതിർത്ത് ദിവാൻ പ്രസിഡന്റ് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും ഖണ്ഡനോപക്ഷേപം നിരാകരിക്കുകയും ചെയ്തു.

1930 ആഗസ്റ്റ് 11 ന് ധനാഭ്യർത്ഥനകളുടെ ചർച്ചാവേളയിൽ പൊതുമരാമത്തിനായി 1604134 രൂപ അനുവദിക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിക്കരുതെന്ന് ആവശ്യപ്പെട്ട് എ.ബി.സലാം കൊണ്ടുവന്ന ഖണ്ഡനോപക്ഷേപം വോട്ടിനിട്ടപ്പോൾ, ദിവാൻ പ്രസിഡന്റ് റാവു ബഹാദൂർ ടി.എസ്.നാരായണ അയ്യർ ഖണ്ഡനോപക്ഷേപത്തെ എതിർത്ത് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി.

1930 ആഗസ്റ്റ് 13 ന് സയന്റിഫിക് മുതലായ വകുപ്പുകളുടെ XXIX ാം നമ്പർ ധനാഭ്യർത്ഥനയിൽ വകകൊള്ളിച്ചിട്ടുള്ള 156964 രൂപയിൽ നിന്ന് ഒരു രൂപ കുറവ് ചെയ്ത് അനുവദിക്കണമെന്ന ഉപക്ഷേപം വോട്ടിനിട്ടപ്പോൾ ദിവാൻ പ്രസിഡന്റ് റാവു ബഹാദൂർ ടി.എസ്.നാരായണ അയ്യർ ഉപക്ഷേപത്തെ അനുകൂലിച്ച് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും ഉപക്ഷേപം അംഗീകരിക്കുകയും ചെയ്തു. ഇങ്ങനെ കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിൽ നിരവധി തവണ ദിവാൻ പ്രസിഡന്റ് റാവു ബഹാദൂർ ടി.എസ്. നാരായണ അയ്യർ തന്റെ കാസ്റ്റിംഗ് വോട്ട് വിനിയോഗിച്ചതായി കാണാം.

രാമപുരത്തെ നിയുക്ത കോളേജ് ഒരു ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റണമെന്ന് 1930 ഡിസംബർ 5 ന് തോമസ് മാഞ്ഞൂരാൻ അവതരിപ്പിച്ച പ്രമേയം വോട്ടിനിട്ടപ്പോൾ പ്രസിഡന്റ് സി.ജി.ഹെർബർട്ട് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് പ്രമേയത്തിന് എതിരായി രേഖപ്പെടുത്തുകയും പ്രമേയം നിരാകരിക്കുകയും ചെയ്തു. 1933 മാർച്ച് 27 ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റെഗുലേഷൻ (അമന്റ്മെന്റ്) ബില്ലിന് അവതരണാനുമതി തേടിക്കൊണ്ട് കെ.അച്ചുതമേനോൻ അവതരിപ്പിച്ച പ്രമേയത്തിന് അനുകൂലമായി ഡെപ്യൂട്ടി പ്രസിഡന്റ് അമ്പാട്ട് ഗോവിന്ദമേനോൻ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം പാസ്സായതായി പ്രഖ്യാപിക്കുകയും ചെയ്തു. 1933 ആഗസ്റ്റ് 7 ാം തീയതി ധനാഭ്യർത്ഥന ചർച്ചാവേളയിൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനുവേണ്ടി ആവശ്യപ്പെട്ട 55713 രൂപ ഒരു രൂപയായി കുറവ് ചെയ്യണമെന്ന പി.കുമാരൻ എഴുത്താശാന്റെ ഖണ്ഡനോപക്ഷേപത്തെ എതിർത്ത് ആക്റ്റിംഗ് ദിവാൻ വി.വി.കസ്തൂരിരംഗ അയ്യർ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും ഖണ്ഡനോപക്ഷേപം തള്ളുകയും ചെയ്തു. ഡീഫോൾട്ടിംഗ് പ്രൈസ് സബ്സ്ക്രൈബേഴ്സ് ഓഫ് കുറീസിനെ സംബന്ധിച്ച് ഒരു വിളംബരം പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് 1934 ജനുവരി 25 ന് കെ.മുഹമ്മദ് സീതി അവതരിപ്പിച്ച പ്രമേയം അനുകൂലിച്ച് ഡെപ്യൂട്ടി പ്രസിഡന്റ് എ.ഗോവിന്ദ മേനോൻ വോട്ട് കാസ്റ്റ്ചെയ്തു.

1934 നവംബർ 28 ന് കൊച്ചിൻ പ്രസ്സ് ആന്റ് രജിസ്ട്രേഷൻ ഓഫ് ബുക്സ് റെഗുലേഷൻ (അമന്റ്മെന്റ്) ബില്ലിന്റെ ചർച്ചാവേളയിൽ 3 പ്രാവശ്യം കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തേണ്ട സാഹചര്യമുണ്ടായി. ബിൽ വീണ്ടും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന കെ.എം.ഇബ്രാഹിമിന്റെ പ്രമേയത്തിന് അനുകൂലമായി 17 അംഗങ്ങളും പ്രതികൂലമായി 17 അംഗങ്ങളും വോട്ട് രേഖപ്പെടുത്തി. ദിവാൻ പ്രസിഡന്റ് സി.ജി.ഹെർബർട്ട് പ്രമേയത്തെ എതിർത്ത് തന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം നിരാകരിക്കപ്പെടുകയും ചെയ്തു. ഈ ബില്ലിന്റെ ചർച്ച നിർത്തിവച്ച് കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ സ്റ്റാൻഡിംഗ് ഉത്തരവിന്റെ 26 ാം വകുപ്പ് പ്രകാരം അജണ്ടയിലെ അടുത്ത ഇനത്തിലേക്ക്

കടക്കണമെന്ന് ആവശ്യപ്പെട്ട് ഇ. ഇക്കണ്ട വാര്യർ ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഇതിന്മേൽ നടത്തിയ വോട്ടെടുപ്പിലും 17 അംഗങ്ങൾ വീതം അനുകൂലിച്ചും പ്രതികൂലിച്ചും വോട്ട് രേഖപ്പെടുത്തുകയും ദിവാൻ പ്രസിഡന്റ് പ്രമേയത്തെ എതിർത്ത് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം സഭ നിരാകരിക്കുകയും ചെയ്തു. തുടർന്ന് കൊച്ചിൻ പ്രസ്സ് ആന്റ് രജിസ്ട്രേഷൻ ഓഫ് ബുക്സ് റെഗുലേഷൻ (ഭേദഗതി) ബിൽ തൊട്ടടുത്ത വെള്ളിയാഴ്ച സഭ പാസ്സാക്കണമെന്ന തോമസ് മാഞ്ഞൂരാന്റെ പ്രമേയവും വോട്ടിനിട്ടു. അപ്പോഴും 17 വീതം അംഗങ്ങൾ അനുകൂലിച്ചും പ്രതികൂലിച്ചും വോട്ട് രേഖപ്പെടുത്തി. ഇത്തവണ പ്രസിഡന്റ് ഹെർബർട്ട് പ്രമേയത്തെ അനുകൂലിച്ച് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി പ്രമേയം അംഗീകരിച്ചതായി പ്രഖ്യാപിച്ചു. ഇങ്ങനെ ഒരേ ബില്ലിന്മേൽ ഒരു ദിവസം മൂന്നു കാസ്റ്റിംഗ് വോട്ട് വിനിയോഗിച്ച അദ്ധ്യക്ഷൻ എന്ന പ്രത്യേകതയും ദിവാൻ പ്രസിഡന്റ് സി.ജി.ഹെർബർട്ടിനെ തേടിയെത്തി.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 'ദി കൊച്ചിൻ മുൻസിപ്പൽ ബില്ല്'പരിഗണിച്ച 1937 ആഗസ്റ്റ് 16 ന് കെ.കുമാരൻ എഴുത്താശാൻ കൊണ്ടു വന്ന ഒരു ഭേദഗതി പ്രമേയം വോട്ടിംഗിൽ തുല്യത വന്ന സാഹചര്യത്തിൽ ഡെപ്യൂട്ടി പ്രസിഡന്റ് എ.ശങ്കരമേനോൻ അനുകൂലിച്ച് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി. 1938 ഫെബ്രുവരി 2 ന് വി.കെ.കൃഷ്ണൻകുട്ടി അവതരിപ്പിച്ച വധശിക്ഷ നിർത്തലാക്കി പകരം കൊലപാതകകുറ്റത്തിന് ജീവപര്യന്തം തടവുശിക്ഷ നല്കണമെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്യുന്ന പ്രമേയം എതിർത്തുകൊണ്ട് പ്രസിഡന്റ് ഷൺമുഖം ചെട്ടി കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം നിരാകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു.

### തിരുവിതാംകൂർ-കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ

തിരുവിതാംകൂർ -കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ ഒരു തവണ കാസ്റ്റിംഗ് വോട്ടിന് സാക്ഷ്യം വഹിച്ചു. ദി ട്രാവൻകൂർ-കൊച്ചിൻ ഇറിഗേഷൻ ടാങ്ക് (പ്രിസർവേഷൻ ആന്റ് ഇംപ്രൂവ്മെന്റ്)ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണന 1952 നവംബർ 4 ന് സഭയിൽ നടന്നു. ഈ ബില്ലിന്റെ 7 ാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിന് പി.എസ്. നടരാജപിള്ള കൊണ്ടുവന്ന ഭേദഗതി വോട്ടിനിട്ടപ്പോൾ 41 അംഗങ്ങൾ അനുകൂലിക്കുകയും 41 അംഗങ്ങൾ പ്രതികൂലിക്കുകയും ചെയ്തു. വോട്ടിംഗിൽ തുല്യത വന്ന സാഹചര്യത്തിൽ സ്പീക്കർ കെ.പി. നീലകണ്ഠപിള്ള ഭേദഗതിയെ എതിർത്ത് അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും ഭേദഗതി നിരാകരിക്കുകയും ചെയ്തു.

### കേരള നിയമസഭ

കേരള നിയമസഭയിൽ അദ്ധ്യക്ഷപദമലങ്കരിച്ച രണ്ടു പേർ ഭരണഘടനയുടെ അനുച്ഛേദം 189 നൽകുന്ന അധികാരം വിനിയോഗിച്ച് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ആറാം കേരള നിയമസഭയിൽ സ്പീക്കർ എ.സി. ജോസിന്റെ കാസ്റ്റിംഗ് വോട്ട് സഭയെ താങ്ങി നിർത്തിയത് ചരിത്രത്തിന്റെ ഭാഗമാണ്. കെ.കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്കെതിരെ എ.സി ഷൺമുഖദാസ് അവതരിപ്പിച്ച അവിശ്വാസ പ്രമേയം 1982 ഫെബ്രുവരി 4ാം തീയതിയാണ് വോട്ടിനിട്ടത്. ഭരണപക്ഷത്തും പ്രതിപക്ഷത്തും 70 അംഗങ്ങൾ വീതമായിരുന്നു അന്നുണ്ടായിരുന്നത്. 70 അംഗങ്ങൾ പ്രമേയത്തെ അനുകൂലിച്ചും 70 അംഗങ്ങൾ പ്രതികൂലിച്ചും വോട്ട് രേഖപ്പെടുത്തിയപ്പോൾ സ്പീക്കർ എ.സി. ജോസ് പ്രമേയത്തെ എതിർത്ത് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി.

1982 ഫെബ്രുവരി 9 ന് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേൽ ചർച്ചയും വോട്ടെടുപ്പും നടന്നു. നന്ദിപ്രമേയത്തിന് 6 ഭേദഗതികൾ പ്രതിപക്ഷത്ത് നിന്നും അവതരിപ്പിക്കുകയുണ്ടായി. 6 തവണയും 70 അംഗങ്ങൾ വീതം ഭേദഗതിയെ അനുകൂലിച്ചും പ്രതികൂലിച്ചും വോട്ട് രേഖപ്പെടുത്തിയ സാഹചര്യത്തിൽ സ്പീക്കർ എ.സി. ജോസ് ഭേദഗതികൾക്ക് എതിരായി കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും അവ തള്ളുകയും ചെയ്തു. തുടർന്ന് നന്ദിപ്രമേയം വോട്ടിനിട്ടപ്പോഴും 70 അംഗങ്ങൾ വീതം അതിന് അനുകൂലമായും പ്രതികൂലമായും വോട്ട് രേഖപ്പെടുത്തി. വോട്ടിംഗിൽ തുല്യത വന്ന സാഹചര്യത്തിൽ സ്പീക്കർ ഏഴാം തവണയും കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി. ഇത്തവണ പ്രമേയത്തിന് അനുകൂലമായി അദ്ദേഹം വോട്ട് രേഖപ്പെടുത്തുകയും പ്രമേയം പാസ്സായതായി പ്രഖ്യാപിക്കുകയും ചെയ്തു. ഇപ്രകാരം കേരള നിയമസഭയിൽ എട്ടു തവണ കാസ്റ്റിംഗ് വോട്ട് ചെയ്ത എ.സി.ജോസ് ചരിത്രത്തിന്റെ ഭാഗമായി.

1986 ഒക്ടോബർ 24 ന് ഒരിക്കൽ കൂടി കേരള നിയമസഭ കാസ്റ്റിംഗ് വോട്ടിന് വേദിയായി. അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി മാറ്റി വച്ച ദിവസമായിരുന്നു അത്. നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടനടി അംഗീകരിച്ച് നടപ്പിലാക്കണമെന്ന് കെ.പി.പ്രഭാകരൻ പ്രമേയം അവതരിപ്പിച്ചു. പ്രമേയം വോട്ടിനിട്ടപ്പോൾ 51 അംഗങ്ങൾ വീതം അനുകൂലിച്ചും പ്രതികൂലിച്ചും വോട്ട് രേഖപ്പെടുത്തി. വോട്ടിംഗിൽ തുല്യത വന്ന സാഹചര്യത്തിൽ അപ്പോൾ സഭ നിയന്ത്രിച്ചിരുന്ന ഡെപ്യൂട്ടി സ്പീക്കർ കൊരമ്പയിൽ അഹമ്മദ് ഹാജി പ്രമേയത്തിന് എതിരെ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും പ്രമേയം നിരാകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു.

നിയമസഭകളിൽ അത്യപൂർവ്വമായി മാത്രം വിനിയോഗിക്കുന്ന നിർണയാധികാര വോട്ടുകൾ ഭരണ പ്രതിപക്ഷാംഗങ്ങളുടെ ബലാബല പരീക്ഷണ ആയുധങ്ങളാണ്. ഇത് ഒഴിവാക്കാൻ ഭരണപക്ഷം ശ്രമിക്കുമ്പോൾ അവസരം വിനിയോഗിക്കാനുള്ള ശ്രമം പ്രതിപക്ഷം നടത്തുന്നു.

തയ്യാറാക്കിയത് :
*മഞ്ജു യു.,*
*അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ*

## വേർപാട്



### മുൻ എം.എൽ.എ. ഇ. ശങ്കരൻ

തൃത്താല മുൻ എം.എൽ.എ. ഇ. ശങ്കരൻ (86), 2022 ജനുവരി 21 ന് അന്തരിച്ചു. ഒൻപതാം കേരള നിയമസഭയിൽ (1991-96) തൃത്താല (എസ്.സി) മണ്ഡലത്തിൽ നിന്നുള്ള സി.പി.ഐ(എം) അംഗമായിരുന്നു. സി.പി.ഐ.(എം) ഏരിയ കമ്മിറ്റി, കെ.എസ്.കെ.റ്റി.യു. ഏരിയ കമ്മിറ്റി, പി.കെ.എസ്. പാലക്കാട് ജില്ലാ കമ്മിറ്റി, മലബാർ ദേവസ്വം ബോർഡ്, കേരള എൻ.ജി.ഒ. യൂണിയൻ സംസ്ഥാന കൗൺസിൽ എന്നിവയിൽ അംഗമായിരുന്നു.
ഭാര്യ, കുഞ്ഞമ്മു; മൂന്ന് മക്കളുണ്ട്.

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



### സ്മൃതിപർവം
(ആത്മകഥ)
പി.കെ.വാര്യർ
പ്രസിദ്ധീകരണ വിഭാഗം, ആര്യവൈദ്യശാല,കോട്ടയ്ക്കൽ, 2020
LBwWAR32RO
(കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ സാരഥി ആയിരുന്ന ശ്രീ. പി.കെ. വാര്യരുടെ ആത്മകഥ)



### വി.എസ്സിന്റെ ആത്മരേഖ
### പി. ജയനാഥ്
കറന്റ് ബുക്സ് : തൃശ്ശൂർ, 2021
V212, 21y7ACH 32R1
(വി.എസ്. അച്യുതാനന്ദനെയും അദ്ദേഹം കടന്നുപോയ ഐതിഹാസിക സമരങ്ങളെയും കോർത്തിണക്കുന്ന ജീവിതരേഖ)



### കുറ്റാന്വേഷണത്തിന്റെ കാണാപ്പുറങ്ങൾ
പോലീസ് ഡയറി
എൻ. രാമചന്ദ്രൻ ഐ.പി.എസ്
ഡി.സി. ബുക്സ് : കോട്ടയം, 2021
Z212, 193wRAM 32RO
(ഒരു പോലീസ് ഉദ്യോഗസ്ഥൻ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചതിനുശേഷം തന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്ന പ്രധാനപ്പെട്ടതും അസാധാരണവുമായ അനുഭവങ്ങൾ തുറന്നെഴുതുന്ന പുസ്തകം)



### മനുഷ്യവംശത്തിന്റെ ജനിതകവഴി
ഡേവിഡ് റെയ്ഷ്
വിവ. ഡോ. എസ്. ബാലരാമകൈമൾ
ഡി.സി. ബുക്സ് : കോട്ടയം, 2021
G:632Q9
(ജനിതക വിപ്ലവവും പുരാതന ഡി.എൻ.എ പഠനങ്ങളും ആധുനിക മനുഷ്യന്റെ വംശ പരമ്പരയെക്കുറിച്ചുള്ള നമ്മുടെ ധാരണകളെ എങ്ങനെയാണ് മാറ്റി മറിക്കുന്നത് എന്ന് വിവരിക്കുന്ന ഗ്രന്ഥം)



### കവിതയുടെ വിഷ്ണുലോകം
ഡോ. എം. ലീലാവതി
മാതൃഭൂമി ബുക്സ്: കോഴിക്കോട്, 2018.
O32,1VIS:g Q8
(വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കാവ്യപ്രപഞ്ചത്തിലൂടെയുള്ള സമഗ്രമായ പഠനം)



### പാലായിലെ കമ്മ്യൂണിസ്റ്റ്
എസ്.ആർ. ലാൽ
ഡി.സി. ബുക്സ്: കോട്ടയം, 2021
O32, 3LAL R1
(കഥാസമാഹാരം)




### ലോക്ഡൗൺ ഡെയ്സ്
അടഞ്ഞ ലോകത്തിന്റെ ആത്മകഥ
കെ.പി. റഷീദ്
ഡി.സി. ബുക്സ്: കോട്ടയം, 2020
Y: 4 32 RO
(മാധ്യമപ്രവർത്തകനായ ലേഖകൻ തന്റെ കൊറോണ കാലത്തെ അനുഭവങ്ങൾ വിവരിക്കുന്നു)




### കല ജീവിതം തന്നെ
കുട്ടികൃഷ്ണമാരാര്
മാരാർ സാഹിത്യപ്രകാശനം കോഴിക്കോട്, 2019
O32, 6:g Q9
(ലേഖനസമാഹാരം)




### Spillover :
### Animal Infections and the Next Human Pandemic
David Quammen
Vintage Books : London, 2013
L: 4522Q3
(This book reveals the dangerous infections transmitted from animals to human due to the destruction of ancient ecosystems)




### വിദ്യാഭ്യാസവും ജീവിതത്തിന്റെ പൊരുളും
ജെ. കൃഷ്ണമൂർത്തി
വിവ. പി. ദാമോദരൻപിള്ള
ഡി.സി. ബുക്സ്: കോട്ടയം, 2021
T(R) 32R1
(ജീവിതത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം എന്താണെന്നും ജീവിതത്തെ അർത്ഥവത്താക്കേണ്ടതെങ്ങനെയെന്നും മനസ്സിലാക്കിത്തരുന്ന കൃതി.)




### Noise :
### A Flaw in Human Judgment
Daniel Kahneman, Olivier Sibony and Cass R. Sunstein
William Collina : London, 2021
S:44 R1
(This book explains what limits our decision making, and offers a practical route to improving the way we think.




### ഇന്ത്യ എന്റെ പ്രണയ വിസ്മയം
ഗോപിനാഥ് മുതുകാട്
ഡി.സി. ബുക്സ്: കോട്ടയം, 2021
U8 2 32 R1
(യാത്രാവിവരണം)



# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ

ലേഖനം തുടർച്ച...

റ്റി.മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

## സുപ്രധാനമായ അധികാരങ്ങൾ

### I. ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സമിതിയുടെ അധികാരങ്ങൾ

ബജറ്റിന്റെ പൊതുചർച്ച സമാപിച്ചാലുടനെ ഓരോ സബ്ജക്ട് കമ്മിറ്റിയും അതിന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകൾ പരിശോധിക്കേണ്ടതുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷത്തിൽ ധനാഭ്യർത്ഥനയിലുണ്ടായ വ്യതിയാനം വിശിഷ്യാ വർദ്ധനവുകൾ, ചെലവുചുരുക്കലിന്റെയും കാര്യക്ഷമതയുടെയും ആവശ്യകത, പുതിയ സേവനങ്ങൾ, ആവശ്യങ്ങളുമായുള്ള ചെലവിന്റെ ബന്ധം എന്നിവയുമായി ബന്ധപ്പെടുത്തി പരിശോധന പൂർത്തിയാക്കേണ്ടതാണ്.

നിയമസഭാ ചട്ടങ്ങളിൽ നിക്ഷിപ്തമാക്കിയ പ്രധാനപ്പെട്ട ഒരു കർത്തവ്യമാണ് ധനാഭ്യർത്ഥന പരിശോധിക്കുവാനുള്ള അവസരം. ബജറ്റ് രേഖകളുടെ സാങ്കേതികത്വത്തിനതീതമായി അംഗങ്ങൾക്ക് എളുപ്പത്തിൽ പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള വിശദമായ കുറിപ്പുകൾ പരിശോധനയ്ക്ക് മുമ്പായി അംഗങ്ങൾക്ക് ലഭ്യമാക്കണമെന്നാണ് വിവക്ഷ. എന്നാൽ കാലം ചെല്ലുന്തോറും അംഗങ്ങൾക്ക് ലഭിക്കുന്ന നോട്ട് ഒരനുഷ്ഠാനമായി അധഃപതിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പരിശോധന പലപ്പോഴും ഫലപ്രദമാകുന്നുമില്ല. എന്നുമാത്രമല്ല, പരിശോധനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാനും ആവുന്നില്ല. ധനാഭ്യർത്ഥന പരിശോധനയ്ക്കുള്ള കാലാവധി നാലാഴ്ചയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ആയതു വർദ്ധിപ്പിച്ചുകൊണ്ട് ആവശ്യമായി വരുന്ന സംഗതിയിൽ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതിയെപ്പറ്റി സ്ഥലസന്ദർശനം നടത്തി വിവരം ഗ്രഹിക്കുവാനുള്ള സമയം ലഭിക്കേണ്ടതുണ്ട്. അതിനായി ധനാഭ്യർത്ഥനാ പരിശോധനയ്ക്കുള്ള സമയപരിധി വർദ്ധിപ്പിക്കണമെന്ന ശക്തമായ ആവശ്യവും നിലനില്ക്കുന്നു.

### II ബില്ലുകളെ സംബന്ധിച്ച സമിതിയുടെ അധികാരങ്ങൾ

ഒരു ബിൽ ഏതെങ്കിലും ഒരു സമിതിയുടെ പരിഗണനയും അതിന്മേലുള്ള സമിതിയുടെ ശിപാർശകളടങ്ങിയ റിപ്പോർട്ടുമില്ലാതെ അതിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണന നടത്തരുതെന്നതാണ് ബില്ലുകളുടെ പരിഗണന സംബന്ധിച്ച സാമാന്യതത്വം. സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വരുന്നതിനുമുമ്പ് പ്രധാനപ്പെട്ട ബില്ലുകളെല്ലാംതന്നെ സെലക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്കയച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി സമ്പ്രദായം നിലവിൽ വന്നതോടുകൂടി ധനവിനിയോഗ ബില്ലൊഴിച്ചുള്ള എല്ലാ ബില്ലുകളും ഒന്നുകിൽ സെലക്ട് കമ്മിറ്റിയുടെയോ അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെയോ പരിശോധനയും പരിഗണനയും കഴിഞ്ഞ ശേഷം മാത്രമേ അതിന്റെ വകുപ്പു തിരിച്ചുള്ള പരിഗണന നടത്താവൂ എന്ന തത്വം അംഗീകരിക്കപ്പെട്ടു. ഒരു ധനവിനിയോഗ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ധനാഭ്യർത്ഥനകളും (സഞ്ചിതനിധിയിൽ ചാർജ്ജുചെയ്ത തുകകൾ ഒഴിച്ച്) സഭയുടെ വോട്ട് നേടിയതാണ് എന്നതുകൊണ്ടാണ് അത്തരം ബില്ലുകൾ ഒരു കമ്മിറ്റിയുടേയും പരിഗണനയ്ക്കയയ്ക്കാത്തത്. സഭയിലെ പ്രഗത്ഭരായ അംഗങ്ങൾ പല സമിതികളിലായി സേവനം അനുഷ്ഠിക്കുന്നവരാണ്. സുപ്രധാനമായ ബില്ലുകളുടെ കാര്യത്തിൽ, പ്രഗത്ഭരായ അംഗങ്ങൾ പ്രസ്തുത ബില്ലിന്റെ പരിശോധനയിലും പരിഗണനയിലും പങ്കെടുക്കണമെന്ന് അഭിപ്രായമുയരുമ്പോഴാണ് അങ്ങനെയുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ബില്ലയയ്ക്കുന്നത്. ഇപ്രകാരമുള്ള സംഗതികളൊഴികെ ബിൽ സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്കയയ്ക്കുക എന്നതാണ് പ്രായേണ സ്വീകരിക്കുന്ന നടപടിക്രമം.

### III ചട്ടങ്ങളുടെ കരട് പരിശോധിക്കുവാനുള്ള അധികാരം

സംസ്ഥാന നിയമസഭ ഒരു ആക്ട് മുഖേന ഗവൺമെന്റിനെയോ മറ്റേതെങ്കിലും നിയമപരമായ അധികാരസ്ഥനെയോ ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം ഏൽപ്പിച്ചു കൊടുക്കുന്ന സംഗതിയിലും പാർലമെന്റ് നിർമ്മിക്കുന്ന ഒരു നിയമം മുഖേന സംസ്ഥാന ഗവണ്മെന്റിന് ചട്ടങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം ഏൽപ്പിച്ചുകൊടുക്കുന്ന സംഗതിയിലും ഗവൺമെന്റോ നിയമപരമായ അധികാരസ്ഥനോ ഉണ്ടാക്കുന്ന ചട്ടങ്ങളുടെ കരട് പരിശോധിക്കുവാനുള്ള അധികാരം സമിതിക്കുണ്ട്. എന്നിരുന്നാലും ഒരു പ്രത്യേക സാഹചര്യത്തിന്റെ അടിയന്തര സ്വഭാവം

> നിയമസഭാ ചട്ടങ്ങളിൽ നിക്ഷിപ്തമാക്കിയ പ്രധാനപ്പെട്ട ഒരു കർത്തവ്യമാണ് ധനാഭ്യർത്ഥന പരിശോധിക്കുവാനുള്ള അവസരം. ബജറ്റ് രേഖകളുടെ സാങ്കേതികത്വത്തിനതീതമായി അംഗങ്ങൾക്ക് എളുപ്പത്തിൽ പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള വിശദമായ കുറിപ്പുകൾ പരിശോധനയ്ക്ക് മുമ്പായി അംഗങ്ങൾക്ക് ലഭ്യമാക്കണമെന്നാണ് വിവക്ഷ.

ആവശ്യപ്പെടുന്നപക്ഷവും പൊതുതാൽപര്യത്തിന്റെ പേരിൽ അത്യാവശ്യ നടപടി വേണ്ടിവരുന്ന പക്ഷവും നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അതിന്റെ കരട് സബ്ജക്ട് കമ്മിറ്റി മുമ്പാകെ വയ്ക്കാതെതന്നെ ചട്ടം പുറപ്പെടുവിക്കാവുന്നതുമാകുന്നു. അപ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അപ്പോൾതന്നെ അവ സമിതിയുടെ പരിശോധന കൂടാതെ പുറപ്പെടുവിച്ചതിനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് സാധൂകരണത്തിനായി സമിതിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

സമിതി ചെയർമാൻ മന്ത്രി ആയതിനാൽ അദ്ദേഹത്തിന്റെ സൗകര്യാർത്ഥമേ സമിതിയുടെ യോഗം ചേരാൻ സാധിക്കുകയുള്ളൂ. സ്വാഭാവികമായും ലഭിക്കുന്ന കരടുചട്ടങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുവാൻ കാലതാമസം ഉണ്ടാകുന്നതാണ്. അതുകൊണ്ട് പലപ്പോഴും സമിതിയുടെ പരിശോധന കൂടാതെതന്നെ, അടിയന്തര സാഹചര്യത്തിന്റെയും പൊതുതാൽപര്യത്തിന്റെയും പേരിൽ, ഗവൺമെന്റ് ചട്ടങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഇതൊരു വലിയ പോരായ്മയാണ്. എന്നാൽ അടിയന്തര സാഹചര്യങ്ങളിലും പൊതുതാൽപര്യത്തിന്റെ പേരിലും കമ്മിറ്റിയുടെ പരിശോധന കൂടാതെ ചട്ടം പുറപ്പെടുവിക്കരുതെന്ന് പറയാനും സാധ്യമല്ല. കാരണം ഓർഡിനൻസ് പ്രഖ്യാപിക്കുവാൻ അധികാരമുള്ള ഗവൺമെന്റ് അത് നടപ്പാക്കുവാനുള്ള ചട്ടം അടിയന്തരമായി പുറപ്പെടുവിക്കരുതെന്ന് വിലക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. ഇതിനുള്ള ഏക പോംവഴി പരിശോധനയ്ക്കു കിട്ടുന്ന ചട്ടങ്ങൾ കഴിയുന്നത്ര വേഗത്തിൽ പരിശോധിച്ച് ഫലം ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുക എന്നത് മാത്രമാണ്. അതുപോലെ കരട് ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന കാര്യക്ഷമമാക്കണമെങ്കിൽ അതിനുവേണ്ടിയുള്ള നോട്ടുകളും ഉപദേശങ്ങളും നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും തയ്യാറാക്കി സമിതി അംഗങ്ങൾക്ക് നല്കേണ്ടതും അനിവാര്യമാണ്.

## സമിതിയുടെ യോഗങ്ങൾ

ചട്ടപ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന അവ സമിതിക്കയച്ച് ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് അംഗീകരിക്കേണ്ടതാണ്. അതുകൊണ്ട് ധനാഭ്യർത്ഥനകൾ പരിശോധിക്കുന്നതിനുള്ള ടൈംടേബിൾ ബജറ്റിന്റെ പൊതു ചർച്ച സമാപിച്ചാലുടനെതന്നെ അംഗങ്ങൾക്കും മന്ത്രിമാർക്കും വകുപ്പ് സെക്രട്ടറിമാർക്കും അയച്ചുകൊടുക്കും. ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടൈംടേബിളിലെ യോഗം സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് അപൂർവ്വമായി മാറ്റം വരുത്താറുണ്ട്. എന്നിരുന്നാലും നിശ്ചിത തീയതിക്കുള്ളിൽ സാധാരണയായി റിപ്പോർട്ട് പൂർത്തീകരിക്കുന്നതാണ്.

സമിതിയുടെ പരിഗണനക്കയയ്ക്കുന്ന ബില്ലുകൾ പ്രത്യേകിച്ച് ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ അതേ സമ്മേളനത്തിൽതന്നെ പാസ്സാക്കേണ്ടവയായിരിക്കും. അതുകൊണ്ട് ഉടനെതന്നെ സബ്ജക്ട് കമ്മിറ്റി യോഗം ചേർന്ന് ബില്ല് പരിഗണിച്ച് റിപ്പോർട്ടുണ്ടാക്കി പിറ്റേദിവസം റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു. അതേ സമ്മേളനത്തിൽതന്നെ പാസ്സാക്കണമെന്ന് നിർബന്ധമില്ലാത്ത ബില്ലുകൾ ആവശ്യമായ സമയമെടുത്ത് യോഗം ചേർന്ന് പരിഗണിച്ച് കരട് റിപ്പോർട്ട് അംഗീകരിക്കുന്നു.

കരട് ചട്ടങ്ങൾ പരിഗണിക്കുന്നതിനുള്ള യോഗങ്ങൾ സമിതിയുടെ അധ്യക്ഷനായ മന്ത്രി നിർദ്ദേശിക്കുന്ന ദിവസമാണ് ചേരുന്നത്. കരട് ചട്ടങ്ങളിൽ സമിതി നിർദ്ദേശിക്കുന്ന മാറ്റങ്ങളും ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുന്നു.

സമിതിയുടെ യോഗങ്ങളിൽ ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവന്മാരും അതതു സംഗതിപോലെ നിയമ വകുപ്പിലേയോ ധനകാര്യ വകുപ്പിലേയോ ഉയർന്ന ഉദ്യോഗസ്ഥന്മാരും പങ്കെടുക്കാറുണ്ട്. ഈ സമിതിയുടെ യോഗങ്ങളിൽ ഉദ്യോഗസ്ഥന്മാർ പങ്കെടുക്കുന്നത് സാക്ഷിയായിട്ടല്ല സമിതിയെ സഹായിക്കാനായിട്ടാണ്.

## സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ

### [എ] സഭയിൽ സമർപ്പിക്കേണ്ടവ

1) ആനുകാലിക റിപ്പോർട്ടുകൾ

2) വിപുലമായ പൊതുതാല്പര്യാർത്ഥമുള്ള സർക്കാർ പദ്ധതിയെയോ, ആസൂത്രണത്തെയോ നയത്തെയോ സംബന്ധിച്ച് പഠിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ

3) ബില്ലുകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ

4) ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടുകൾ

5) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ

6) ചട്ടം 235 [എ] പ്രകാരം നടത്തുന്ന ചർച്ചയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ

### [ബി] മുഖ്യമന്ത്രിക്ക് സമർപ്പിക്കേണ്ടത്

1) കരട് ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ

2) ചട്ടം 235 (1), (iii) & (iv) പ്രകാരമുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻകൂറായി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ

3) ചട്ടം 235 (1) (V) പ്രകാരമുള്ള ചർച്ചയുടെ സംക്ഷിപ്തം.

### [സി] നിയമസഭയിലെ അംഗങ്ങൾക്ക് വായിക്കാനായി കമ്മിറ്റിയോഗത്തിന്റെ നടപടിക്കുറിപ്പ് നിയമസഭാ ലൈബ്രറിയിൽ സൂക്ഷിക്കേണ്ടതാണ്

പരിഷ്കരണത്തിന്റെ ഭാഗമായി 2010 മുതൽ നില വിൽവന്ന പുതിയ 14 സബ്ജക്ട് കമ്മിറ്റികൾ.

| | |
|---|---|
| സബ്ജക്ട് കമ്മിറ്റി I | - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും |
| സബ്ജക്ട് കമ്മിറ്റി II | - ഭൂനികുതിയും ദേവസ്വവും |
| സബ്ജക്ട് കമ്മിറ്റി III | - ജലവിഭവം |
| സബ്ജക്ട് കമ്മിറ്റി IV | - വ്യവസായവും ധാതുക്കളും |
| സബ്ജക്ട് കമ്മിറ്റി V | - മരാമത്തും ഗതാഗതവും വാർത്താവിനിമയവും |
| സബ്ജക്ട് കമ്മിറ്റി VI | - വിദ്യാഭ്യാസം |
| സബ്ജക്ട് കമ്മിറ്റി VII | - വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും |
| സബ്ജക്ട് കമ്മിറ്റി VIII | - സാമ്പത്തിക കാര്യങ്ങൾ |
| സബ്ജക്ട് കമ്മിറ്റി IX | - തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും |
| സബ്ജക്ട് കമ്മിറ്റി X | - വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും |
| സബ്ജക്ട് കമ്മിറ്റി XI | - ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും |
| സബ്ജക്ട് കമ്മിറ്റി XII | - ആരോഗ്യവും കുടുംബ ക്ഷേമവും |
| സബ്ജക്ട് കമ്മിറ്റി XIII | - സാമൂഹ്യ സേവനം |
| സബ്ജക്ട് കമ്മിറ്റി XIV | - ആഭ്യന്തര കാര്യങ്ങൾ |

## സബ്ജക്ട് കമ്മിറ്റികൾക്കായി 2018 ൽ വരുത്തിയ പ്രധാന ചട്ടഭേദഗതികൾ

സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനപന്ഥാവിലെ തടസ്സങ്ങൾ നീക്കാൻ കാലാകാലങ്ങളിൽ നിയമസഭ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. അതിൻപ്രകാരം 2018 ലും ഏതാനും ചില ഭേദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ വരുത്തണമെന്ന് ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-19) ശിപാർശ ചെയ്യുകയും 2018 ജൂൺ 24 ാം തീയതി മുതൽ അവ പ്രാബല്യത്തിൽ വരികയും ചെയ്തു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1) ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധനയെത്തുടർന്ന് സമിതികൾ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം സമർപ്പിക്കാത്തപക്ഷം ബന്ധപ്പെട്ട മന്ത്രി അതിനുള്ള കാരണം വിശദമാക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തു വയ്ക്കണമെന്ന് ചട്ടം 236 (5) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ സാംഗത്യം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തണമെന്നതായിരുന്നു പുതിയതായി കൂട്ടിച്ചേർക്കപ്പെട്ട ഭേദഗതി.

2) ഒരു വർഷത്തെ ബജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട്, സാമ്പത്തിക വർഷം പൂർണ്ണമായതിനുശേഷം നാല് മാസങ്ങൾക്ക് പിൻപല്ലാതെ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന ചട്ടം 235 (6) ലെ വ്യവസ്ഥയിൽ അപ്രകാരം യഥാസമയം റിപ്പോർട്ട് സമർപ്പിക്കാത്ത സർക്കാർ വകുപ്പുകളുടെ കാര്യത്തിൽ പ്രസ്തുത റിപ്പോർട്ടുകൾ ഒരു ഡിലേ സ്റ്റേറ്റ്മെന്റോടുകൂടി ബന്ധപ്പെട്ട വകുപ്പ്

# പ്രഥമ നിയമസഭാംഗത്തിന്റെ രണ്ട് സത്യപ്രതിജ്ഞകൾ



ഒന്നാം കേരള നിയമസഭയിൽ ആദ്യമായി സത്യപ്രതിജ്ഞ ചെയ്ത അംഗത്തിന് കോടതിവിധിയിലൂടെ എം.എൽ.എ. സ്ഥാനം നഷ്ടപ്പെട്ട ആദ്യ അംഗം എന്ന വിശേഷണം കൂടി ലഭിച്ചത് കേരള നിയമസഭാ ചരിത്രത്തിലെ കൗതുകകരമായ വസ്തുതയായി. എന്നാൽ പിന്നീട് നടന്ന ആദ്യ ഉപതെരഞ്ഞെടുപ്പിൽ ഇതേ അംഗം തന്നെ വിജയിയായി അംഗത്വം പുനസ്ഥാപിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമര സേനാനിയായും അഭിഭാഷകയായും മാറ്ററച്ച് കേരള രാഷ്ട്രീയത്തിലെ കരുത്തുറ്റ വനിതകളിലൊരാളായി മാറിയ റോസമ്മ പുന്നൂസായിരുന്നു ആ ചരിത്രവനിത.

1957 ൽ ദ്വയാംഗമണ്ഡലമായിരുന്ന ദേവികുളത്ത് നിന്ന് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച റോസമ്മ പുന്നൂസ് എതിർ സ്ഥാനാർത്ഥി ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ എൻ.ഗണപതിയെ 1922 വോട്ടുകളുടെ വ്യത്യാസത്തിൽ പരാജയപ്പെടുത്തിയാണ് നിയമസഭയിലെത്തിയത്. സ്പീക്കറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് റോസമ്മ പുന്നൂസ് നിയോഗിക്കപ്പെട്ടതിനാൽ അവർ 1957 ഏപ്രിൽ 10 ന് ഗവർണർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കേരള നിയമസഭയിലെ ആദ്യ പ്രൊടെം സ്പീക്കറായി. ഇതേ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, സ്ഥാനാർത്ഥിയായി നിശ്ചയിച്ചത് ബി.കെ. നായർ എന്ന ബാലകൃഷ്ണൻ നായരെയായിരുന്നു. എന്നാൽ ചില ന്യൂനതകൾ ചൂണ്ടിക്കാട്ടി റിട്ടേണിംഗ് ഓഫീസർ അദ്ദേഹത്തിന്റെ നാമനിർദ്ദേശ പത്രിക തള്ളുകയായിരുന്നു. ഇത് ചോദ്യം ചെയ്ത് ബി.കെ.നായർ കോട്ടയത്തെ തെരഞ്ഞെടുപ്പ് ട്രൈബ്യൂണലിനെ സമീപിക്കുകയും ട്രൈബ്യൂണൽ വിഷയം പരിശോധിക്കുകയും ബാലകൃഷ്ണൻ നായരുടെ നാമനിർദ്ദേശ പത്രിക തള്ളിയത് ന്യായീകരിക്കത്തക്കതല്ലെന്ന് കണ്ടെത്തി 1957 നവംബർ 14 ന് തെരഞ്ഞെടുപ്പ് അസാധുവാക്കി വിധി പുറപ്പെടുവിക്കുകയുമായിരുന്നു.

തെരഞ്ഞെടുപ്പ് അസാധുവാക്കിയ വിധിക്കെതിരെ റോസമ്മ പുന്നൂസ് ഹൈക്കോടതിയെ സമീപിക്കുകയും കേസ് 4/1957 നമ്പർ അപ്പീലായി ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ട്രൈബ്യൂണലിന്റെ കണ്ടെത്തലുകൾ പുനപരിശോധിച്ച കോടതി വിഷയത്തിന്മേൽ തുടർവാദം കേട്ടു. ഒന്നാം കേരള നിയമസഭയിലേയ്ക്കുള്ള തെരെഞ്ഞടുപ്പിന് നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ട അവസാന തീയതി 1957 ജനുവരി 29 ആയിരിക്കെ അതിന്റെ തലേദിവസം ഉച്ചയോടെ ബി.കെ.നായർ രണ്ട് നാമനിർദ്ദേശ പത്രികകൾ പീരുമേട് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ മുൻപാകെ സമർപ്പിച്ചിരുന്നു. ബി.കെ.നായർ ആലപ്പുഴ നിയോജക മണ്ഡലത്തിലെ വോട്ടറും അദ്ദേഹത്തെ പിൻതാങ്ങിയ രണ്ടുപേർ ദേവികുളം നിയോജകമണ്ഡലത്തിലെ വോട്ടർമാരുമായിരുന്നു. എന്നാൽ ബി.കെ.നായരെ പിന്തുണച്ച രണ്ടുപേരും ഉൾപ്പെട്ടിരുന്ന പെരുവന്താനം വില്ലേജ് കേരള സംസ്ഥാന രൂപീകരണത്തിന് മുൻപ് 60 ാം നമ്പരായി മണിമല നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്നു. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം മണിമല മണ്ഡലം ഇല്ലാതാവുകയും പകരം ഈ പ്രദേശം 48 ാം നമ്പരായി ദേവികുളം നിയോജക മണ്ഡലത്തിന്റെ ഭാഗമാവുകയും ചെയ്തു. പുതിയ ഇലക്ടറൽ റോളിൽ പെരുവന്താനം വില്ലേജ് ഉൾക്കൊള്ളുന്ന പ്രദേശത്തിന് 115,111 നമ്പരുകൾ നൽകിയിരുന്നു. എന്നാൽ നാമനിർദ്ദേശപത്രികയിൽ നിർദ്ദേശകരുടെ തെരഞ്ഞെടുപ്പ് റോളിലെ ഭാഗങ്ങളുടെ സീരിയൽ നമ്പറുകൾ യഥാക്രമം 115,111 എന്നതിന് പകരം'60 എന്ന് തെറ്റായി നൽകി. പുതുക്കിയ ഇലക്ടറൽ റോളിൽ പഴയ മണിമല നിയോജകമണ്ഡലത്തിന്റെ ക്രമനമ്പരായ 60 ആദ്യ പേജിൽ വ്യക്തമായി നൽകുകയും എന്നാൽ പുതുതായി രൂപീകരിച്ച ദേവികുളം നിയോജക മണ്ഡലത്തിന്റെ ക്രമനമ്പർ രണ്ടാം പേജിൽ ശ്രദ്ധിക്കപ്പെടാത്ത രീതിയിൽ മഷികൊണ്ട് എഴുതുകയും ചെയ്തിരുന്നു. അതിനാൽ തന്നെ ഇക്കാര്യം ആരുടേയും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. വ്യക്തമായി പ്രിന്റ് ചെയ്ത '60' ആണ് നിർദ്ദേശകരുടെ പേരുകൾ ഉൾപ്പെട്ട ഭാഗത്തിന്റെ സീരിയൽ നമ്പർ എന്ന് കരുതി നാമനിർദ്ദേശപത്രിക അത്തരത്തിൽ സമർപ്പിക്കപ്പെട്ടു. തൊട്ടടുത്ത ദിവസം വോട്ടർപട്ടികയുടെ ശരിയായതും പൂർണ്ണമായതുമായ പകർപ്പ് ലഭിക്കുന്നതുവരെ ഈ തെറ്റ് കണ്ടുപിടിച്ചിരുന്നില്ല. ഇതിനിടയിൽ തെറ്റ് തിരുത്തി നൽകുന്നതിനുള്ള സമയപരിധിയും കഴിഞ്ഞിരുന്നു. നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധനാ വേളയിൽ ബി.കെ.നായർ സമർപ്പിച്ച രണ്ട് പത്രികകളും റിട്ടേണിംഗ് ഓഫീസർ തള്ളി.

നാമനിർദ്ദേശപത്രികകൾ നിരസിച്ചതിന് രണ്ട് കാരണങ്ങളാണ് റിട്ടേണിംഗ് ഓഫീസർ ചൂണ്ടിക്കാട്ടിയത് ഒന്ന്, ബി.കെ. നായർ ആലപ്പുഴ നിയോജകമണ്ഡലത്തിലെ വോട്ടർ ആണെന്ന് കാണിക്കുന്ന വോട്ടർ പട്ടികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിച്ചിരുന്നില്ല. മറ്റൊന്ന്, നിർദ്ദേശകരുടെ പേരുകൾ ഉൾപ്പെട്ട തെരഞ്ഞെടുപ്പ് റോളിലെ ഭാഗങ്ങളുടെ സീരിയൽ നമ്പറുകൾ തെറ്റായി നൽകി. സാക്ഷ്യപ്പെടുത്തിയ വോട്ടർ പട്ടികയുടെ പകർപ്പ് ഹാജരാക്കുന്നതിന് ബി.കെ.നായർ 34 മണിക്കൂർ സമയം അഭ്യർത്ഥിച്ചിരുന്നെങ്കിലും ആയത് സൂക്ഷ്മ പരിശോധനാ വേളയിൽ തന്നെ ഹാജരാക്കേണ്ടതിനാൽ ആവശ്യം നിരസിക്കുകയായിരുന്നു. ഇലക്ടറൽ റോളിന്റെ ക്രമനമ്പരിൽ ഉണ്ടായ പിശക് തിരുത്താനുള്ള അവസരവും ലഭിച്ചിരുന്നില്ല. അതേ സമയം നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ഹാജരാക്കേണ്ടത് നിർബന്ധമാണോയെന്ന തർക്കം കോടതി പരിശോധിക്കുകയും തെരഞ്ഞെടുപ്പ് റോളിൽ നിർദ്ദേശകരുടെ പേരുൾപ്പെടുന്ന ഭാഗത്തിന്റെ അച്ചടിച്ച പകർപ്പ് ബി.കെ.നായർ ഹാജരാക്കിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. സ്ഥാനാർത്ഥി മറ്റൊരു നിയോജകമണ്ഡലത്തിലെ വോട്ടറാണെങ്കിൽ അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുന്ന വോട്ടർ പട്ടികയുടെ പകർപ്പ്, അല്ലെങ്കിൽ വോട്ടർ പട്ടികയിലെ പ്രസക്തഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നാമനിർദ്ദേശപത്രികയോടൊപ്പം ഫയൽ ചെയ്തിട്ടില്ലെങ്കിൽ സൂക്ഷ്മപരിശോധന സമയത്ത് ഹാജരാക്കിയിരിക്കണം എന്നാണ് വ്യവസ്ഥ. വോട്ടർപട്ടികയുടെ പ്രസക്ത ഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാൻ നിർബന്ധിച്ചതിൽ പിഴവ് കടന്നുകൂടിയിരുന്നുവെന്നും കോടതി കണ്ടെത്തി.

നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന വേളയിൽ തെറ്റായ പാർട്ട് നമ്പർ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർക്ക് ചൂണ്ടിക്കാട്ടാമായിരുന്നുവെന്നും നിർദ്ദേശകരുടെ യോഗ്യതയെയോ, വ്യക്തിത്വത്തെയോ സംബന്ധിച്ച് യാതൊരു ആക്ഷേപവും ആരും ഉന്നയിച്ചിട്ടില്ലെന്നും കോടതി വ്യക്തമാക്കി. ഈ കേസിൽ ഉണ്ടായത് വോട്ടർ റോൾ നമ്പറുകളുമായി ബന്ധപ്പെട്ട ക്ലറിക്കൽ പിശക് മാത്രമാണെന്നും തിരുത്തപ്പെടുകയോ, അവഗണിക്കുകയോ ചെയ്യേണ്ട നിസ്സാരമായ തെറ്റ് മാത്രമാണതെന്നും കോടതി വിലയിരുത്തി. ഇതുമൂലം നിർദ്ദേശകരുടെ പേരുകൾ കണ്ടെത്താൻ റിട്ടേണിംഗ് ഓഫീസർക്ക് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെട്ടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. സമാനമായ പല തെരഞ്ഞെടുപ്പ് കേസുകളുടെയും വസ്തുതകളെ ഈ അവസരത്തിൽ പഠനവിധേയമാക്കിയ ഹൈക്കോടതി തെരഞ്ഞെടുപ്പ് അസാധുവാക്കിയ ട്രൈബ്യൂണലിന്റെ വിധിയെ ന്യായീകരിച്ച് 1958 ഫെബ്രുവരി 21 ന് വിധി പ്രസ്താവിച്ചു.

അങ്ങനെ കോടതിവിധിയിലൂടെ 1958 ൽ കേരളത്തിലെ ആദ്യ ഉപതെരഞ്ഞെടുപ്പിന് കളമൊരുങ്ങി. ഉപതെരഞ്ഞെടുപ്പിലും റോസമ്മ പുന്നൂസിനെ തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി നിശ്ചയിച്ചു. അത്യധികം ഉദ്വേഗം നിറഞ്ഞ മത്സരത്തിൽ അവർ നേരിട്ടത് തന്റെ നിയമസഭാംഗത്വം തെറിപ്പിച്ച ബി.കെ.നായരെത്തന്നെയായിരുന്നു. ബി.കെ.നായർക്കായി ഇന്ദിരാഗാന്ധി, കാമരാജ് തുടങ്ങിയ പ്രമുഖർ പ്രചരണ രംഗത്തെത്തിയിരുന്നു. വി.എസ്.അച്ചുതാനന്ദനായിരുന്നു മണ്ഡലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തെരഞ്ഞെടുപ്പ് ചുമതല. ഇതിനിടയിൽ റോസമ്മ പുന്നൂസിനായി എം.ജി.ആർ. വോട്ടഭ്യർത്ഥിച്ചതും 14 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഇളയരാജ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടി പാട്ടു പാടി പ്രചരണം നടത്തിയതും കൗതുകകരമായി. 1958 ജൂൺ 30 ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ റോസമ്മ പുന്നൂസ് 55819 വോട്ടുകൾ നേടി. എതിർകക്ഷിയായ കോൺഗ്രസിലെ ബി.കെ.നായർക്ക് 48730 വോട്ടുകൾ നേടാനേ സാധിച്ചുള്ളൂ. 7089 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ച റോസമ്മ പുന്നൂസ് 1958 ജൂൺ 30 ന് വീണ്ടും നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. ആദ്യ തെരഞ്ഞെടുപ്പിനേക്കാൾ ഉയർന്ന ഭൂരിപക്ഷം കരസ്ഥമാക്കിയായിരുന്നു ഉപതെരഞ്ഞെടുപ്പിലൂടെയുള്ള റോസമ്മ പുന്നൂസിന്റെ രണ്ടാം വരവ്.

കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ കുടുംബത്തിൽ 1913 മേയ് 13 ന് ചെറിയാൻ - അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ നാലാമതായായാണ് റോസമ്മ പുന്നൂസിന്റെ ജനനം. നിയമബിരുദധാരിണിയായ അവർ 1939 ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൽ അംഗമായി സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. സഹോദരി അക്കാമ്മ ചെറിയാനൊപ്പം സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായി. തിരുവിതാംകൂർ കണ്ട ഏറ്റവും വലിയ നിയമലംഘന സമരത്തിൽ കവടിയാർ കൊട്ടാരത്തിലേക്ക് മാർച്ച് നടത്തി മൂന്നു വർഷത്തോളം ജയിൽവാസം അനുഭവിച്ചു. 1948 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1957 ലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ ആദ്യ അംഗമായി സത്യപ്രതിജ്ഞ ചെയ്ത് പ്രോടെം സ്പീക്കറായി. 1987 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും സി.പി.ഐ. സ്ഥാനാർത്ഥിയായി വിജയിച്ച് എട്ടാം കേരള നിയമസഭയിലും ഭാഗമായി. സി.പി.ഐ. സ്റ്റേറ്റ് കൗൺസിൽ അംഗം, വനിതാ കമ്മീഷൻ അംഗം, കേരള മഹിളാ സംഘം പ്രസിഡന്റ്, പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർപേഴ്സൺ, ഹൗസിംഗ് ബോർഡ് മേധാവി, റബ്ബർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള റോസമ്മ പുന്നൂസ് 2013 ഡിസംബർ 28 ന് അന്തരിച്ചു.

---

മന്ത്രി, സഭയിൽ സമർപ്പിക്കേണ്ടതാണെന്നും ഡിലേ സ്റ്റേറ്റ്മെന്റുകളുടെ സാംഗത്യം സബ്ജക്ട് കമ്മിറ്റി പരിശോധിക്കണമെന്നുമായിരുന്നു പുതിയ ഭേദഗതി.

3) സബ്ജക്ട് കമ്മിറ്റികളെ സംബന്ധിക്കുന്ന ചട്ടം 238 പ്രകാരമുള്ള മുൻകൂർ സൂക്ഷ്മപരിശോധന കൂടാതെ സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നപക്ഷം അവ പുറപ്പെടുവിച്ചുകഴിഞ്ഞാൽ ഉടൻതന്നെ അപ്രകാരം കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മ പരിശോധന കൂടാതെ ചട്ടം പുറപ്പെടുവിക്കാൻ ആവശ്യമായിത്തീർന്ന കാരണങ്ങളുടെ വിശദീകരണത്തോടൊപ്പം പ്രസ്തുത ചട്ടം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി അയച്ചുകൊടുക്കേണ്ടതാണെന്ന് ചട്ടം 238 ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത ക്ലിപ്ത നിബന്ധനയുടെ അവസാന ഭാഗത്ത് അങ്ങനെ യഥാസമയം ചട്ടം സാധൂകരണത്തിനായി നൽകാതിരിക്കുന്ന സന്ദർഭങ്ങളിൽ അതു സംബന്ധിച്ച കാരണം വ്യക്തമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സമിതിക്ക് ലഭ്യമാക്കണമെന്നും അപ്രകാരം ലഭ്യമാക്കുന്ന കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തണമെന്നുമുള്ള ഭേദഗതിയാണ് ചട്ടം 238 ൽ വരുത്തിയത്.

ഇക്കാര്യത്തിൽ ബഹു. സ്പീക്കർ 2018 ഡിസംബർ 1ാം തീയതി പുറപ്പെടുവിച്ച നിർദ്ദേശത്തിൽ (നിർദ്ദേശം നം. 25) സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അതുപുറപ്പെടുവിച്ച് കഴിഞ്ഞ് മുപ്പതു ദിവസത്തിനകംതന്നെ സാധൂകരണത്തിനായി നൽകണമെന്നും മുപ്പതു ദിവസത്തിനകം സാധൂകരണത്തിനായി ലഭ്യമാക്കാത്ത ചട്ടങ്ങൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കണമെന്നും അപ്രകാരം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കുന്ന ചട്ടങ്ങൾ മാത്രം സമിതി സാധൂകരണത്തിനായി പരിഗണിച്ചാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

*(ലേഖന പരമ്പര അവസാനിച്ചു)*

സഭാ നായകരുടെ ജീവിത രേഖയിലൂടെ..........

# ആർ. ശങ്കരനാരായണൻ തമ്പി : കൊട്ടാരക്കെട്ടിൽ നിന്ന് ജനാധിപത്യത്തിന്റെ ശ്രീകോവിലിലേക്ക്

**അധികാരികളുടെ പ്രലോഭനങ്ങൾക്ക് വശംവദനാകാത്ത, പാരിതോഷികങ്ങളിലും ഉദ്യോഗങ്ങളിലും ഭ്രമിക്കാത്ത ആദർശപുരുഷനായിരുന്ന ശങ്കരനാരായണൻ തമ്പി.**



ഐക്യകേരളപിറവിക്കുശേഷം മലയാള നാട്ടിൽ രൂപീകരിക്കപ്പെട്ട ജനാധിപത്യ ശ്രീകോവിലിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കാൻ അവരോധിക്കപ്പെട്ട ആർ.ശങ്കരനാരായണൻ തമ്പി ധീരോദാത്തമായ വ്യക്തിപ്രഭാവം കൊണ്ട് ജനഹൃദയങ്ങളിൽ ഇടം നേടിയ നേതാവാണ്. തിരുവിതാംകൂർ രാജകുടുംബവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന എണ്ണയ്ക്കാട് കൊട്ടാരത്തിലെ മൂപ്പ് തമ്പുരാനായ രാമവർമ്മ രാജയുടെയും പാണ്ഡവത്തു കുടുംബാംഗമായ തങ്കമ്മ കെട്ടിലമ്മയുടെയും മകനായി 1911 സെപ്റ്റംബർ 30 ന് ആലപ്പുഴ ജില്ലയിലെ പല്ലനയിലാണ് ആർ. ശങ്കരനാരായണൻ തമ്പി ജനിച്ചത്. എണ്ണയ്ക്കാട്ട് പ്രൈമറി സ്കൂൾ, മാന്നാർ നായർ സമാജം ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ആർ ശങ്കരനാരായണൻ തമ്പി 1929 ൽ തിരുവനന്തപുരം ആർട്സ് കോളേജിൽ ഇന്റർമീഡിയറ്റിന് ചേർന്നു. 1934-36 കാലഘട്ടത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് മലയാള സാഹിത്യത്തിൽ ബിരുദവും 1936-1938 കാലഘട്ടത്തിൽ തിരുവനന്തപുരം ലോ കോളേജിൽ നിന്ന് നിയമ ബിരുദവും അദ്ദേഹം കരസ്ഥമാക്കി.

രാജപ്രതാപത്തിന്റെ പ്രൗഢിയിൽ വിഹരിക്കുമ്പോഴും മാനവരാശിയുടെ ഉന്നമനത്തിനായി വ്യവസ്ഥാപിതമായ സമൂഹത്തിൽ മാറ്റത്തിന്റെ പുതുനാമ്പുകൾ വിരിയണമെന്നാഗ്രഹിക്കുകയും അതിനായി യത്നിക്കുകയും ചെയ്ത സ്വന്തം പിതാവിന്റെ പൈതൃകം പിൻതുടരുന്ന ശങ്കരനാരായണൻ തമ്പി വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ അതിയായ താൽപര്യം പ്രകടിപ്പിച്ചിരുന്നു. നിയമപഠനത്തിനുശേഷം അഭിഭാഷകവൃത്തി സ്വീകരിച്ചുകൊണ്ട് മാവേലിക്കരയിലും പിന്നീട് ആലപ്പുഴയിലും പ്രാക്ടീസ് ആരംഭിച്ച അദ്ദേഹം തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങളിലും ഭാഗഭാക്കാകുകയുണ്ടായി. അവകാശങ്ങൾ നേടിയെടുക്കുന്നതിനായി തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങളെ പണിയാളന്മാരുടെ കേവലം ജല്പനങ്ങളായി മാത്രം കണ്ടിരുന്ന തിരുവിതാംകൂറിലെ പ്രത്യേക രാഷ്ട്രീയ- സാമൂഹിക വ്യവസ്ഥിതിയിൽ തൊഴിലാളി സമരങ്ങൾക്ക് ദേശീയ സ്വാതന്ത്ര്യത്തിന്റെ നിറച്ചാർത്ത് അണിയിച്ച ആർ ശങ്കരനാരായണൻ തമ്പി അഖില തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

അധികാരികളുടെ പ്രലോഭനങ്ങൾക്ക് വശംവദനാകാത്ത, പാരിതോഷികങ്ങളിലും ഉദ്യോഗങ്ങളിലും ഭ്രമിക്കാത്ത ആദർശപുരുഷനായിരുന്ന ശങ്കരനാരായണൻ തമ്പി. അതുകൊണ്ടുതന്നെ, തിരുവിതാംകൂറിലെ ദുർഭരണത്തിനെതിരെ തന്റെ വാക്ധോരണികൾകൊണ്ട് പടപൊരുതിയ അദ്ദേഹത്തെ 1946 ൽ രണ്ടു വർഷത്തെ തടവും ആയിരം രൂപ പിഴയും നൽകി സർ സി.പി. ശിക്ഷിച്ചു. രാജഭരണത്തിനെതിരെ പ്രസംഗിച്ചതിന്റെ പേരിൽ രാജ്യദ്രോഹക്കുറ്റത്തിന് ശിക്ഷിക്കപ്പെടുന്ന രാജപരമ്പരയിൽപ്പെട്ട വ്യക്തിയാണ് ശങ്കരനാരായണൻ തമ്പി.

സംശുദ്ധ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഉത്തമ മാതൃകയാണ് അദ്ദേഹത്തിന്റെ ജീവിതം. കോളേജ് വിദ്യാർത്ഥിയായിരിക്കെ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗത്വം സ്വീകരിച്ച അദ്ദേഹം കോൺഗ്രസിനുള്ളിൽ പ്രവർത്തിച്ചിരുന്ന യുവജനങ്ങളുടെ സംഘടനയായ 'അഖില തിരുവിതാംകൂർ യൂത്ത് ലീഗി'ന്റെസജീവ പ്രവർത്തകനായിരുന്നു. യൂത്ത് ലീഗിന്റ പ്രവർത്തകസമിതി അംഗമായിരിക്കെ 1938 ൽ സംഘടനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആറുമാസം തടവും അഞ്ഞൂറ് രൂപ പിഴയും ശിക്ഷയായി ഏറ്റുവാങ്ങേണ്ടി വന്നു. ഇരുമ്പഴിയുടെ ബന്ധനത്തിൽ കഴിയുമ്പോഴും നീതിക്കായി പോരാടി ചരിത്രത്തിന്റെ ഭാഗമായി മാറിയ ധീരനേതാവായിരുന്നു അദ്ദേഹം. ജയിലിൽ തടവുകാർക്ക് ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരം നൽകിയതിനെതിരെ സെൻട്രൽ ജയിലിൽ നിരാഹാരസമരം അനുഷ്ഠിച്ച യൂത്ത് ലീഗ് നേതാക്കളിൽ പ്രധാനിയായിരുന്നു അദ്ദേഹം.

1938 ഫെബ്രുവരിയിൽ രൂപീകരിക്കപ്പെട്ട തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ അതേവർഷം തന്നെ അംഗത്വമെടുത്ത ശങ്കരനാരായണൻ തമ്പി പിന്നീട് അഖില തിരുവിതാംകൂർ കോൺഗ്രസ് കമ്മിറ്റി അംഗമായും തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്-യൂത്ത് ലീഗ് പ്രവർത്തകനായിരിക്കുമ്പോഴും പുരോഗമനാശയങ്ങളെ മാറോടണച്ച് ജീവിച്ച ആർ. ശങ്കരനാരായണൻ തമ്പി കുറച്ചുകാലം മലബാർ സോഷ്യലിസ്റ്റ് പാർട്ടിയുമായി സമ്പർക്കം സ്ഥാപിച്ചുകൊണ്ട് യുദ്ധവിരുദ്ധ പ്രവർത്തനങ്ങളിലും പങ്കാളിയായി. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും ഉത്തരവാദിത്വഭരണത്തിനുമൊപ്പം തൊഴിലാളിവർഗ്ഗ താൽപര്യങ്ങളുടെ സംരക്ഷണവും മർദ്ദിത ജനവിഭാഗങ്ങളുടെ മോചനവും സാമൂഹിക പുരോഗതിക്ക് അനിവാര്യമാണെന്നും അതിന് കമ്മ്യൂണിസമാണ് അനുയോജ്യമെന്നുമുള്ള ചിന്ത അക്കാലത്ത് അദ്ദേഹത്തിൽ ഉടലെടുക്കുകയും അത് പിന്നീട് കമ്മ്യൂണിസ്റ്റ് ആശയങ്ങളോടുള്ള അടങ്ങാത്ത അഭിനിവേശമായി പരിണമിക്കുകയും ചെയ്തു. 1947 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗത്വം സ്വീകരിച്ച ആർ ശങ്കരനാരായണൻ തമ്പി താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തിന്റെ പൂർണ്ണ സമയ പ്രവർത്തകനായിക്കൊണ്ട് പ്രായോഗിക രാഷ്ട്രീയ പ്രവർത്തനത്തിന്റെ വക്താവായി മാറി. കമ്മ്യൂണിസ്റ്റ് ആശയങ്ങളെ അധികാരികൾ ആയുധങ്ങൾകൊണ്ട് നേരിട്ട കാലഘട്ടത്തിൽ മധ്യതിരുവിതാംകൂറിലെ നിരക്ഷരരും നിരാലംബരുമായ പീഡിതവർഗ്ഗത്തിന്റെ ഇടയിലേക്ക് പാർട്ടിയുടെ ദൂതനായി എത്തിയ ശങ്കരനാരായണൻ തമ്പി അസംഘടിത ജനവിഭാഗങ്ങളെ സംഘടിത രാഷ്ട്രീയ ശക്തിയാക്കി മാറ്റിക്കൊണ്ട് പ്രസ്ഥാനത്തെ വളർത്തിയ കർമ്മോദ്യുക്തനായ നേതാവാണ്. 'ഉണ്ണിത്താൻ' എന്ന പേരിൽ വളരെക്കാലം ഒളിവു ജീവിതം നയിച്ച അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മധ്യതിരുവിതാംകൂർ കേന്ദ്രീകരിച്ചുള്ള റീജിയണൽ ഓർഗനൈസിംഗ് കമ്മിറ്റിയുടെ സെക്രട്ടറി, കായംകുളം ജില്ലാ സെക്രട്ടറി, സംസ്ഥാന കൗൺസിൽ അംഗം, സംസ്ഥാന എക്സിക്യൂട്ടീവ് കൗൺസിൽ അംഗം എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിട്ടുണ്ട്.

പാർലമെന്ററി രംഗത്തെ അതികായന്മാരിൽ പ്രധാനിയായി വർത്തിച്ച ആർ.ശങ്കരനാരായണൻ തമ്പി 1944 ൽ കരുനാഗപ്പള്ളി-കാർത്തികപ്പള്ളി മണ്ഡലത്തിൽ നിന്ന് ശ്രീമൂലം അസംബ്ലി അംഗമായാണ് ആദ്യം തെരഞ്ഞെടുക്കപ്പെടുന്നത്. പ്രചാരണ പരിപാടികൾ നടത്തുന്നതിനും പൊതുയോഗങ്ങൾ ചേരുന്നതിനും സ്വാതന്ത്ര്യമില്ലായിരുന്നെങ്കിലും രാഷ്ട്രീയ കക്ഷികളെ അംഗീകരിച്ചുകൊണ്ട് തിരുവിതാംകൂറിൽ നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പായിരുന്നു അത്. അതുകൊണ്ടുതന്നെ, സ്റ്റേറ്റ് കോൺഗ്രസ് പാനലിലാണ് ആർ. ശങ്കരനാരായണൻ തമ്പി മത്സരിച്ചതും തെരഞ്ഞെടുക്കപ്പെട്ടതും. ശ്രീമൂലം നിയമസഭാ സാമാജികനായി സത്യപ്രതിജ്ഞ ചെയ്ത തൊട്ടടുത്ത സമ്മേളനദിവസം തന്നെ കൊല്ലത്തും ആലുവയിലും തൊഴിലാളി നേതാക്കളെ അറസ്റ്റുചെയ്ത് തടവിലാക്കിയ സംഭവം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് അടിയന്തിര പ്രമേയം അവതരിപ്പിച്ച ആർ. ശങ്കരനാരായണൻ തമ്പി 1947 ഏപ്രിൽ വരെ നിലനിന്ന അദ്ദേഹത്തിന്റെ സഭാപ്രവർത്തന കാലയളവിലുടനീളം തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ നടത്തിയ ഏകാധിപത്യ-സ്വേച്ഛാധിപത്യ വാഴ്ചയ്ക്കെതിരെ ജനശ്രദ്ധ കൊണ്ടുവരുന്നതിനായി അശ്രാന്തം പ്രയത്നിച്ചു. ശ്രീമൂലം അസംബ്ലി സമ്മേളന വേളയിൽ തനിക്ക് അനുവദിച്ചിട്ടുള്ള സമയത്തിൽ ഒരു മിനിറ്റ് പ്രസിഡന്റ് (ദിവാൻ) ഉപയോഗിച്ചു എന്നതുകൊണ്ടു തന്നെ ആ ഒരു മിനിറ്റ് സമയം തിരികെ ചോദിച്ചു വാങ്ങിയ ആർജ്ജവത്തിന്റെ ആൾരൂപമായിരുന്നു ആർ. ശങ്കരനാരായണൻ തമ്പി.

1954ൽ തിരു-കൊച്ചി നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഒളിവിലിരുന്നുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയായി മാവേലിക്കര നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച അദ്ദേഹത്തെ സമ്മതിദായകർ നേരിട്ടുകാണാതെതന്നെ വൻഭൂരിപക്ഷത്തോടെയാണ് തെരഞ്ഞെടുത്തത്. അധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ശബ്ദമായും കർഷകരുടെ അവകാശ സംരക്ഷകനായും സമൂഹത്തിലെ പീഡിത വർഗ്ഗത്തിന്റെ പ്രതിപുരുഷനായും ജനാധിപത്യാവകാശങ്ങളുടെ വക്താവായും ആർ. ശങ്കരനാരായണൻ തമ്പി എന്ന പ്രതിപക്ഷാംഗം നിറഞ്ഞ് നിന്ന കാഴ്ചയ്ക്കാണ് പിന്നീടങ്ങോട്ട് തിരു-കൊച്ചി നിയമസഭ സാക്ഷ്യം വഹിച്ചത്. 1955 ജനുവരി 29 ന് 'തിരുവിതാംകൂർ കൊച്ചി വെറും പാട്ട ബിൽ' സംബന്ധിച്ച ചർച്ചയിൽ കുടിയിറക്ക് നേരിട്ട് ഇടപെടാവുന്ന കുറ്റമാക്കികൊണ്ട് ഒരു നിയമനിർമ്മാണം നടത്തണമെന്ന് തിരു-കൊച്ചി നിയമസഭയിൽ അദ്ദേഹം വാദിക്കുകയുണ്ടായി. ഈ ആശയമാണ് 1957 ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇ.എം.എസ്. സർക്കാർ നടപ്പിലാക്കിയ കുടിയൊഴിപ്പിക്കൽ നിരോധന നിയമത്തിന് ഹേതുവായത് എന്നത് ആർ. ശങ്കരനാരായണൻ തമ്പി എന്ന സാമാജികന് ജനക്ഷേമകരമായ നിയമനിർമ്മാണത്തിലുണ്ടായിരുന്ന പരിജ്ഞാനം വ്യക്തമാക്കുന്നു.

1957 ൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് ആർ. ശങ്കരനാരായണൻ തമ്പി ഒന്നാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1957 ഏപ്രിൽ 27 ന് കേരള നിയമസഭയുടെ പ്രഥമ സ്പീക്കർ സ്ഥാനവും അദ്ദേഹത്തെ തേടിയെത്തി. ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ സീറ്റുകളുടെ വ്യത്യാസം തുലോം കുറവായിരുന്ന ഒന്നാം കേരള നിയമസഭയിൽ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ സഭാ നടപടികൾ നിയന്ത്രിക്കേണ്ട നിരവധി സന്ദർഭങ്ങൾ അദ്ദേഹത്തിന് മുന്നിൽ സംജാതമായി. എന്നാൽ, നിർഭയമായും നിഷ്പക്ഷമായും നീതിയുക്തമായും സഭാ നടപടികൾ മുന്നോട്ടുകൊണ്ട് പോകുന്നതിൽ അസാമാന്യവൈഭവം അദ്ദേഹം പ്രകടിപ്പിച്ചു. 1959 ജൂലൈ 31 വരെ നിയമസഭാ സ്പീക്കർ പദവി അലങ്കരിച്ച അദ്ദേഹം വിവിധ സാഹചര്യങ്ങളിലായി വ്യത്യസ്ത വിഷയങ്ങളിൽ 33 റൂളിംഗുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൃത്യ-യുക്തവും സംക്ഷിപ്തവുമായി അദ്ദേഹം പുറപ്പെടുവിച്ച റൂളിംഗുകളിൽ പലതും സഭാ നടപടികളിൽ ഇന്നും ഉദ്ധരിക്കപ്പെടുകയും സാമാജികർക്ക് മാർഗ്ഗദർശകമായി നിലകൊള്ളുകയും ചെയ്യുന്നു.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വ്യവസ്ഥകളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനായി 1969 നവംബറിൽ രൂപീകരിച്ച 'കേരള സ്റ്റേറ്റ് സർവ്വീസ് റൂൾസ് റിവിഷൻ കമ്മിറ്റി'യുടെ ചെയർമാനായിരുന്നു ആർ. ശങ്കരനാരായണൻ തമ്പി. 'സിവിൽ സർവ്വീസിലുള്ളവർക്ക് രാഷ്ട്രീയ പ്രവർത്തനത്തിന് സ്വാതന്ത്ര്യം നൽകണമെന്ന' ആ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ അഖിലേന്ത്യാതലത്തിൽ തന്നെ ചർച്ചാ വിഷയമായി. പിൽക്കാലത്ത് പൗരാവകാശ സംരക്ഷണത്തിനും സാമൂഹ്യനീതിക്കും വേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുമായും സഹകരിച്ചിരുന്ന അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവിതത്തിന് 1989 നവംബർ 2 ാം തീയതി തിരശ്ശീല വീണു.

സ്വാതന്ത്ര്യസമര സേനാനി, അഭിഭാഷകൻ, തൊഴിലാളി യൂണിയൻ പ്രവർത്തകൻ, രാഷ്ട്രീയ സംഘാടകൻ, പാർലമെന്റേറിയൻ എന്നിങ്ങനെ പ്രവർത്തിച്ച മേഖലകളിലെല്ലാം സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ ആർ. ശങ്കരനാരായണൻ തമ്പിക്ക് സാധിച്ചു. കൊട്ടാരക്കെട്ടിന്റെ കോട്ടമതിൽ കടന്ന് കുടിലുകളെ കർമ്മമണ്ഡലമാക്കി കളങ്കമറ്റ പൊതുപ്രവർത്തനത്തിന്റെ നിസ്തുല മാതൃക സൃഷ്ടിച്ച ആർ. ശങ്കരനാരായണൻ തമ്പി ആദർശധീരമായ സഭാ പ്രവർത്തനം കൊണ്ട് കേരള നിയമസഭയെ പ്രശോഭിതമാക്കി.

*തയ്യാറാക്കിയത്:*
*വിനേഷ് എൻ.വി*
*പ്രോഗ്രാം അസിസ്റ്റന്റ്*

# വികസനത്തിന് കുതിപ്പേകാൻ കെ – റെയിൽ





പിണറായി വിജയൻ
മുഖ്യമന്ത്രി

സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റങ്ങൾ സമാന്തരമായി ഉണ്ടാകുന്ന സമൂഹങ്ങളാണ് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളിലേക്കും ഉയർന്ന ചിന്താഗതികളിലേക്കും അതിവേഗം മുന്നേറുക. അത്തരത്തിലുള്ള മുന്നേറ്റം നടത്താൻ കേരള സമൂഹത്തെ സജ്ജമാക്കാനുതകുന്നതാണ് സിൽവർ ലൈൻ പദ്ധതി. അടിസ്ഥാന സൗകര്യ മേഖലയിൽ ലോകനിലവാരത്തിലേക്ക് എത്തുക എന്ന നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഒഴിച്ചു കൂടാനാവാത്തതാണ് കെ-റെയിൽ എന്ന കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ജോയിന്റ് വെൻച്വർ കമ്പനിയായ കെ-റെയിലിലൂടെ നടപ്പാക്കുന്ന സിൽവർ ലൈൻ എന്ന അർദ്ധ - അതിവേഗ റെയിൽപാത.

ഇത്തരം വികസനപദ്ധതികൾ നമ്മുടെ നാട്ടിൽ നടപ്പാക്കാൻ കഴിയില്ല എന്ന ഒരു പൊതുബോധം കുറച്ചുകാലം മുമ്പുവരെ ഉണ്ടായിരുന്നു. എന്നാൽ, ആ ബോധത്തെ മാറ്റിമറിക്കാൻ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നമുക്ക് സാധിച്ചു. ഗെയിൽ പദ്ധതി, ഇടമൺ-കൊച്ചി പവർ ഹൈവേ, ഹൈവേ വികസനം, കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ വികസനം, കൊച്ചി വാട്ടർ മെട്രോ, ദേശീയ ജലപാത, തീരദേശ-മലയോര ഹൈവേകൾ എന്നിവയെല്ലാം വിജയകരമായി ഏറ്റെടുത്തു. വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കേരളത്തിലെ സംവിധാനങ്ങൾക്ക് കഴിയുമെന്ന ആത്മവിശ്വാസം ഇപ്പോൾ പൊതുവിൽ നിലനിൽക്കുന്നുണ്ട്. ആ ആത്മവിശ്വാസത്തിലൂന്നി കെ-റെയിൽ പദ്ധതിയും നമുക്കു നടപ്പാക്കാൻ കഴിയും.

2016 ലെ പ്രകടനപത്രികയിൽ സൂചിപ്പിച്ച 600 പദ്ധതികളിൽ 580 എണ്ണം പൂർത്തിയാക്കിയാണ് കഴിഞ്ഞ സർക്കാർ കാലാവധി അവസാനിപ്പിച്ചത്. അവയിൽ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി, കൊച്ചി - ഇടമൺ പവർ ഹൈവേ എന്നിവ പ്രത്യേക പരാമർശം അർഹിക്കുന്നു. കാരണം, ഈ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ സർക്കാരിനു വലിയ എതിർപ്പുകളെ നേരിടേണ്ടി വന്നു. എന്നാൽ, ജനങ്ങളുടെ വിശ്വാസമാർജ്ജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിയുമായി മുന്നോട്ടുപോയി. നഷ്ടപരിഹാരം നൽകേണ്ടവർക്ക് രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാരം നൽകിയും പുനരധിവസിപ്പിക്കേണ്ടവരെ മാതൃകാപരമായി പുനരധിവസിപ്പിച്ചുമാണ് അവ പൂർത്തീകരിച്ചത്. ആ സമീപനം തന്നെയാണ് കെ-റെയിലിന്റെ കാര്യത്തിലും സംസ്ഥാന സർക്കാരിനുള്ളത്.

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി അവതരിപ്പിച്ച പ്രകടനപത്രികയിൽ 900 വാഗ്ദാനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങൾക്ക് നൽകിയിരിക്കുന്നത്. അവയുടെ ഭാഗമായി നാലു വൻകിട പദ്ധതികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൊച്ചി - മംഗലാപുരം വ്യാവസായിക ഇടനാഴി, കൊച്ചി - പാലക്കാട് വ്യാവസായിക ഇടനാഴി,

ശേഷം പേജ് 20 ൽ

---

1ാം പേജിൽ നിന്നും തുടർച്ച

## ഉദ്ഘാടന പരിപാടി : ലഘു വിവരണം

ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ ഏറ്റവും പ്രശസ്തമായ പാർലമെന്റ് സെൻട്രൽ ഹാൾ ആയിരുന്നു ഉദ്ഘാടന, സമാപന ചടങ്ങുകൾക്ക് വേദിയായത്. രാഷ്ട്രപതി രാം നാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഉപരാഷ്ട്രപതിയും രാജ്യസഭാദ്ധ്യക്ഷനുമായ എം. വെങ്കയ്യ നായിഡു, ലോക്‌സഭാ സ്പീക്കർ ഓം ബിർള, പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ അധീർ രഞ്ജൻ ചൗധരി, രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് നാരായൺ സിംഗ് എന്നിവർ പങ്കെടുത്തു.

പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ് വർഷത്തെ തിളക്കമാർന്ന പ്രവർത്തനം വിശകലനം ചെയ്ത രാഷ്ട്രപതി, എക്സിക്യൂട്ടീവിന് സഭയോടുള്ള ഭരണപരമായ ഉത്തരവാദിത്വം നിറവേറ്റുന്നത് ഉറപ്പാക്കുന്നതിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പ്രധാന പങ്കാണ് വഹിക്കുന്നതെന്നും ജനാധിപത്യ ഭരണസംവിധാനത്തിൽ പി.എ.സി. നിസ്തുല സേവനമാണ് നിർവ്വഹിക്കുന്നതെന്നും പ്രഖ്യാപിച്ചു. കൗടില്യന്റെ കാലം മുതൽക്കേ നിലനിന്നിരുന്ന ഭരണരംഗത്തെ സാമ്പത്തിക ഉത്തരവാദിത്വത്തിന്റെ തത്വശാസ്ത്രം ഇന്നും പ്രസക്തമായി നിലനിൽക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, 'സെലക്ട് കമ്മിറ്റികളിലെ രാജ്ഞിയാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി' എന്ന ബ്രിട്ടീഷ് പാർലമെന്റിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെക്കുറിച്ചുള്ള പ്രൊഫ. പീറ്റർ ഹെന്നസ്സിയുടെ വാക്കുകൾ ഉദ്ധരിക്കുകയും സർക്കാർ വകുപ്പുകളുടെ ശുദ്ധീകരണത്തിന് പി.എ.സി.യുടെ നിലനിൽപ്പ് അത്യന്താപേക്ഷിതമാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. ചടങ്ങിൽ ശതാബ്ദി സുവനീർ അദ്ദേഹം പ്രകാശനം ചെയ്തു.

തുടർന്ന് സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ച ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു പി.എ.സി. എല്ലാ സമിതികളുടെയും മാതാവാണെന്ന് വിശേഷിപ്പിച്ചു. സർക്കാരിന്റെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളുടെയും ചെലവിനങ്ങളുടെയും മേലുള്ള സ്ഥിരമായ വിജിലൻസ് സംവിധാനമാണ് പി.എ.സി. എന്ന് നിരീക്ഷിച്ച അദ്ദേഹം ഇന്ത്യയുടെ ആദ്യ ബജറ്റിൽ വെറും 197 കോടി രൂപയായിരുന്ന ചെലവിനങ്ങൾ 17,766 ഇരട്ടി കൂടി ഇപ്പോൾ 35 ലക്ഷം കോടി രൂപയായ സാഹചര്യത്തിൽ സർക്കാരിന്റെ ധനപരമായ പ്രവർത്തനങ്ങളെ നിരീക്ഷിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വമാണ് പി.എ.സി. ക്ക് നിർവ്വഹിക്കേണ്ടി വന്നിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. ജനക്ഷേമത്തിനും രാജ്യത്തിന്റെ വികസനത്തിനും പാർലമെന്ററി കമ്മിറ്റി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആഹ്വാനം ചെയ്ത അദ്ദേഹം പാർലമെന്റ്, സ്റ്റേറ്റ് അസംബ്ലികൾ പ്രതിവർഷം നൂറ് ദിവസത്തിൽ കൂടുതൽ സമ്മേളനം ചേരണമെന്നും ആവശ്യപ്പെട്ടു.

പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ് വർഷത്തെ ചരിത്രത്തെ പരാമർശിച്ചുകൊണ്ട് ലോക്‌സഭാ സ്പീക്കർ ഓംബിർള, പാർലമെന്റിന്റെ പരമാധികാരം ഉയർത്തിപ്പിടിക്കുന്നതിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മഹത്വപൂർണ്ണമായ പങ്കാണ് വഹിക്കുന്നതെന്ന് നിരീക്ഷിച്ചു. ഇത്തരം ജനാധിപത്യ സ്ഥാപനങ്ങളുടെ പ്രധാന കർത്തവ്യം സർക്കാരിന്റെ പ്രവർത്തനം സുതാര്യമാക്കി ജനങ്ങളോടുള്ള വിധേയത്വം ഉറപ്പാക്കുന്നതിനുള്ള ചാലകശക്തിയായി പ്രവർത്തിക്കുക എന്നതാണെന്നും ഭരണസംവിധാനത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളുടെ പഴുതടക്കുന്നതിന് ഉതകുന്ന ശിപാർശകളും നിർദ്ദേശങ്ങളും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നൽകണമെന്നും നിർദ്ദേശിച്ചു. സമിതി അംഗങ്ങൾ ആത്മാർത്ഥതയോടും സമർപ്പണത്തോടും ഏവരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാൻ അധീർ രഞ്ജൻ ചൗധരി സമിതിയുടെ നൂറ് വർഷത്തെ ചരിത്രം ഹ്രസ്വമായി അവതരിപ്പിച്ചു. 1950 മുതൽ നാളിതുവരെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 1699 റിപ്പോർട്ടുകൾ ലോക്‌സഭയിൽ സമർപ്പിച്ചുവെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശകളിൽ മുക്കാൽ ഭാഗവും സർക്കാർ സ്വീകരിച്ചതായി വെളിപ്പെടുത്തി. സർക്കാരുകളുടെ ഭരണപരമായ പ്രവർത്തനത്തിലെ ധനമാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഒരു പുറംകോട്ടയായി പ്രവർത്തിക്കുന്നതിന് നാളിതുവരെയുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാരണമായി എന്ന് വിലയിരുത്തിയ അദ്ദേഹം സംസ്ഥാനങ്ങളിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തനം വരും കാലഘട്ടങ്ങളിൽ കൂടുതൽ മികവുറ്റതാകുമെന്ന് പ്രത്യാശിക്കുകയും ചെയ്തു. അതിഥികൾക്കായി ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നു.

## പ്രതിപാദ്യ വിഷയകമായ സമ്മേളനങ്ങൾ: ഒന്നാം സെഷൻ

'പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, വർത്തമാന കാലഘട്ടത്തിലെ വെല്ലുവിളികൾ, മുന്നേറാനുള്ള മാർഗ്ഗങ്ങൾ, സമീപനത്തിലെ പുന:സംവിധാനം' എന്ന വിഷയത്തിന്മേലുള്ള ആദ്യ സെഷൻ അധീർ രഞ്ജൻ ചൗധരി, എം.പി.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് ഭരണഘടനാപദവി നൽകുന്നതിനായുള്ള ഭരണഘടനാ റിവ്യൂ കമ്മീഷന്റെ നിർദ്ദേശത്തെ സ്വാഗതം ചെയ്ത അദ്ദേഹം കമ്മിറ്റിയുടെ കാലാവധി 5 വർഷമായി വർദ്ധിപ്പിക്കണമെന്നും നിർദ്ദേശിച്ചു. മുഖ്യ പ്രഭാഷണം നടത്തിയ ഭർത്തൃഹരി മെഹ്താബ്, എം.പി. ഇന്ത്യയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തന മികവിനെ ആഗോളതലത്തിൽ അവലോകനം ചെയ്യുകയും ഇന്ത്യയിൽ ഈ സമിതി ഫലപ്രദമായ തരത്തിൽ ഒരു നിയന്ത്രണതുലന സംവിധാനമായി പ്രവർത്തിച്ചുവരുന്നതായും വിലയിരുത്തി. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുവാൻ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സി.എ.ജി.യുടെ നിരീക്ഷണങ്ങളാണോ ബ്യൂറോക്രാറ്റുകളുടെ വിശദീകരണങ്ങളാണോ കമ്മിറ്റി ആധാരമാക്കേണ്ടതെന്ന സംശയം ഉയരുന്നുവെങ്കിലും ശരിയായ കാഴ്ചപ്പാടോടെ വസ്തുതകളെ വിലയിരുത്തുന്ന സമീപനമാണ് ധനകാര്യ സമിതികൾ സ്വീകരിക്കേണ്ടതെന്ന് അദ്ദേഹം വ്യക്തമാക്കി. തുടർന്ന് ഛത്തീസ്ഗഢ് നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ അജയ് ചന്ദ്രാകർ വിഷയം അവതരിപ്പിച്ച് സംസാരിച്ചു. സമിതിയുടെ പരിഗണനാവിഷയങ്ങളിന്മേൽ രാഷ്ട്രീയത്തിനതീതമായ സമീപനം അംഗങ്ങൾ സ്വീകരിക്കണമെന്നും ഭരണഘടന പ്രകാരം ജനങ്ങൾ നൽകിയ ഉത്തരവാദിത്വം ധനസംബന്ധമായ കാര്യങ്ങളിൽ പുലർത്തണമെന്നും ആഹ്വാനം ചെയ്തു.

## രണ്ടാം സെഷൻ : കേരളത്തിന്റെ ശബ്ദം

'പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശകളുടെ നടപ്പിലാക്കൽ: സമയക്രമം അവലംബിക്കലും അനുവർത്തനത്തിന്റെ ഘടനയും' എന്ന രണ്ടാം സെഷനിൽ ആയിരുന്നു കേരളത്തിന് വിഷയം അവതരിപ്പിച്ച് സംസാരിക്കാൻ അവസരം ലഭിച്ചിരുന്നത്. കേരളത്തിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച് ചെയർമാൻ സണ്ണി ജോസഫ്, സമഗ്രവും വസ്തുനിഷ്ഠവുമായ വിശകലനത്തോടെ വിഷയം സസൂക്ഷ്മം അവതരിപ്പിച്ചു. ജനപ്രതിനിധി സഭയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തന മികവിനെ കേന്ദ്രബിന്ദുവാക്കിയ അദ്ദേഹം സമിതി നൽകുന്ന ശിപാർശകൾ എക്സിക്യൂട്ടീവ് നടപ്പാക്കുന്നത് ജനാധിപത്യസംവിധാനത്തെ ശക്തിപ്പെടുത്തുമെന്നും ആയത് കൃത്യമായ സമയക്രമം പാലിച്ച് സമിതിയെ അറിയിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു. നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി സമിതിയുടെ ചില ശിപാർശകളെ നിരാകരിക്കുന്നതിനുള്ള ബ്യൂറോക്രസിയുടെ ശ്രമം നിരാശപ്പെടുത്തുന്നതാണെന്നും ഇത്തരം പ്രവൃത്തികൾ യഥാർത്ഥ ഉത്തരവാദികൾക്ക് ശിക്ഷാ നടപടികളിൽ നിന്ന് രക്ഷപ്പെടാൻ അവസരം നൽകുമെന്നും അദ്ദേഹം വിശദീകരിച്ചു. കേരള നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് 2021 ആഗസ്റ്റ് 3 ന് നൽകിയ റൂളിംഗ് എടുത്തുപറഞ്ഞ ചെയർമാൻ സഭാ സമിതികളിൽ നിക്ഷിപ്തമായ അധികാരം ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് അനാവശ്യമായ കാലതാമസം ഉണ്ടാകുന്നപക്ഷം ചീഫ് സെക്രട്ടറിയെ സമൺ ചെയ്ത് വിശദീകരണം തേടാമെന്ന നിർദ്ദേശം ഉപയോഗപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചു.

രാജസ്ഥാൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ ഗുലാബ്ചന്ദ് ഖട്ടാരിയ അദ്ധ്യക്ഷത വഹിച്ച സെഷനിൽ വി. വിജ്ജ്സായ് റെഡ്ഡി, എം.പി. മുഖ്യപ്രഭാഷണവും വിഷ്ണുദയാൽ റാം, എം.പി. വിഷയാവതരണവും നടത്തി. ആസ്സാം, ഗുജറാത്ത്, മിസോറാം, നാഗാലാന്റ് സംസ്ഥാന പി.എ.സി. ചെയർമാൻമാർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

## മൂന്നും നാലും സെഷനുകൾ

ഡിസംബർ 5ന് രാവിലെ നടന്ന മൂന്നാം സെഷൻ 'പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഒരു വികസന പങ്കാളി; ഭരണപരമായ സംവിധാനം ശക്തിപ്പെടുത്താൻ, നല്ല ഭരണത്തിന് പ്രോത്സാഹനം:' എന്ന വിഷയത്തിന്മേലും നാലാമത്തെയും അവസാനത്തെയും സെഷൻ 'പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.യുടെ ഫലസിദ്ധി: നികുതിദായകരുടെ പണത്തിന്റെ മൂല്യവും നടപടിക്രമങ്ങളുടെ കൃത്യതയും ഉറപ്പാക്കി പൗരാവകാശ സംരക്ഷണം' എന്ന വിഷയത്തിന്മേലുമായിരുന്നു.

ലോക്‌സഭാ സ്പീക്കർ അതിഥികൾക്കായി പ്രൗഢ ഗംഭീരമായ വിരുന്നു സൽക്കാരവും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ കലാസാംസ്കാരിക പൈതൃകം വിളിച്ചോതുന്ന സാംസ്കാരിക കലാപ്രകടനവും ഒരുക്കിയിരുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തനവും വിവിധ സെഷനിലെ ചർച്ചകളിൽ ഉയർന്നുവന്ന ആശയങ്ങളും സമഗ്രമായി വിലയിരുത്തപ്പെട്ട സമാപന സമ്മേളനം സമിതിയെ ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി മാറി. ആഘോഷ പരിപാടികൾക്കിടയിൽ കേരള നിയമസഭാ സ്പീക്കർ എം.ബി. രാജേഷ്, നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ എന്നിവർ ലോക്‌സഭാ സ്പീക്കറും ഉദ്യോഗസ്ഥരും നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ ചർച്ചകൾ, പാർലമെന്റും കേരള നിയമസഭയും ഭാവി പ്രവർത്തനങ്ങൾ സംയുക്തമായി ആസൂത്രണം ചെയ്യുന്നതിന് വേദിയായി.

*തയ്യാറാക്കിയത്:*
*ബി.റെജി,*
*ജോയിന്റ് സെക്രട്ടറി*

കെ-റെയിൽ തുടർച്ച ..

തിരുവനന്തപുരം സിറ്റി കാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ്, കെ-റെയിൽ എന്നിവയാണ് അവ. കെ-റെയിൽ ഉൾപ്പെടെയുള്ള പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ജനങ്ങൾ അംഗീകരിച്ചു കഴിഞ്ഞതാണ്. അതുകൊണ്ടു തന്നെ അത് നടപ്പാക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കാനുള്ളവയാണ് എന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തെളിയിച്ചിട്ടുണ്ട്.

ഒരു വൈജ്ഞാനിക നൂതനത്വസമൂഹം എന്ന ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുകയാണ് നാം. അറിവിന്റെ സാർവ്വത്രികമായ വിതരണവും പ്രയോഗവുമാണ് അതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ലോകത്താകെ ഉണ്ടാകുന്ന വൈജ്ഞാനിക വിസ്ഫോടനവും അതിനനുബന്ധമായി രൂപപ്പെടുന്ന തൊഴിൽ സാധ്യതകളും നമ്മുടെ സമൂഹത്തിന് പ്രയോജനപ്രദമാകുന്ന വിധത്തിൽ വിനിയോഗിക്കപ്പെടേണ്ടതുണ്ട്. അതിന്റെ വലിയ ഗുണഭോക്താക്കൾ യുവാക്കളായിരിക്കും എന്നതിൽ തർക്കമില്ല. അവരെ തൊഴിൽസേനയുടെ മാത്രം ഭാഗമാക്കുന്ന തരത്തിലല്ല വൈജ്ഞാനിക സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്. യുവാക്കളെ സംരംഭകരും തൊഴിൽദാതാക്കളും ആക്കാൻ കൂടി ഉതകുന്ന വിധത്തിലാണ് അത് യാഥാർത്ഥ്യമാക്കുന്നത്.

അടുത്ത അഞ്ചു വർഷംകൊണ്ട് നമ്മുടെ നാട്ടിൽ തന്നെ നാൽപത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന് പശ്ചാത്തല സൗകര്യവികസനം ഉണ്ടായേ തീരൂ. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് കിഫ്ബി മുഖേന അൻപതിനായിരം കോടി രൂപയുടെ പശ്ചാത്തലസൗകര്യ വികസന പദ്ധതികളാണ് ലക്ഷ്യമിട്ടത്. എന്നാൽ, 62,500 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞു. അടുത്ത അഞ്ചു വർഷം കൊണ്ടാകട്ടെ 60,000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. അതിനു പുറമെയാണ് കെ-റെയിൽ പോലെയുള്ള വൻകിട പദ്ധതികൾ നടപ്പാക്കുന്നത്. ഒത്തൊരുമയോടെ നീങ്ങിയാൽ അവയെല്ലാം യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിയും.

വലിയതോതിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിച്ചാൽ മാത്രമേ കൂടുതൽ നിക്ഷേപങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകുകയുള്ളൂ. നിക്ഷേപകർ വ്യവസായം തുടങ്ങാൻ നമ്മുടെ സംസ്ഥാനത്തേക്ക് വരുമ്പോൾ മതിയായ ഊർജ്ജ സംവിധാനങ്ങളും ഗതാഗത സംവിധാനങ്ങളും ഇല്ലായെങ്കിൽ അവർ മടങ്ങിപ്പോകും. അതുണ്ടായിക്കൂടാ. അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരിക നമ്മുടെ വരുംതലമുറകളാണ്. ഉന്നതവിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവും സിദ്ധിച്ച വരും തലമുറയ്ക്ക് നമ്മുടെ നാട്ടിൽ തന്നെ അവരുടെ കഴിവുകൾ വിനിയോഗിക്കാനുള്ള അവസരം ഉണ്ടാകണം എന്നാണ് സർക്കാർ കണക്കാക്കുന്നത്. അത് നാടിന്റെ സാമ്പത്തിക - സാമൂഹിക വളർച്ചയ്ക്ക് വലിയ ഉത്തേജനമാകും. ആ നിലയ്ക്ക് നോക്കിയാൽ വരും തലമുറയ്ക്ക് വേണ്ടിയുള്ള ഒരു ഈടുവെയ്പാണ് കെ-റെയിൽ, അഥവാ സിൽവർ ലൈൻ. അതിനെയാണ് വസ്തുതകൾ മനസ്സിലാക്കാതെ പലരും കണ്ണുമടച്ച് എതിർക്കുന്നത്. അതിന് പിന്നിൽ വികസന വിരോധികളായ പല നിക്ഷിപ്ത താൽപര്യക്കാരുണ്ടെന്നത് ഇതിനോടകം വ്യക്തമായിട്ടുണ്ട്. അത്തരക്കാർ നാടിന്റെ പൊതുവായ താൽപര്യത്തിന് വിരുദ്ധമായാണ് നിലകൊള്ളുന്നത്; അവർ നമ്മുടെ കുട്ടികളുടെ ഭാവിയാണ് അപകടത്തിലാക്കുന്നത്.

കെ-റെയിലിനെക്കുറിച്ച് ഏറ്റവുമധികം ഉയർത്തപ്പെടുന്ന ആശങ്ക പൊതുജനങ്ങളുടെ കിടപ്പാടവും ഭൂമിയും നഷ്ടപ്പെട്ടുപോകുമോ എന്നുള്ളതാണ്. സ്വാഭാവികമായും ചിലരുടെ സ്ഥലവും വീടും മറ്റും ഏറ്റെടുക്കേണ്ടിവരും. 9,314 ഓളം കെട്ടിടങ്ങളാണ് പൊളിച്ചുനീക്കേണ്ടതായി വരുന്നതെന്ന് നിലവിൽ പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇവതന്നെ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കുമ്പോൾ പുനരധിവാസനിയമപ്രകാരം ഗ്രാമപ്രദേശങ്ങൾ വിപണിവിലയുടെ പരമാവധി നാലിരട്ടിയും നഗരങ്ങളിൽ രണ്ടിരട്ടിയുമാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. 13,265 കോടി രൂപയാണ് സ്ഥലമേറ്റെടുക്കലിനും നഷ്ടപരിഹാരത്തിനുമായി കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1,730 കോടി രൂപ പുനരധിവാസത്തിനും 4,460 കോടി രൂപ വീടുകളുടെ നഷ്ടപരിഹാരത്തിനുമാണ് നീക്കിവച്ചിരിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷം നടത്തിയ വികസന പ്രവർത്തനങ്ങളിൽ അത്തരത്തിൽ ഭൂമിയോ കിടപ്പാടമോ നഷ്ടപ്പെട്ടവർക്ക് ഉചിതമായ നഷ്ടപരിഹാരം നൽകിയ നിലപാടുതന്നെയാകും കെ-റെയിലിന്റെ കാര്യത്തിലും സർക്കാർ സ്വീകരിക്കുക. പദ്ധതിയുടെ പാരിസ്ഥിതിക ആഘാതവും സാമൂഹിക ആഘാതവുമാണ് മറ്റൊരു ചർച്ചാ വിഷയം. സാമൂഹിക ആഘാത പഠനത്തിന്റെ മുന്നോടിയായി അലൈൻമെന്റിന്റെ അതിർത്തിയിൽ കല്ലിടുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ മൂലമുണ്ടാവുന്ന ആഘാതങ്ങൾ, ബാധിക്കപ്പെടുന്ന കുടുംബങ്ങൾ, നഷ്ടം സംഭവിക്കുന്ന വീടുകൾ, കെട്ടിടങ്ങൾ എന്നിവയുടെ കണക്കെടുക്കും. ഏറ്റവും കുറഞ്ഞ തോതിൽ ആഘാതമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കാനാണ് ഇത് ചെയ്യുന്നത്.

**പ്രകൃതിയെ മറന്നുകൊണ്ടുള്ള വികസനം ഈ സർക്കാരിന്റെ നയമല്ല. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ടു തന്നെയാണ് സദ്ഭരണ സൂചികയിലടക്കം പരിസ്ഥിതി സംരക്ഷണത്തിൽ ഇന്ത്യയിൽ നമ്മൾ ഒന്നാമതെത്തിയത്.**

കെ-റയിൽ പദ്ധതി നമ്മുടെ പരിസ്ഥിതിക്ക് ദോഷമാണ് എന്ന തരത്തിലുള്ള ആശങ്കകൾ ഉയരുന്നത് കണ്ടിട്ടുണ്ട്. ലോകത്താകെ ഏറ്റവും പരിസ്ഥിതി സൗഹൃദമായി കരുതപ്പെടുന്നതാണ് റെയിൽ ഗതാഗതം. നിർദ്ദിഷ്ട സിൽവർ ലൈൻ പാത പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ വന്യജീവി സങ്കേതങ്ങളിലൂടെയോ കടന്നുപോകുന്നില്ല. പുഴകളുടെയും അരുവികളുടെയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല. നെൽപ്പാടങ്ങളിലും തണ്ണീർത്തടങ്ങളിലുമായി 88 കിലോമീറ്റർ പാത തൂണുകളിലൂടെയാണ് കടന്നുപോവുന്നത്. സിൽവർ ലൈൻ വരുന്നതുകൊണ്ട് പരിസ്ഥിതിക്ക് ഉണ്ടാകുന്ന ഏറ്റവും വലിയ നേട്ടം കാർബൺ ബഹിർഗമനത്തിൽ ഉണ്ടാകുന്ന കുറവാണ്. 2025 ൽ പദ്ധതി പൂർത്തിയാവുന്നതോടെ കാർബൺ ബഹിർഗമനത്തിൽ രണ്ട് ലക്ഷത്തി എൺപതിനായിരം ടൺ കുറവുവരുത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

പൂർണ്ണമായും പരിസ്ഥിതി സൗഹൃദ മാതൃകയിൽ നിർമ്മിക്കുന്ന സിൽവർ ലൈൻ പദ്ധതി പൂർത്തിയാകുന്നതോടെ കൂടുതൽ ആളുകൾ റോഡ് മാർഗമുള്ള ഗതാഗത സൗകര്യം ഉപേക്ഷിച്ച് ഇതിലേക്ക് എത്തിച്ചേരും. റോ റോ സംവിധാനത്തിലൂടെ ചരക്കു വാഹനങ്ങളും റോഡുകൾ ഉപയോഗിക്കുന്നത് കുറയ്ക്കാനാവും. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്തിലും കുറവുണ്ടാകും. 500 കോടിയോളം രൂപയുടെ ഫോസിൽ ഇന്ധനങ്ങളുടെ കുറവ് തന്നെയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇങ്ങനെ കാർബൺ ബഹിർഗമനത്തിലും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്തിലും ഉണ്ടാകുന്ന കുറവ് പ്രകൃതിക്കുണ്ടാക്കുന്നത് നേട്ടം മാത്രമാണ് എന്നതാണ് വസ്തുത.

നൂറു ശതമാനം പുനരുപയോഗ സാധ്യതയുള്ള ഇന്ധനങ്ങൾ ഉപയോഗിക്കുക വഴി 2052 ഓടെ 5.95 ലക്ഷം ടൺ കാർബൺ ബഹിർഗമനമാണ് ഇല്ലാതാവുന്നത്. 12,872 വാഹനങ്ങൾ ആദ്യ വർഷം റോഡിൽ നിന്നും പിൻവാങ്ങും. പ്രതിദിനം റോഡ് ഗതാഗതം ഉപയോഗിക്കുന്ന 46,206 പേർ സിൽവർ ലൈനിലേക്ക് മാറും. പ്രകൃതിയെ മറന്നുകൊണ്ടുള്ള വികസനം ഈ സർക്കാരിന്റെ നയമല്ല. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ടു തന്നെയാണ് സദ്ഭരണ സൂചികയിലടക്കം പരിസ്ഥിതി സംരക്ഷണത്തിൽ ഇന്ത്യയിൽ നമ്മൾ ഒന്നാമതെത്തിയത്.

സിൽവർ ലൈനുമായി ബന്ധപ്പെട്ട് പ്രളയഭീതി ഉണർത്തുന്ന തരം പ്രചാരണങ്ങൾ ചില കോണുകളിൽ നിന്നുയരുന്നുണ്ട്. സിൽവർ ലൈനിന്റെ ഭാഗമായി സ്ഥാപിക്കുന്ന എംബാങ്ക്മെന്റ് പ്രളയം സൃഷ്ടിക്കുമെന്നാണ് പ്രചാരണം. കേരളത്തിൽ നിലവിലുള്ള റെയിൽവെ ലൈനുകളും എംബാങ്ക്മെന്റിലാണ് തയ്യാറാക്കിയിട്ടുള്ളത്. അവയൊന്നും ഇതുവരെ വെള്ളപ്പൊക്കം സൃഷ്ടിച്ചിട്ടില്ല. വെള്ളം ഒഴുകിപ്പോകുന്നതിന് പ്രകൃതിദത്തമായുള്ള ചാലുകൾ വിപുലീകരിക്കുകയാണെങ്കിൽ വെള്ളം സ്വാഭാവികമായിത്തന്നെ ഒഴുകിപ്പോകും. ഇത്തരത്തിൽ ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്താതിരിക്കാനുള്ള ഹൈഡ്രോഗ്രാഫിക് സർവ്വെയും പുരോഗമിക്കുകയാണ്.

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ കേരളത്തിലുണ്ടായ പ്രളയങ്ങളുടെയും വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും കണക്കുകൾ എടുത്താണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ പ്രളയം സംബന്ധിച്ച ഭീതി അസ്ഥാനത്താണ്. എംബാങ്ക്മെന്റ് കേരളത്തെ രണ്ടായി വിഭജിക്കും എന്ന വാദവും ശരിയല്ല. ഓരോ അഞ്ഞൂറു മീറ്ററിലും ഓവർബ്രിഡ്ജുകളോ അടിപ്പാതകളോ ഉള്ള തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആകെ ദൂരത്തിന്റെ 25 ശതമാനത്തിലേറെ തൂണുകളിലൂടെയും തുരങ്കങ്ങളിലൂടെയുമാണ് പാത കടന്നുപോകുന്നത്.

കേരളത്തിലെ റെയിൽവെ വികസനം കൊണ്ട് സിൽവർ ലൈനിനു സമാനമായ നേട്ടം കൈവരിക്കാൻ കഴിയുമെന്നാണ് ചിലർ അവകാശപ്പെടുന്നത്. തിരുവനന്തപുരം - മംഗലാപുരം സെക്ഷനിൽ 19 കിലോമീറ്റർ പാത മാത്രമാണ് ഇനി ഇരട്ടിപ്പിക്കാനുള്ളത്. എന്നിട്ടും റെയിൽ ഗതാഗതത്തിന്റെ വേഗത കാര്യമായി വർദ്ധിച്ചിട്ടില്ല. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 626 വളവുകളാണുള്ളത്. ഇവ നിവർത്തിയെടുത്ത് വികസനം സാധ്യമാക്കുക എന്നതു ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ പ്രായോഗികമല്ല.

കേരളം അമ്പതു ശതമാനം ചെലവ് വഹിക്കാൻ സന്നദ്ധതയറിയിച്ച ശബരി റെയിൽപ്പാതയടക്കം ഇപ്പോഴും പ്രാവർത്തികമായിട്ടില്ല. പാലക്കാട്ടെയും ചേർത്തലയിലെയും ഫാക്ടറികളും ആരംഭിച്ചിട്ടില്ല. റെയിൽവേ വികസനത്തിനാകട്ടെ സിൽവർ ലൈനിന് വേണ്ടതിനേക്കാൾ കൂടുതൽ ഭൂമി ആവശ്യമാണ്. സാധാരണ റെയിൽവേ ലൈനുകൾക്ക് ഇരുവശവും 30 മീറ്റർ ബഫർ സോൺ ഉള്ളപ്പോൾ സിൽവർ ലൈനിന് അത് 5 മീറ്റർ മാത്രമാണ്. ഈ കാരണങ്ങളാൽ തന്നെ റെയിൽവേ വികസനം കൊണ്ട് സിൽവർ ലൈനിന്റെ നേട്ടം കൈവരിക്കാമെന്ന വാദം തീർത്തും വസ്തുതാവിരുദ്ധമാണ്.

പദ്ധതിച്ചെലവിനെക്കുറിച്ചും പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തെക്കുറിച്ചും നിരവധി സംശയങ്ങൾ ഉയർന്നു വരുന്നുണ്ട്. 63,941 കോടി രൂപയാണ് സിൽവർ ലൈൻ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. അതിൽ 56,881 കോടി രൂപ അഞ്ചുവർഷം കൊണ്ടാണ് ചെലവാക്കുന്നത്. അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിച്ച് കുറഞ്ഞ പലിശനിരക്കിൽ വായ്പ സ്വീകരിച്ചും കേന്ദ്ര - സംസ്ഥാന വിഹിതങ്ങൾ നിക്ഷേപിച്ചും ഈ പദ്ധതിക്കുള്ള തുക കണ്ടെത്താനാണ് ശ്രമിക്കുന്നത്.

2018 ലാണ് സിൽവർ ലൈൻ പദ്ധതിയുടെ ആസൂത്രണം ആരംഭിക്കുന്നത്. ഒരേസമയം അഞ്ച് പാക്കേജുകളിലായി നിർമ്മാണം നടക്കും. വർഷത്തിലെ 365 ദിവസവും 24 മണിക്കൂർ പ്രവൃത്തി നടക്കും. രണ്ടു കൊല്ലം കൊണ്ട് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാനും അടുത്ത മൂന്നു കൊല്ലം കൊണ്ട് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർത്തിയാക്കാൻ സമയം കൂടുതലെടുക്കുന്തോറും പദ്ധതിയുടെ ചെലവു വർദ്ധിച്ചുകൊണ്ടേയിരിക്കും. നമ്മൾ വൈകുന്ന ഓരോ ദിവസത്തിനും നമ്മൾ തന്നെ പിഴ നൽകേണ്ടി വരുന്ന അവസ്ഥയുണ്ടാവും. അതുകൊണ്ടാണ് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

പദ്ധതിയുടെ പ്രത്യക്ഷമായ ചില നേട്ടങ്ങളിൽ ഏറ്റവും പ്രധാനം യാത്രാ സമയത്തിലുണ്ടാകുന്ന ലാഭമാണ്. ജനസാന്ദ്രതയുള്ള സംസ്ഥാനമെന്ന നിലയിൽ ദേശീയ പാതകളിലും റെയിൽവെയിലും നമ്മുടെ വേഗത മറ്റു സംസ്ഥാനങ്ങളെക്കാൾ കുറവാണ്. റോഡു മാർഗ്ഗം എറണാകുളം മുതൽ തിരുവനന്തപുരം വരെ എത്തിച്ചേരുന്നതിന് ആറു മണിക്കൂർ വരെ എടുക്കുന്ന അവസ്ഥയുണ്ട്. എന്നാലിത് സിൽവർ ലൈനിന്റെ വരവോടെ ഒന്നര മണിക്കൂറായി കുറയും. യാത്രാസമയം ലാഭിക്കുമ്പോൾ പ്രതിദിന മാനുഷിക സമയലാഭം 2.8 ലക്ഷമായാണ് നിലവിൽ കണക്കാക്കിയിട്ടുള്ളത്. ഈ മാനവവിഭവ ശേഷിയെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് വിനിയോഗിക്കാൻ കഴിയും എന്നതാണ് പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണം. ദേശീയപാതാ വികസനത്തെയും സിൽവർ ലൈനിനെയും താരതമ്യം ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ, ഈ താരതമ്യംതന്നെ തെറ്റാണ്. നാലുവരിപ്പാതയെക്കാൾ കുറവ് സ്ഥലവും നിർമ്മാണ സാമഗ്രികളും മതിയാവും സിൽവൽ ലൈനിന് എന്നതാണ് വസ്തുത. 10 വർഷം കഴിയുമ്പോൾ നമ്മുടെ നിരത്തിലെ വാഹനങ്ങളുടെ എണ്ണം ഗണ്യമായി കൂടുകയും വീണ്ടും ദേശീയ പാതാ വികസനം ആവശ്യമായിവരികയും ചെയ്യും. എന്നാൽ സിൽവർ ലൈൻ പദ്ധതി അടുത്ത അൻപതു വർഷത്തേക്കുള്ള ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന വിധത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. കേരളത്തിലെ പ്രധാന വ്യവസായ മേഖലകളായ ഐ.ടി, ടൂറിസം എന്നിവയ്ക്ക് പദ്ധതി വരുന്നതോടെ ഉണ്ടാവുന്ന കുതിപ്പും നമ്മൾ കാണാതെ പോകരുത്. നിർമ്മാണ സമയത്ത് 50,000 തൊഴിവസരങ്ങൾ സൃഷ്ടിക്കാനും, പ്രവർത്തനഘട്ടത്തിൽ 11,000 പേർക്കു തൊഴിൽ നൽകാനും ഈ പദ്ധതിക്കു കഴിയും.

കഴിഞ്ഞ അഞ്ചുവർഷം അടിസ്ഥാനസൗകര്യമേഖലയിൽ അഭൂതപൂർവ്വമായ മുന്നേറ്റമാണ് കേരളത്തിൽ ഉണ്ടായത്. അതിന്റെ ഫലമായി ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിട സൗകര്യം, റോഡ് ഗതാഗതം അടക്കമുള്ള മേഖലകളിൽ നമുക്ക് മുന്നേറാനായി. ഇനി നമുക്ക് വേണ്ടത് വ്യാവസായിക മേഖലയിലെ മുന്നേറ്റമാണ്. അതിന് അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതിവൈകാരികതകളെ മാറ്റിവെച്ച് കാര്യങ്ങളെ വസ്തുനിഷ്ഠമായി സമീപിച്ചുകൊണ്ടു വേണം ഇത്തരം പദ്ധതികളെ വിലയിരുത്തേണ്ടത്. എന്നാൽ മാത്രമേ നമുക്ക് വലിയ തോതിലുള്ള വ്യാവസായിക വളർച്ചയും അതിലൂടെയുള്ള സാമ്പത്തിക മുന്നേറ്റവും കൈവരിക്കാനാവൂ.

Printed and Published by S.V. Unnikrishnan Nair, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers (Pvt) Limited, Gandhari Amman Kovil Road, Thiruvananthapuram and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695033, Editor- M.B. Rajesh